
# ഉഹദ് യുദ്ധം



# ഉഹദ് യുദ്ധം

കെ. ബി. അബൂബക്കർ

## ഗ്രന്ഥകാരന്റെ കൃതികൾ:

ബദർവിജയം
ഉഹദ് യുദ്ധം
ഇസ്ലാം ചരിത്രകഥകൾ
മുസ്ലിം ദാമ്പത്യശാസ്ത്രം
അജ്ഞാതവരൻ
മുസ്ലിം നമസ്കാരക്രമങ്ങൾ
തങ്കക്കിനാവുകൾ
സുന്നത്തുനമസ്കാരങ്ങൾ
സങ്കല്പകുസുമങ്ങൾ
മൌലിദുന്നബിയ്യി
ഇസ്ലാമിക കഥകൾ
മുല്ലമാല
ഹസ്രത്തു് ഈസാ (അ)
ഹസ്രത് മൂസാ (അ)
ഹസ്രത് ഇബ്രാഹിം (അ)
പരിഷ്കരിച്ച പെണ്ണു്
ഇസ്ലാമിക നമസ്കാരം
മിഅ്റാജ്

# ഉഹദ് യുദ്ധം

[പരിഷ്കരിച്ച മൂന്നാംപതിപ്പ്]

KOTTAYAM PUBLIC LIBRARY
70860
KOTTAYAM.

ഗ്രന്ഥകർത്താ:

കെ. ബി. അബൂബക്കർ,

തൃശ്ശൂർ.

വില: 1-25

പ്രസാധകർ:

ആമിനാ ബുക്ക് സ്റ്റാൾ,

തൃശ്ശൂർ-1.

ഒന്നാംപതിപ്പ്  കോപ്പി 1000
1952 ഒക്ടോബർ.
രണ്ടാംപതിപ്പ്  കോപ്പി 1000
1955 ജൂലായ്.
മൂന്നാംപതിപ്പ്  കോപ്പി 1000
1967 മേയ്

M 899

[സർവ്വാവകാശവും ആമിനാ ബുക്ക് സ്റ്റാള്‍ന്]

അച്ചടി:
ആമിനാ പ്രിൻേറഴ്സ്, തൃശ്ശൂർ-1.

[Malayalam]
UHAD YUDDHAM
(HISTORY)
By
K. B. ABOOBACKER

Third Edition Copies 1000
May 1967
Price: Re. 1-25
All Rights to Publishers.
Printed at Amina Printers, Trichur.
Publishers: AMINA BOOK STALL, TRICHUR1-.

# അഭിപ്രായം

ജനാബ് കെ. ബി. അബൂബക്കർ സാഹിബി
ൻെറ പ്രഥമകൃതിയായ "ബദർവിജയം" എന്ന
പുസ്തകം ഞാൻ വായിച്ചുനോക്കി. അപ്രകാരം
ഉഹദ് യുദ്ധത്തെക്കുറിച്ചും നബിതിരുമേനി
(സ)യെ ആശ്രയിച്ച മററു സമരങ്ങളെക്കുറി
ച്ചും പുസ്തകങ്ങളെഴുതിയാൽ നന്നായിരുന്നുവെ
ന്ന് ഞാൻ അദ്ദേഹത്തോടാവശ്യപ്പെടുകയും,
ഉടനെ ഉഹദ്‌യുദ്ധത്തിൻെറ ഒരു പരിഭാഷ
തയ്യാറാക്കുന്നുണ്ടെന്ന് അദ്ദേഹം പറയുകയും
ചെയ്യതനുസരിച്ച് അതു കാണുവാൻ ഞാൻ
ജിജ്ഞാസുവായിതീൎന്നു. ഈ പുസ്തകത്തിൻെറ
കയ്യെഴുത്തുപ്രതി വായിച്ചുനോക്കിയതിൽ ബ
ദർവിജയത്തേക്കാറം കൂടുതൽ വിശിഷ്ടവും,
വിപുലവും ആയിട്ടുണ്ടെന്നു പറയുവാൻ സ
ന്തോഷമുണ്ട്, മുസ്ലിംസമുദായത്തിലുള്ള അറ
ബി പാണ്ഡിത്യം കുറഞ്ഞവൎക്കുപോലും നബി
(സ)യുടേയും, സഹാബികളുടേയും ചയ്തികളെ

ക്കറിച്ചും, ചില നിയമതത്വങ്ങളെക്കുറിച്ചും വളരെ വ്യക്തമായി മനസ്സിലാക്കത്തക്ക സംഗതികഠം ലക്ഷ്യങ്ങഠം സഹിതം ഇതിലുഠംക്കൊള്ളിച്ചിട്ടുണ്ടു്.

അല്ലാഹുവേ! ഈ യുവസാഹിത്യകാരന്നു് ദീർഘായുസ്സ്, ആരോഗ്യം, ഐശ്വര്യം എന്നിവ വർദ്ധിപ്പിച്ചുകൊടുക്കുന്നതിനോടുകൂടെ മുസ്ലിം സമുദായത്തെക്കൊണ്ടും മററും ഈ സാഹിത്യകാരനെ സഹായിപ്പിച്ചു വീണ്ടും ഇങ്ങിനെയുള്ള ഗ്രന്ഥങ്ങഠം രചിക്കുന്നതിന്നു് സഹായിക്കുവാൻ അനുഗ്രഹിക്കേണമേ! ഈ ഗ്രന്ഥം എല്ലാ മുസ്ലിം സഹോദരങ്ങഠംക്കും, മററു ചരിത്രാന്വേഷികഠംക്കും അത്യന്താപേക്ഷിതമാണെന്നു് ഞാൻ അഭിപ്രായപ്പെടുന്നു.

എന്നു്,

തെക്കൻകുററൂർ, — കാടായിക്കൽ

തിരൂർ, — മൊയ്തീൻകുട്ടി ഹാജി

24-10-'52. — (ഒപ്പ്)

# പ്രസ്താവന

പരമകാരുണികനും കരുണാനിധിയുമായ അല്ലാഹു വിൻെറ പരിശുദ്ധനാമത്തിൽ ആരംഭിക്കുന്നു. അഖില ലോകത്തിന്നും അനുഗ്രഹമായി നിയോഗിക്കപ്പെട്ട മുഹമ്മദു മുസ്തഫാ (സ) അവർകളിലും, അവിടുത്തെ സഖാക്കൾ, കുടുംബങ്ങൾ, അനുചരന്മാർ എല്ലാവരിലും അല്ലാഹുവിൻെറ അനുഗ്രഹവും കൃപാകടാക്ഷവും സദാ വർഷിച്ചുകൊണ്ടിരിക്കട്ടെ!

നമ്മുടെ ഭാഷാസാഹിത്യം നിത്യേനയെന്നോണം ഇസ്ലാമികസാഹിത്യത്താൽ പരിപുഷ്ടമായി വരികയാണ്. ഈ വിഷയത്തിൽ കേരളത്തിലെ മുസ്‌ലിം എഴുത്തുകാരും വായനക്കാരും ശ്രദ്ധിച്ചുതുടങ്ങിക്കാണുന്നതു് ശുഭസൂചകമാണ്. പക്ഷെ, ഇനിയും അതു പരിപൂർണ്ണമായെന്നു പറഞ്ഞുകൂടാ. കുറെക്കൂടി സംഘടിതമായ നിലയിൽ ഇസ്‌ലാമിക സാഹിത്യങ്ങൾ പ്രചരിപ്പിക്കുവാൻ ശ്രമിക്കേണ്ടിയിരിക്കുന്നു.

കുറച്ചുമുമ്പു് ഞാൻ പ്രഥമമായി എഴുതിയ "ബദർ വിജയം" എന്ന പുസ്തകം മിക്കവാറും വിററുതീൎന്നു് രണ്ടാം പതിപ്പു് ആവശ്യമായി വന്നിരിക്കുന്നു. ആ പുസ്തകം വാങ്ങി വായിച്ചും മററുവിധത്തിലും മുസ്ലിംസമുദായം എന്നെ പ്രോത്സാഹിപ്പിച്ചുവെന്നു് സന്തോഷസമന്വിതം പ്രസ്താവി

ച്ചുകൊള്ളട്ടെ. അതിനെത്തുടർന്ന് ഗദ്യത്തിലും പദ്യത്തിലു മായി മൂന്നു പുസ്തകങ്ങൾകൂടി എൻെറ പ്രസിദ്ധീകരിച്ചി ട്ടുണ്ട്. അവകൾക്കും രണ്ടാംപതിപ്പ് ആവശ്യമായിട്ടുണ്ട്.

ഇപ്പോഴിതാ "ഉഹദ്‌യുദ്ധം" എന്ന ഈ പുസ്തകവും കേരളീയ മുസ്‌ലിംകളുടെ ഹസ്തങ്ങളിലേക്കയച്ചുകൊള്ളുന്നു. തെററുകൾ പററാതിരിക്കുവാനും, അഭിപ്രായവ്യത്യാസങ്ങ ളെ കഴിയുന്നതും ഇല്ലാതാക്കുവാനും ഞാൻ ശ്രമിച്ചിട്ടുണ്ട്. ചരിത്രത്തോടനുബന്ധമായ ചില ഉപകഥകൾ കൂടി ഇതി ലടങ്ങിയിട്ടുണ്ട്. ഭാഷ എൻെറ മററു പുസ്തകങ്ങൾപോലെ ലളിതവുമാണ്.

തികഞ്ഞൊരു പണ്ഡിതൻ, പ്രസിദ്ധ വാഗ്മി, അ ങ്ങോളമിങ്ങോളം പ്രസംഗങ്ങൾ ചെയ്തു എല്ലാവർക്കും സുപ രിചിതൻ, ചരിത്രങ്ങളെ വിശിഷ്യ സമരചരിത്രങ്ങളെ ഗവേഷണപരമായി പഠിച്ച വ്യക്തി എന്നീ നിലകളിൽ സുപ്രസിദ്ധനാണ് ജനാബ് ഹാജി മൊയ്തീൻകുട്ടി സാ ഹിബ്. വാർദ്ധക്യത്തിൻെറ വെള്ളിക്കമ്പിചൂടിയ അദ്ദേഹം യുവസഹജമായ പ്രസരിപ്പോടെ ഈ പുസ്തകം വായിച്ചു നോക്കി പ്രൌഢമായൊരഭിപ്രായംകൊണ്ട് ഇതിനെ അല ങ്കരിച്ചതിന്ന് ഞാൻ അദ്ദേഹത്തോടു കൃതജ്ഞത പറഞ്ഞു കൊള്ളുന്നു.

എറ്റ്നാമാക്കൽ, എന്നു്,

30-12-'52. കെ. ബി. അബൂബക്കർ.

ഹിജറ മൂന്നാംവൎഷം ശവ്വാൽമാസം 7-ാംനു-യാണു് ഉഹദ്‌യുദ്ധം നടന്നതു്. 11-ാംനു-യാണെന്നും നിവേദനങ്ങളുണ്ടു്. ഹിജറ നാലാംവൎഷത്തിലാണെന്ന അഭിപ്രായക്കാരുമുണ്ടു്. മൂന്നാംവൎഷത്തിലാണെന്ന അഭിപ്രായത്തിനു് പ്രാബല്യമുണ്ടു്.

മക്കയിലെ അവിശ്വാസികൾക്കു് ബദറിൽ ഭവിച്ച പരാജയംതന്നെയാണു് ഉഹദ് യുദ്ധത്തിന്നു കാരണം. മദീനയിൽ പ്രസിദ്ധപ്പെട്ട ഒരു മലയുടെ പേരാണു് ഉഹദ് * എന്നതു്. മദീനയിൽനിന്നു് ഈ മലയിലേക്കു രണ്ടു നാഴിക ദൂരമുണ്ടു്. മൂസാനബി (അ) യുടെ സഹോദരൻ ഹാറൂൻ നബി (അ) യെ ഈ മലയിലാണു് സംസ്കരിച്ചിട്ടുള്ളതു്.

അബ്ദുല്ലാഹിബ്നു റബീഅത്തു്, സഫ്‌വാനുബ്നു ഉമയ്യത്തു്, ഇക്ക്‌രിമത്ത്ബ്നു അബീജഹൽ എന്നിവർ ചേൎന്നു് അബൂസുഫ്‌യാനെ സമീപിച്ചു് ബദറിൽ തങ്ങൾക്കു നേരിട്ട പരിതാപകരമായ പരാജയത്തെയും,

* ഉഹദ് എന്നാൽ ഏകമായതു് എന്നൎത്ഥമാണു്. ഈ മല ഒററയായി സ്ഥിതിചെയ്യുന്നു.

അതിന്നു പ്രതികാരം ചെയ്യേണ്ടതിന്റെ ആവശ്യകതയെയും സംബന്ധിച്ചു ഗൌരവപൂർവ്വം ചർച്ചചെയ്തു. ബദർ യുദ്ധത്തിന്നു കാരണമായിത്തീർന്ന അബൂസുഫ്‌യാന്റെ നേതൃത്വത്തിൽ വന്നിരുന്ന കച്ചവടസാധനങ്ങൾ, വ്യസനപാരവശ്യത്താൽ ഉടമസ്ഥന്മാർ ഓഹരിചെയ്യപ്പെടുക്കാതെ "ദാറുന്നദ്‌വത്തു്" എന്ന പൊതുമന്ദിരത്തിൽ സൂക്ഷിച്ചിരിക്കുകയായിരുന്നു. മേൽ പ്രസ്താവിച്ച വ്യക്തികൾകൂടി, കച്ചവടസ്വത്തുക്കളിൽ കൂടുതൽ പങ്കുള്ള ആളുകളെ ഒരുമിച്ചു കൂട്ടി ആലോചിച്ചു. അവരിൽ ഒരാൾ പറഞ്ഞു:

"ബഹുമാന്യരെ! മുഹമ്മദ് നമ്മുടെ പിതാക്കന്മാർ, പുത്രന്മാർ, സഹോദരന്മാർ എന്നിവരെ നിർദ്ദാക്ഷിണ്യം വധിച്ചു എന്നു മാത്രമല്ല, നമ്മിൽ പലരേയും തടവുകാരാക്കുകയും, നമ്മെ അപമാനിക്കുകയും, നമുക്ക് വമ്പിച്ച നഷ്ടങ്ങൾക്കിടയാക്കുകയും ചെയ്തു. അതിന്നു് പ്രതികാരം ചെയ്യാതിരിക്കൽ വീരോചിതമല്ല. നാം അതിന്നു പ്രതികാരം ചെയ്തിട്ടുമില്ല. അതിനാൽ ഈ സ്വത്തുക്കൾ ആ പുതിയ മതം പ്രസംഗിക്കുന്ന അക്രമികളോട്ട് യുദ്ധംചെയ്യാൻ ഉപയോഗിക്കേണ്ടതാണു്. അങ്ങിനെ നമ്മുടെ നഷ്ടപ്പെട്ട ബഹുമാനം വീണ്ടെടുക്കാൻ നിങ്ങൾ ശ്രമിക്കേണ്ടതു് അത്യന്താപേക്ഷിതമാണു്.

അബൂസുഫ്‌യാൻ: അതെ! ഞാൻ അതിന്നു് സന്നദ്ധനാണു്. എന്നുമാത്രമല്ല, അബ്ദുമനാഫിന്റെ സന്താനങ്ങളിലാരും ഇതിനെ അനുകൂലിക്കാതിരിക്കയില്ല.

അവിടെ സന്നിഹിതരായിരുന്ന മററെല്ലാവരും ഇതിനെ സ്വീകരിച്ചു. കച്ചവടത്തിന്നിറക്കിയിരുന്ന തുക അ

മ്പതിനായിരം പൊന്നായിരുന്നു; നൂറു ശതമാനം ലാഭവും ലഭിച്ചിരുന്നു. മുടക്കിയിരുന്ന അമ്പതിനായിരം അവകാശികൾക്കു ഭാഗിച്ചുകൊടുക്കുകയും, ലാഭം കിട്ടിയ അമ്പതിനായിരംകൊണ്ടു് സമരസന്നാഹം ചെയ്യുകയും ചെയ്തു. ഇതു സംബന്ധിച്ചു് ഖുർആൻ പറയുന്നു: "അല്ലാഹുവിൻെറ മാർഗ്ഗത്തെ എതുക്കന്നതിന്നു് കാഫിരീങ്ങൾ അവരുടെ സ്വത്തുക്കളെ ചിലവഴിക്കുന്നു. അതവക്കു് നഷ്ടവും പരാജയവുമാണു്."

അനന്തരം ഖുറൈശികൾ ബദർയുദ്ധത്തിന്നു പുറപ്പെട്ടപ്പോൾ നോക്കിയ "അസ്ലാം" എന്ന കണക്കു് നോക്കി. ഈ പ്രാവശ്യം കണക്കു് കാണിച്ചതു് വിജയത്തെയായിരുന്നു. അവർ ആനന്ദതുന്ദിലരായി. സഫ്വാനുബ്നു ഉമയ്യത്തു് അബൂഉസ്സ എന്നവനോടു് പറഞ്ഞു: "അബാ ഉസ്സാ! നിങ്ങൾ വലിയ കവിയല്ലേ? നാവുകൊണ്ടു് ഞങ്ങളെ സഹായിക്കുക. നിങ്ങൾ ശേഷിക്കുകയാണെങ്കിൽ ഞാൻ നിങ്ങളെ ധനികനാക്കാം. അല്ലാത്തപക്ഷം നിങ്ങളുടെ പുത്രികളെ എൻെറ പുത്രികളെപ്പോലെ സംരക്ഷിച്ചു കൊള്ളാം."

അബൂ ഉസ്സ: ബദറിൽ എന്നെ തടവുകാരനാക്കി. മേലിൽ മസ്ലിംകൾക്കെതിരായി യാതൊന്നും പ്രവത്തിക്കുകയില്ലെന്ന നിശ്ചയത്തിന്മേലാണു് എന്നെ വിട്ടയച്ചതു്. അതുകൊണ്ടു് ഞാൻ പരസ്യമായി പ്രവത്തിക്കുകയില്ല.

രഹസ്യമായി മതി എന്നു നിശ്ചയിച്ചു് അബൂ ഉസ്സയും മസാഫിഹ് എന്നൊരു കവിയും കൂടി പുറപ്പെട്ടു.

ഇവർ രണ്ടുപേരും കവിതകൊണ്ടു് ജനങ്ങളെ ഇളക്കിവിട്ടു. സാഹിത്യരസികന്മാരായിരുന്ന അറബികളെ ആവേശമൂട്ടാൻ കവിതയ്ക്കു് കവിഞ്ഞ കഴിവുണ്ടായിരുന്നു. ജുബൈറുബ്നുമുഅത്തിം അദ്ദേഹത്തിന്റെ അബ്സീനിയൻ അടിമയായ വഹ്ശിയേയും യുദ്ധത്തിന്നു പറഞ്ഞയച്ചു. ചവളം എറിയുവാൻ പ്രത്യേകം പരിശീലിച്ചിട്ടുള്ള ആളായിരുന്നു. വഹ്ശിയുടെ ഉന്നം പിഴക്കൽ അസാധാരണമാണു്. വഹ്ശിയോടു് ജുബൈർ പറഞ്ഞു: "നീ സൈന്യത്തോടൊപ്പം പോകണം. മാത്രമല്ല, ഏതുവിധേനയെങ്കിലും ഹംസത്ത്ബ്നു അബ്ദുൽ മുത്തലിബിനെ വധിക്കണം. ബദറിൽവെച്ചു എന്റെ പിതൃവ്യനെ വധിച്ചതിന്നു പകരം മുഹമ്മദിന്റെ പിതൃവ്യനെ! എന്നാൽ ഞാൻ നിന്നെ സ്വതന്ത്രനാക്കാം." ഉതൈബത്തിന്റെ പുത്രി ഹിന്ദാണു് ഇങ്ങിനെ പറഞ്ഞതെന്നും മുഹമ്മദിനെ അല്ലെങ്കിൽ ഹംസയെ, അതുമല്ലെങ്കിൽ അലിയെ എന്നാണു് പറഞ്ഞതെന്നും ഭിന്നാഭിപ്രായങ്ങളുണ്ടു്. വഹശി സമ്മതിച്ചു പുറപ്പെട്ടു.

അവരുടെ സൈന്യം കൊട്ടു്, കുഴൽ, ദഫ്, വീണ മുതലായ ഉപകരണങ്ങളോടും, മദ്യപാനം മുതലായ ആഭാസത്തരങ്ങളോടുംകൂടി പുറപ്പെട്ടു. ഖുറൈശിസൈന്യങ്ങളിൽ പ്രധാനികളുടെ പത്നിമാരായ പതിനഞ്ചു സ്ത്രീകളുമുണ്ടായിരുന്നു. സൈന്യത്തിൽ അബൂസുഫ്‌യാന്റെ പത്നിയും ഉത്ത്ബത്തിന്റെ പുത്രിയുമായ ഹിന്ദ്, ഇക്കിരിമത്തിന്റെ ഭാര്യയും താരിക്കിന്റെ മകളുമായ ഉമ്മുഹക്കീം, ഹിശാമിന്റെ രമണി മുഗീറത്തു് മകൾ ഫാത്തിമ, മുനബ്ബഹിന്റെ

പുത്രിയും അംറിൻെറ ഭാൎയ്യയുമായ റൈത്തത്ത്‌ എന്നിവരായിരുന്നു അതിൽ മുഖ്യ വനിതകറ. ഈ സ്ത്രീകറ ബദറിൽ വധിക്കപ്പെട്ട തങ്ങളുടെ സഹോദരങ്ങളുടെ പേരുകറ പറഞ്ഞു്‌ വിലപിക്കുകയും, അവരുടെ വീൎയ്യശൂരതകളെ പ്രശംസിക്കുകയും, പുരുഷന്മാരെ യുദ്ധത്തിന്നു പ്രോത്സാഹിപ്പിക്കുകയും ചെയ്തുകൊണ്ടിരുന്നു. കരളലിയിക്കുന്ന ഗാനങ്ങളാലും, മനം കവരുന്ന നൃത്തങ്ങളാലും അവർ സൈന്യങ്ങളെ ആജ്ജവപ്പെടുത്തിക്കൊണ്ടിരുന്നു.

മക്കയിൽനിന്നു്‌ ഖുറൈശിസൈന്യം 5-ാംനു- ബുധനാഴ്ച പുറപ്പെട്ടു. ഈ വിവരം മക്കയിലുണ്ടായിരുന്ന ഹ: അബ്ബാസ്‌ (റ) എഴുത്തുമൂലം നബിതിരുമേനി (സ) യെ രഹസ്യമായി അറിയിച്ചു. ഖുറൈശികറ അബ്ബാസ്‌ (റ) വിനെ യുദ്ധത്തിന്നു ക്ഷണിച്ചുവെങ്കിലും അദ്ദേഹം അനുസരിച്ചില്ല. ബദറിൽനിന്നുണ്ടായ ക്ഷീണം തീൎന്നിട്ടില്ലെന്നാണ്‌ ഹ: അബ്ബാസ്‌ (റ) ഒഴിവുപറഞ്ഞതു്‌. അബ്ബാസ്‌ (റ) ധനംകൊണ്ടും അവരെ സഹായിച്ചില്ല. ബനീഗഫാർ ഗോത്രക്കാരനായ ഒരാളെ അബ്ബാസ്‌ (റ) കൂലികൊടുത്തു മൂന്നു ദിവസംകൊണ്ടു്‌ മദീനയിലെത്തേണമെന്നു നിശ്ചയിച്ചാണ്‌ എഴുത്തു കൊടുത്തയച്ചതു്‌. അപ്രകാരം സന്ദേശവാഹകൻ മദീനയിലെത്തിയപ്പോറ നബിതിരുമേനി (സ) കുബാ പള്ളിയിലുണ്ടായിരുന്നു. തിരുമേനി എഴുത്തു വാങ്ങി മുദ്ര പൊളിച്ചു വായിക്കുവാനായി ഉബയ്യ്‌ബ്‌നു കഅബ്‌ (റ) വിനെ ഏല്പിച്ചു. അദ്ദേഹം എഴുത്തു വായിച്ചു. വിവരം അറിഞ്ഞശേഷം ഇതു രഹസ്യമായിരിക്കണം എന്നു പറഞ്ഞു തിരുമേനി (സ) അവിടെനിന്നു പോന്നു. അന്ന

ന്തരം തിരുമേനി (സ) സഅദ്ബ്ന റബീഅ് (റ) വിനെ കണ്ടു് എഴുത്തു ലഭിച്ച വിവരം പറയുകയും, രഹസ്യമായിരിക്കേണമെന്നു പറഞ്ഞു് പോരുകയും ചെയ്തു. തദനന്തരം സഅ്ദ് (റ) വിനോടു് അദ്ദേഹത്തിൻെറ ഭാര്യ ചോദിച്ചു: "തിരുമേനി നിങ്ങളോടു പറഞ്ഞതെന്താണു്."

സഅദ് (റ): എൻെറ പുത്രമാതാവെ! നിനക്കു് അമ്മയില്ലാതിരിക്കട്ടെ.* നിനക്കു് അന്വേഷിക്കേണ്ട ആവശ്യമില്ല.

പത്നി: ഞാൻ കേട്ടു. ഖുറൈശികൾ യുദ്ധത്തിന്നു പുറപ്പെട്ടെന്നല്ലേ?

സഅദ് (റ) "ഇന്നാലില്ലാഹി ഒഇന്നാഇലൈഹി റാജിഊൻ"1 എന്നു പറഞ്ഞു് ആ സ്ത്രീയുടെ കയ്യും പിടിച്ചു് നബിതിരുമേനി (സ) യുടെ അടുത്തുചെന്നു് ഇപ്രകാരം പറഞ്ഞു: "യാറസൂലല്ലാ! അങ്ങു് രഹസ്യമായി പറഞ്ഞ കഥ പരസ്യമാകുന്നതിനെ ഞാൻ ഭയപ്പെടുന്നു. അതെല്ലാം ഇവൾ കേട്ടിരിക്കുന്നു. കഥ പുറത്തുവരുമ്പോൾ ഞാൻ പ്രചരിപ്പിച്ചതാണെന്നു് അങ്ങു ധരിക്കുന്നതിൽ അതിയായ വ്യസനമുണ്ടു്." ആ സ്ത്രീയെ വിട്ടയയ്ക്കുവാൻ അവിടുന്നു് അരുളുകയും വിട്ടയയ്ക്കുകയും ചെയ്തു.

---

* ഇതൊരു പഴമൊഴിയാണു്. ദുഷിച്ച വാർത്ത ശ്രവിച്ചാൽ അറബികൾ ഇങ്ങനെ പറയും.

1 വ്യസനകരമായ സന്ദർഭത്തിലെല്ലാം മുസ്‌ലിംകൾ ഈ ആയത്തു് ഓതേണ്ടതാണു്. "നാം അല്ലാഹുവിൽനിന്നുള്ളവരാകുന്നു. നാം അവങ്കലേയ്ക്കു് മടങ്ങുന്നവരുമാണു്" എന്നാണു് ഈ ആയത്തിൻെറ അർത്ഥം.

ഖുറൈശികൾ ആഡംബരമാന്ന വസ്ത്രാലങ്കാരങ്ങളോടുകൂടിയാണു് പുറപ്പെട്ടതു്. അവക്കു് ഇരുന്നൂറു് അശ്വഭടന്മാരും, അങ്കി ധരിച്ച എഴുന്നൂറു യോദ്ധാക്കളും, മുവ്വായിരം ഒട്ടകങ്ങളും, ആവശ്യത്തിലധികം ആഹാരസാധനങ്ങളും ഉണ്ടായിരുന്നു. അബൂആമിറുറാഹിബും ഔസിഗോത്രക്കാരിൽനിന്നു് എഴുപതു് അശ്വഭടന്മാരും "അഹാബീശു്"* എന്ന കൂട്ടരും ഉണ്ടായിരുന്നു. അവർ ആകെ മുവ്വായിരം പേരുണ്ടായിരുന്നു.

അബൂസുഫ്‌യാൻെറ ഭാര്യ ഹിന്ദു് വളരെ അഹംഭാവത്തോടും ആഡംബരത്തോടും കൂടിയാണു് യാത്രചെയ്യുന്നതു്. അവർ പറയുകയാണു്: "എൻെറ പിതാവു് ഉത്ത്ബത്തിനെ വധിച്ച ഹംസയുടെ കരൾ എൻെറ കരങ്ങളിൽ ലഭിച്ചാൽ ഞാൻ അനവധി നേച്ച്കൾ കഴിക്കും. തീച്ച്! ദേവന്മാരെ! അതു് സാധിപ്പിക്കേണമെ!"

അമുസ്ലിംസൈന്യം അബവാഇൽ എത്തി. ഹിന്ദ് നബിതിരുമേനി (സ) യുടെ മാതാവിൻെറ കബർ—ശവകുടീരം—പൊളിക്കേണമെന്നു് അഭിപ്രായപ്പെട്ടു. മററു ചിലർ അതിനെ എതിക്കുകയാൽ കബർ പൊളിക്കുകയുണ്ടായില്ല. അവരുടെ സൈന്യാധിപൻ ബദറിൽ നാം കണ്ട അബൂസുഫ്‌യാനായിരുന്നു. സൈന്യങ്ങൾ അവിടെ നിന്നും പുറപ്പെട്ടു് മദീനയ്ക്കടുത്ത ഉഹദിന്നു് സമീപം ദുൽഹുലൈഫ എന്ന സ്ഥലത്തിറങ്ങി. ഇവിടെവെച്ചാണു് മദീനക്കാർ ഹജ്ജിന്നു് ഇഹ്റാം കെട്ടുന്നതു്. ശവ്വാൽ

---

* ബനൂൽ മുസ്തലക്കു് എന്നും ബനൂൽ ഹൌനി എന്നും പേരായ രണ്ടു ഗോത്രങ്ങളെയാണു് അഹാബീശു് എന്നു പറയുന്നതു്.

12-ാംനു- ബുധനാഴ്ചയാണ് അവർ അവിടെ ഇറങ്ങിയതു്. ബുധൻ, വ്യാഴം, വെള്ളി എന്നീ മൂന്നു ദിവസം അവിടെ താമസിച്ചു.

നബിതിരുമേനി (സ) രണ്ടു ചാരന്മാരെ അയച്ച് അവരിൽനിന്നു് ഈ വിവരം അറിഞ്ഞു. ഈ വെള്ളിയാഴ്ച ജുമുഅ നമസ്കാരാനന്തരം നബി (സ) യും സഹാബാക്കളും പുറപ്പെട്ടു. ഈ ശവ്വാൽ 13-ാംനു- വ്യാഴാഴ്ച രാത്രി നബിതിരുമേനി (സ) ഒരു സ്വപ്നം കാണുകയുണ്ടായി. അടുത്ത പ്രഭാതത്തിൽ സുബ്ഹി നമസ്കാരാനന്തരം അവിടുന്നു് അനുയായികളോട് പറഞ്ഞു: "ഈ കഴിഞ്ഞ രാത്രി ഞാനൊരു സ്വപ്നം കണ്ടു. ഒരു കൂട്ടം പശുക്കളെ അറുക്കുന്നതായും, എന്റെ ദുൽഫക്കാർ വാളിന്റെ മൂച്ചയുള്ള ഭാഗത്തു് ഒരു പൊട്ട് പൊട്ടിയതായും, അതെന്നെ അസഹ്യപ്പെടുത്തിയതായും കണ്ടു. ഞാൻ നല്ലൊരു സ്ഥലത്തു് കടന്നതായും ഒരു സൈന്യധിപനുമായി നേരിട്ടതായും സ്വപ്നമുണ്ടായി." അവിടുന്നുതന്നെ അതിനെ ഇപ്രകാരം വ്യാഖ്യാനിച്ചു: "അറുക്കപ്പെട്ട പശുക്കൾ എന്റെ അനുയായികളിൽനിന്നു് കൊല്ലപ്പെടുന്നവരും, വാളിന്മേൽ കണ്ട പൊട്ട് എന്റെ കുടുംബത്തിന്നു നേരിടുന്ന ആപത്തും, നല്ല സ്ഥലം മദീനയും ആയിരിക്കും." ഈ സ്വപ്നം അതുപ്രകാരം അനുഭവിച്ചതായി നമുക്ക് കാണാം. വാളിന്നു് പററിയ പൊട്ട് നബിതിരുമേനി (സ) യുടെ പല്ലിന്നു് പററിയ പരുക്കായും വ്യാഖ്യാനിക്കാം. അവിടുന്നു് അസ്ഹാബികളോട് അരുൾചെയ്തു: "ഈ യുദ്ധത്തിൽ നമുക്ക് വിഷമതകളുണ്ടാവും. നിങ്ങൾ മദീനയിൽതന്നെ നില്ക്കുക.

ശത്രുക്കൾ ഇവിടെ പ്രവേശിച്ചാൽ എതിക്കാം. അതിന്നുള്ള സന്നാഹങ്ങൾ സജ്ജീകരിക്കുകയും ചെയ്യാം. അല്ലാത്തപക്ഷം ക്ഷമിക്കാം. അപ്പോൾ അവർ വെറുതെ മടങ്ങിക്കൊള്ളും."

"നബിതിരുമേനി (സ) അബ്ദുല്ലാഹിബ്നുഉബയ്യ് എന്ന മുനാഫിക്ക് മൂപ്പനെ വിളിച്ച് അയാളുമായി ആലോചിച്ചു. അയാളും അനുയായികളും നിഷ്പക്ഷത പാലിക്കുവാനാണ് യഥാർത്ഥത്തിൽ ആഗ്രഹിച്ചിരുന്നതു്. പക്ഷെ അയാൾ തിരുമേനിയുടെ അഭിപ്രായത്തെ അനുകൂലിച്ചു സംസാരിച്ചു. ഈ അവസരത്തിൽ ബദറിൽ പങ്കെടുക്കുവാൻ സാധിച്ചിട്ടില്ലാത്ത സഹാബികൾ പറഞ്ഞു: "യാ റസൂലല്ലാ! ഇപ്പോൾതന്നെ ഞങ്ങളേയുംകൊണ്ടു് അവിടുന്ന് ശത്രുക്കളുടെ നേരെ പുറപ്പെടുവാൻ ഞങ്ങളാഗ്രഹിക്കുന്നു." അൻസാരികൾ പറയുകയാണ്: "അല്ലയോ നബിയെ! ഞങ്ങളോടെതിർത്ത് ശത്രുക്കൾ ജയിക്കുക എന്നതു് പതിവില്ല. വിശിഷ്യ അവിടുന്നു ഞങ്ങളുടെ കൂടെ ഉണ്ടായിരിക്കുമ്പോൾ അതെങ്ങിനെ ഉണ്ടാകുവാനാണ്." ഹ: ഹംസ (റ), ഹ: സഅദ്ബ്നുഉബാദത്ത് (റ), ഹ: നുഅമാനുബ്നുമാലിക്ക് (റ) എന്നിവർ പറഞ്ഞു: "അല്ലയോ അന്ത്യപ്രവാചകാ! ശത്രുക്കളെ ഭയപ്പെട്ട് നാം പിന്മാറുന്നുവെന്നു പറഞ്ഞു് ശത്രുക്കൾ നമ്മെ പരിഹസിക്കുന്നതിനെ ഞങ്ങൾ ഭയപ്പെടുന്നു. അതവരെ അഹംഭാവികളാക്കിത്തീർക്കുവാനും ഇടയുള്ളതാണ്." ഹ: ഹംസ (റ) വീണ്ടും പറഞ്ഞു: "അങ്ങേക്കു് ഗ്രന്ഥം നല്കിയ അല്ലാഹുവാണെ! എൻെറ വാളിനെ മദീനക്കു പുറത്തുവെച്ചുതന്നെ

അവക്ക് കാണിച്ചുകൊടുത്തല്ലാതെ ഞങ്ങഠം ഭക്ഷിക്കുക യില്ല." ഹ: നഅമാൻ (റ) പറഞ്ഞു: "നബീയെ! ഞ ങ്ങഠംക്ക് സ്വർഗ്ഗത്തെ തടയരുത്. അല്ലാഹുവാണെ! ഞാൻ സ്വർഗ്ഗത്തിൽ പ്രവേശിക്കും."

നബി (സ): എന്തുകൊണ്ട്?

നഅമാൻ: ഞാൻ അല്ലാഹുവിനേയും അന്ത്യപ്രവാചകനേ യും സ്നേഹിക്കുന്നു. സമരത്തിൽ സ്വദേഹത്തെ തൃണ വൽഗണിച്ചു ഞാൻ ശത്രുക്കളിൽ അടരാടും.

നബി (സ): നിങ്ങഠം സത്യം പറഞ്ഞു.

സ്വപ്നത്തിൻെറ ദുർലക്ഷണത്താലും, ഒഹ്‌യില്ലായ്ക യാലും അവിടുന്ന് ആദ്യം വേണ്ടെന്നു കരുതിയെങ്കിലും അ നുയായികളുടെ പ്രേരണയാലും, ഭൂരിപക്ഷാഭിപ്രായത്തെ അംഗീകരിച്ചും യുദ്ധത്തിന്നു പുറപ്പെടുവാൻതന്നെ തീരുമാ നിച്ചു. നബി (സ) ജുമുഅ നമസ്കാരാനന്തരം സഖാക്ക ളോട് യുദ്ധാവശ്യങ്ങളെ പുരസ്കരിച്ചു പ്രസംഗിച്ചു. ഉത്സാ ഹശീലരായിരിക്കുവാനും, ആവശ്യങ്ങളെ നിർബ്ബന്ധത്തോടു കൂടി സമീപിക്കുവാനും, വിഷമങ്ങളെ സഹനംകൊണ്ട് നേ രിടുവാനും, ഓരോരുത്തക്കും സേവനാനുസരണം പ്രതിഫലം ലഭിക്കുമെന്നും അവിടുന്ന് ആ പ്രസംഗത്തിൽ ഉൽബോധി പ്പിച്ചു.

ആയോധനത്തിന്ന് അനുവാദമായി. അസഹാബി കഠംക്ക് ആഹ്ലാദമായി. ആഡംബരമായ അവനിയോട് അവക്കുള്ള ആശ അസ്തമിക്കുകയും, ശാശ്വതജീവിതവാടി യായ സ്വർഗ്ഗീയജീവിതത്തിന്നും, അല്ലാഹുവിൻെറ തൃക്കാഴ്ച കൊള്ളെയും അവരുടെ ആഗ്രഹം ആഞ്ഞടുക്കുകയും ചെയ്തു.

നബി (സ) യും അനുചരന്മാരും ചേൎന്ന് "അസർ" നമസ്കരിച്ചു. ആ ധൎമ്മഭടന്മാരെല്ലാം ഒരുമിച്ചുചേൎന്നു. തിരുമേനി (സ) ഗൃഹത്തിൽ കടന്നു. അവിടുത്തെ വിശ്വസ്തസേവകന്മാരായ ഹസ്രത്തു് അബൂബക്കർ സിദ്ദീഖും (റ), ഹസ്രത്തു് ഉമർ ഫാറൂക്കും (റ) ഒരുമിച്ചു് അകത്തു പ്രവേശിച്ചു. നബിതിരുമേനി (സ) യുദ്ധവസ്ത്രങ്ങൾ ധരിച്ചു. മേലങ്കി പൂട്ടി. ഹ: അബൂബക്കറും (റ) ഹ: ഉമറും (റ) അവിടുത്തെ സഹായിച്ചു. നബി (സ) യെ പ്രതീക്ഷിച്ചു് സഹാബികൾ വരിവരിയായി നിന്നു. അപ്പോൾ സഅ്ദ് ബ്നുമആദ് (റ), ഉസൈദ്ബ്നുഹളീർ (റ) എന്നിവർ പറഞ്ഞു: "നിങ്ങൾ നബിതിരുമേനി (സ) യെ പ്രേരിപ്പിച്ചു പുറപ്പെടുവിച്ചതാണു്. അതിനാൽ നിങ്ങളുടെ അഭിപ്രായങ്ങൾ വ്യക്തമായി പറയണം." സഅദ് (റ) അൻസാരികളുടെ നേതാവാണു്. തിരുമേനി (സ) ഒരുങ്ങി പുറത്തുവന്നപ്പോൾ അവിടുത്തെ പ്രോത്സാഹിപ്പിച്ചവർ വീണ്ടും പറഞ്ഞു: "ഞങ്ങൾ അങ്ങയുടെ അഭിപ്രായത്തിന്നു് എതിരാവുകയില്ല. അവിടുത്തെ യുക്തം പ്രവൎത്തിക്കാം."

നബിതിരുമേനി (സ) പറഞ്ഞു: "യുദ്ധസന്നാഹം ചെയ്തശേഷം ഭീരുത്വംകൊണ്ടോ മറ്റോ അതിൽനിന്നു പിന്മാറുക എന്നതു് ഒരു പ്രവാചകനും ഭൂഷണമല്ല. അല്ലാഹു നമ്മുടേയും അവരുടേയും ഇടയിൽ കല്പിച്ചതിനെ നടത്തുക തന്നെ ചെയ്യും." നബിതിരുമേനി (സ) അന്നു് പ്രത്യേകം ഒരുങ്ങി. ദാത്തുൽഫുളൂൽ എന്നും ഫിസ്സത്തു് എന്നും പേരായ അവിടുത്തെ രണ്ടു അങ്കികളും മേല്ക്കുമേൽ അണിഞ്ഞു. തോൽകൊണ്ടുള്ള മിൻതിക്ക എന്ന ബെൽട്ടുകൊണ്ടു് അര

മുറുക്കി. വാഠം പിടിച്ചു വില്ല് പുറകിൽ തൂക്കി. പരിച പുറത്തിട്ടു. ആവനാഴി കയ്യിൽ പിടിച്ചു. സകബ് എന്ന കുതിരമേൽ കയറി.

മദീനയിൽ ഇമാമത്തിന്നു് ഉമ്മുമക്തൂം (റ) വിനെ നിശ്ചയിച്ചു. ഔസിഗോത്രക്കാരുടെ പതാക ഉസൈദ് ബ്നു ഹളീർ (റ) വിന്നു് കൊടുത്തു. ഖസ്റജിക്കാരുടെ കൊടി ഖബ്ബാബ്ബ്നൽ മുൻദിറി (റ) ന്നു നല്കി. ആയിരം അല്ലെങ്കിൽ തൊള്ളായിരം മുസ്ലിംകളോടുകൂടി തിരുമേനി (സ) പുറപ്പെട്ടു. കൃത്യമായ എണ്ണത്തിൽ ചരിത്രകാരന്മാർ അഭിപ്രായവ്യത്യസ്തരാണു്. എഴുനൂറിലധികം പേരുണ്ടായിരുന്നുവെന്നതിന്നു സംശയമില്ല. ഹസ്രത്തു് സഅദ്ബ്നുമആദും (റ), ഹസ്രത്തു് സഅദ്ബ്നു ഉബാദത്തും (റ) വാഠം ഉയർത്തിപ്പിടിച്ചു നബിതിരുമേനി (സ) യുടെ ഇടവും വലവും നിന്നു. മററു സഹാബികഠം അവിടുത്തെ പിന്നിലായും, രണ്ടു വരികളായും നടന്നു. "റഅസുസ്സനിയ്യ" എന്ന സ്ഥലത്തെത്തിയപ്പോഠം മുമ്പു പ്രസ്താവിച്ച അബ്ദുല്ലാഹിബ്നുഉബയ്യ് എന്ന കപടവിശ്വാസി മുന്നൂറു് (അറുനൂറു് എന്നും കാണുന്നുണ്ടു്) യഹൂദികളോടുകൂടി മുസ്ലിംകളെ സഹായിക്കാൻ വന്നു. തിരുമേനി (സ) ചോദിച്ചു. "ഇവർ മുസ്ലിംകളാണോ?"

അബ്ദുല്ല: അല്ല; പക്ഷെ നമ്മെ സഹായിക്കും.

തിരുമേനി (സ): മുസ്ലിംകളല്ലാത്തവരുടെ സഹായം ഈ വിഷയത്തിൽ ആവശ്യമില്ല. അവരെ കൊണ്ടുപോകാം.

ഇബ്നുഉബയ്യ് ലജ്ജിതനായി സഹായികളോടുകൂടി മടങ്ങിപ്പോയി. ഈ സംഭവം മുസ്ലിംകളല്ലാത്തവരിൽനിന്നു

മതപരമായ വിഷയങ്ങളിലേയ്ക്കു് സഹായം സ്വീകരിക്കുന്ന തിനെ നിരുത്സാഹപ്പെടുത്തുകയാണു് ചെയ്യുന്നതു്. വഴി യിൽ അവർ തിരുമേനി (സ) യെ പുച്ഛിച്ചു സംസാരിച്ചു.

"ശീഖൈൻ" എന്ന സ്ഥലത്തെത്തിയപ്പോ൦ അവി ടെ ഇറങ്ങി വിശ്രമിച്ചു. അവിടെ ഒരു പള്ളിയുണ്ടായിരു ന്നതിൽ നമസ്കരിച്ചു. തുടൎന്നു തിരുമേനി (സ) സൈന്യ ത്തെ പരിശോധിച്ചു ചെറിയ കുട്ടികളെ മടക്കുവാൻ കല്പി ച്ചു. പതിനേഴപേരെയാണു് അന്നു മടക്കിയതു്. 1. ഹ: ഉമർ മകൻ അബ്ദുല്ല, 2. സാബിത്തു് മകൻ സൈദ്, 3. സൈദ് മകൻ ഉസാമ, 4. അറ്ക്കം മകൻ സൈദ്, 5. ആസിബ് മകൻ ബറാഅ്, 6. അസം മകൻ അംറു്, 7. ളഹീർ മകൻ ഉസൈദ്, 8. ഔസ് മകൻ അറാബത്തു്, 9. അബൂസഇൗദൽഖുദ്രി, 10. ജുംദബു് മകൻ സംറത്തു്, 11. ഖുദൈജ് മകൻ റാഫിഅ്, 12. ഖൈസമത്തു് മ കൻ സൈദ്, 13. ഫൈത്തത്തു് മകൻ സൈദ്. മററു നാലുപേരുടെ നാമങ്ങ൦ പറഞ്ഞുകാണുന്നില്ല. ഇവരെ യെല്ലാം പതിനഞ്ചുവയസ്സു് തികയാത്തതിനാലാണു് മടക്കി അയച്ചതു്.

ഇവരെ നാട്ടിലേയ്ക്കയയ്ക്കാൻ കല്പിച്ചപ്പോ൦ റാഫിഅ് എന്ന ബാലൻ അതിയായി വ്യസനിച്ചു. പുത്രൻെറ വ്യ സനവും വാടിയ മുഖവും കണ്ടു പിതാവു് ഖുദൈജ് (റ) നബിതിരുമേനി (സ) യോടു് ഇപ്രകാരം ഉണൎത്തിച്ചു. "എൻെറ റാഫിഇന്നു് എറിയുവാനും, ശരം പ്രയോഗിക്കു വാനും നല്ല ഉന്നമുണ്ടു്. വളരെ ഉത്സാഹത്തോടെ പുറപ്പെ ട്ടതുമാണു്. അവനെ കൊണ്ടുപോകുവാൻ അനുവദിക്കണം."

നബി (സ) അതു സ്വീകരിച്ചു റാഫിഇനോടു് പോരുവാൻ കല്പിച്ചു. തദവസരത്തിൽ സംറത്തു് എന്ന ബാലൻ വ്യസനിച്ചു മുഖം വീർപ്പിച്ചുകൊണ്ടു പറയുകയാണു്. "നബിതിരുമേനി (സ) റാഫിഇന്നു് അനുവാദം നല്കി. എന്നെ മടക്കി അയയ്ക്കുന്നു. ഇതു ശരിയല്ല. ഞാനും സ്വർഗ്ഗത്തിൽ പ്രവേശിക്കുവാനാഗ്രഹിക്കുന്നു. എന്നേയും കൊണ്ടുപോയേ മതിയാകൂ! ഞാൻ തീർച്ചയായും ശക്തി പരീക്ഷിച്ചു റാഫിഇനെ ജയിക്കാം.." തിരുമേനി (സ) ഇതുകേട്ടു മന്ദഹസിച്ചു. സഹജമായ ആ മനോഹരവദനം പുഞ്ചിരിയിൽ വിളയാടി. അവിടുന്നു് അവർ രണ്ടുപേരേയും വിളിച്ചു ശക്തി പരീക്ഷിക്കുവാൻ കല്പിച്ചു. കുറഞ്ഞ സമയംകൊണ്ടു് സംറത്തു് റാഫിഇനെ തോല്പിച്ചു. അപ്പോൾ സംറത്തിന്നു് അനുവാദം നല്കി.

വായനക്കാരെ! നോക്കണം! ഇങ്ങനെയുള്ള ചരിത്രങ്ങളിൽനിന്നു് നമുക്കു പലതും പഠിക്കാനുണ്ടു്. എന്നുമാത്രമല്ല, ചിന്തിക്കുവാനും, സ്വജീവിതത്തിൽ പകർത്തുവാനുമുണ്ടു്. ശക്തരായ ഒരു ശത്രുപക്ഷം സ്വദേശത്തെ ആക്രമിക്കുവാനും, സ്വമതത്തെ ലോകരംഗത്തുനിന്നും മറയ്ക്കുവാനും നേരിട്ടിരിക്കയാണു്. ഇത്രയും ഗൌരവാവഹമായ സന്ദർഭത്തിൽപോലും നബിതിരുമേനി (സ) യ്ക്കു് സ്വതഃസിദ്ധമായ വിനയസ്വഭാവത്തിന്നു് യാതൊരു മാററവുമില്ല. ആ ഹൃദയത്തിന്നു് ചാഞ്ചല്യമില്ല; കോപമോ ഭയമോ സമീപിക്കുന്നില്ല. അനുയായികളിൽ ബാലന്മാർക്കുപോലും ന്യായത്തിന്നുവേണ്ടി വാദിക്കാം. അതു വകവെച്ചുകൊടുക്കുന്നു. ഒന്നുകൂടി സൂക്ഷിച്ചുനോക്കൂ! ഒരു പിതാവു് തൻെറ അരുമസന്താനത്തെ സമരരംഗത്തിലേയ്ക്കു കൊണ്ടുപോകുവാൻ

കേണമപേക്ഷിക്കുന്നു! മററൊരു ബാലൻ യുദ്ധത്തിൽ പങ്കെടുക്കുവാനായി ബലം പരീക്ഷിക്കുന്നു. ഇസ്ലാമിനോടുള്ള കളങ്കമററ സ്നേഹവും, ഇസ്ലാമിൻെറ ശ്രേയസ്സിന്നായി—ഇസ്ലാമിൻെറ നിലനില്പിന്നായി—ആത്മാക്കളെ ആഹുതി ചെയ്യുവാനുള്ള സന്നദ്ധതയുമല്ലേ ഇതിൽ നാം വ്യക്തമായി കാണുന്നത്. മുസ്ലിംകളെന്നഭിമാനിച്ച് ജീവിക്കുന്ന നമ്മുടെ ഇന്നത്തെ ദയനീയനിലയെക്കുറിച്ച് ഇത്തരുണത്തിൽ ഒന്നു ഗാഢമായി ചിന്തിക്കേണ്ടിയിരിക്കുന്നു.

രക്തസാക്ഷിത്വത്തിന്നു തയ്യാറില്ലാത്തവരോട് മടങ്ങുവാൻ നബിതിരുമേനി (സ) കല്പിച്ചു. അപ്പോൾ ഇബ്നു ഉബയ്യിൻെറ പ്രചരണത്തിൽ കുടുങ്ങിയ ഇടത്തരം കപടവിശ്വാസികൾ "ഞങ്ങൾക്കു യുദ്ധംചെയ്തു പരിചയമില്ല. യുദ്ധം ഉണ്ടാകുവാൻ ഇടയാവുകയില്ലെന്നു കരുതി പുറപ്പെട്ടതാണ്" എന്നു പറഞ്ഞു് അവർ മടങ്ങി. ബനുഹാരിസ, ബനുസൽമ, എന്നു പറയുന്ന രണ്ടു ഗോത്രങ്ങൾക്കു് അല്പം വിഷമമുണ്ടായി. പക്ഷെ, ഉടൻതന്നെ അവരിൽ ഇസ്ലാമിൻെറ കത്തവ്യബോധം ഉടലെടുക്കുകയും എന്തുവന്നാലും പിന്മാറുകയില്ലെന്നു് ഉറപ്പിക്കുകയും ചെയ്തു.

അവിടെനിന്നും ആ സൈന്യസംഘം യാത്രചെയ്തു് ഉഹദിൽ എത്തി. അപ്പോൾ നബിതിരുമേനി (സ) യും എഴുന്നൂറു സഹാബികളും ഉണ്ടായിരുന്നു. മുസ്ലിംകൾക്കു് രണ്ടു കുതിരകൾ മാത്രമാണുണ്ടായിരുന്നതു്. ഒന്നു നബിതിരുമേനി (സ) യ്ക്കും, മററൊന്നു് അബൂബുർദത്തു് എന്ന സഹാബിക്കും ആയിരുന്നു. മുസ്ലിംകളിൽ ആക്കുംതന്നെ കുതിരകളുണ്ടായിരുന്നില്ലെന്നു് ചില ചരിത്രകാരന്മാർ വാദി

ക്കുന്നു. ഉഹദ്‌മലയെ പിന്നിട്ടുകൊണ്ടു് മുസ്‌ലിംകഠം താവളമടിച്ചു.

മുസ്‌ലിംകളിൽനിന്നു് അമ്പതു കല്ലേറുകാരെ അല്ലെങ്കിൽ വില്ലാളികളെ നബിതിരുമേനി (സ) ഉഹദ്‌മലയുടെ ഒരു ചുരത്തിൽ—യുദ്ധത്തിൻെറ ഒരു മമ്മസ്ഥാനത്തു്—നിറുത്തി. ശത്രുക്കഠംക്കു് മുസ്‌ലിംകളെ പിന്നിൽനിന്നു് ആക്രമിക്കുവാൻ കഴിയുന്ന ഏകമാഗ്ഗം ഇതായിരുന്നു. യുദ്ധതന്ത്രത്തിൻെറ മികച്ച പാഠം പഠിച്ചിരുന്ന നബിതിരുമേനി (സ) ആദ്യമായി ആ കവാടം ബന്ധിക്കുകയാണുണ്ടായതു്. അബ്ദുല്ലാഹിബ്നു ജുബൈർ (റ) എന്ന സഹാബിയെ ഈ കാവൽസൈന്യ നായകനായി നിയമിച്ചു. ചുരത്തിലൂടെ ആരേയും പ്രവേശിപ്പിക്കരുതെന്നു് അവരെ കശ്ശനമായി താക്കീതു് ചെയ്തു. ഇതു് വെള്ളിയാഴ്ചയാണു്. തിരുമേനി (സ) ആ സഹാബികളോടു് പറഞ്ഞു: "നിങ്ങഠം ഈ മാഗ്ഗത്തിലൂടെ ശത്രുക്കളെ കടത്താതെ ഭദ്രമായി സൂക്ഷിക്കണം. യുദ്ധത്തിൽ ഞങ്ങഠംക്കു വിജയം ലഭിച്ചാലും പരാജയം പിണഞ്ഞാലും നിങ്ങഠം ഇവിടെനിന്നിളകരുതു്. നിങ്ങഠം മററൊരു കാൎയ്യത്തിലും ഇടപെടേണ്ട. വളരെ സൂക്ഷിക്കേണ്ട സന്ദർഭമാണു്. ഞങ്ങഠംക്കു് എത്ര വലിയ ആപത്തുതന്നെ പിണഞ്ഞതായി കണ്ടാലും നിങ്ങഠം അതിനെപ്പററി ശ്രദ്ധിക്കേണ്ടതില്ല."

ഖുറൈശിസൈന്യങ്ങഠം മറുഭാഗവും നിൽപ്പുറപ്പിച്ചു. അവരെ ഖാലിദ്ബ്നുവലീദ്, ഇക്‌രിമത്തുബ്നു അബൂജഹൽ എന്നിവരാണു് നയിക്കുന്നതു്.

KOTTAYAM PUBLIC LIBRARY KOTTAYAM 70860

നബിതിരുമേനി (സ) ഒരു വാൾ എടുത്തു് അതിന്റെ അവകാശത്തെ നിറവേററുന്നവക്കു് നല്കാമെന്നു പറഞ്ഞു. പല മാന്യന്മാരും വാൾ ആവശ്യപ്പെട്ടുവെങ്കിലും അവക്കാക്കും കൊടുത്തില്ല. അബൂദുജാനത്തു് എന്നു വിളിച്ചുവന്നിരുന്ന സമ്മാക്കുബ്നുഔസി (റ) എന്ന സഹാബി അവിടുത്തെ അടുത്തുചെന്നു് ഈ വാളിൻെറ ഹക്കു് എന്താണെന്നു് ചോദിച്ചു. "ഈ വാളിൻെറ മൂച്ച് കുറയുന്നതുവരെ ശത്രുക്കളുടെ മുന്നണിയിൽ പ്രയോഗിക്കുകയാണു് ഇതിൻെറ ഹക്കു്" എന്നു നബിതിരുമേനി (സ) പറഞ്ഞു. ഈ നിബന്ധന സ്വീകരിച്ചു് വാൾ ഓങ്ങിപ്പിടിച്ചുകൊണ്ടു് അബൂദുജാനത്തു് ആ രണഭൂമിയിൽ രണ്ടു് അണികളുടെ മദ്ധ്യത്തിൽ ആഞ്ഞുലഞ്ഞു്, നെഞ്ചു തള്ളിപ്പിടിച്ചു്, വാൾ ചുഴററിക്കൊണ്ടു് ശത്രുസമൂഹത്തെ തൃണവൽഗണിക്കുമാറു് നടക്കുന്നതുകണ്ടു് എല്ലാവരും അത്ഭുതപ്പെട്ടുപോയി. ശത്രുസമൂഹം നടുങ്ങിപ്പോയി. ഇതു ദശിച്ചു് തിരുമേനി (സ) പറഞ്ഞു: "അബൂദുജാനത്തിൻെറ ഈ നടത്തം ഇതുപോലുള്ള ഒരു പടക്കളത്തിൽ അല്ലായിരുന്നുവെങ്കിൽ തീച്ച്യായും അല്ലാഹുവിൻെറ ക്രോധത്തിന്നു പാത്രീഭവിക്കും. ഇവിടെ ശത്രുനിരയെ അവഗണിച്ചു് കാണിക്കുകയാകയാൽ അതു് അനുവാദനീയമാണു്." സുബൈറുബ്നുൽഅവ്വാം (റ) പറയുന്നു: "ഞാനും നബിതിരുമേനി (സ) യോടു് വാൾ ആവശ്യപ്പെടുകയുണ്ടായി. പക്ഷെ, ഞങ്ങൾക്കാക്കും തരാതെ അബൂദുജാനത്തി (റ) ന്നു് നല്കുകയാണുണ്ടായതു്. അദ്ദേഹം എന്തു ചെയ്യുന്നുവെന്നറിയാൻ ഞാൻ ഉത്സുകനായി. അദ്ദേഹം ചുവന്ന വസ്ത്രം തലയിൽ ചുററുന്നതു്

കണ്ടപ്പോഠം ജനങ്ങഠം മനസ്സിലാക്കി, അദ്ദേഹം സമരസന്നദ്ധനായെന്ന്. അദ്ദേഹം കണ്ട ഒരു ശത്രുവിനേയും വെറുതെ വിട്ടിട്ടില്ല. ശത്രുസേനയിലെ അനവധി രണശൂരന്മാരെ അദ്ദേഹം യമപുരിക്കയച്ചുവെന്ന് ഹ: അനസ് (റ) പറയുന്നു. ഹ: സുബൈർ (റ) പറയുന്നു: "യുദ്ധം ശക്തിയായി നടന്നുകൊണ്ടിരിക്കെ ഒരു ശത്രുഭടൻ മുസ്ലിംകളെ അതികഠിനമായി എതിർത്തുകൊണ്ടിരിക്കുന്നത് ഞാൻ കണ്ടു. അവനുമായി നേരിടുന്നവരെയെല്ലാം അവൻ നിലംപതിപ്പിക്കുന്നു. ഇവൻ അബൂദ്ദജാനത്തുമായി ഏററുമുട്ടുകയും ഞൊടിയിടകൊണ്ട് അബൂദ്ദജാനത്ത് അവൻെറ കഥ കഴിക്കുകയും ചെയ്തു.

ശത്രുക്കളിലുള്ള സ്ത്രീകഠം കൂടിയിരുന്ന ഒരു സ്ഥലത്ത് അബൂദ്ദജാനത്ത് ചെന്നു. അവർ പാട്ടുപാടിയും മുദ്രാവാക്യങ്ങഠം വിളിച്ചും ശത്രുക്കളെ പ്രോത്സാഹിപ്പിച്ചുകൊണ്ടിരിക്കുകയായിരുന്നു. അബൂസുഫ്യാൻെറ ഭാര്യ ഹിന്ദിൻെറ നേരെ അദ്ദേഹം വാളോങ്ങി. അവഠം നിലവിളിച്ച് സഹായമഭ്യർത്ഥിച്ചു. ആരും വന്നുചേർന്നില്ല. നിസ്സഹായയായ ഒരു സ്ത്രീയെ വധിക്കുന്നത്—അതും തിരുമേനി (സ) നല്കിയ വാഠംകൊണ്ട്—ഉചിതമല്ലെന്നു പറഞ്ഞു് അബൂദ്ദജാനത്ത് പിൻവാങ്ങി.

ആദ്യം പോർ വിളിച്ചതു് അബൂആമിറുറാഹിബാണ്. നബിതിരുമേനി (സ) മദീനയിൽ അഭയം പ്രാപിച്ചപ്പോഠം റാഹിബ് മക്കയിൽ വന്ന് ഖുറൈശികളുമായി ചേർന്നു. റാഹിബും കുറച്ച് അനുയായികളും രണാങ്കണ

ത്തിലിറങ്ങിയപ്പോൾ മുസ്‌ലിംസൈന്യത്തിലെ കല്ലേറുവിഭാഗം അവരെ എറിഞ്ഞോടിച്ചുകളഞ്ഞു.

ഇരുസൈന്യങ്ങളും അണിനിരന്നുകഴിഞ്ഞ സമയം അബൂസുഫ്‌യാനുബ്നുഹർബ് വിളിച്ചുപറഞ്ഞു: "ഔസികളും, ഖസ്റജികളുമായ മദീനക്കാരെ! നിങ്ങളുമായി സമരം ചെയ്യുവാൻ ഞങ്ങൾക്ക് ഉദ്ദേശമില്ല. നിങ്ങളും ഞങ്ങളുമായി യാതൊരു വൈരവുമില്ല. അതിനാൽ ഞങ്ങളുടെ നാട്ടുകാരായ മുഹാജിറുകളെ വിട്ടുതന്ന് നിങ്ങൾ പിന്മാറുന്നതാണുത്തമം." ഇതിന്ന് മുസ്‌ലിംകൾ അവരെ പരിഹസിച്ചുകൊണ്ട് സമാധാനം പറഞ്ഞു. ഈ സമയത്ത് ശത്രുക്കളിൽനിന്നൊരു കുരുടൻ ഒട്ടകപ്പുറത്ത് യുദ്ധത്തിന്നായി വന്നു. അവർ സമരത്തിന്ന് മുസ്‌ലിംകളെ വെല്ലുവിളിച്ചു. മുസ്‌ലിംകൾ കുരുടനാണെന്നു കരുതി എതിർത്തില്ല. മൂന്നു പ്രാവശ്യം വിളിച്ചപ്പോൾ ഹ: സുബൈർ (റ) ചാടി അവൻെറ ഒട്ടകപ്പുറത്തു കയറി അവനുമായി പിടുത്തമായി. ഇതുകണ്ട് നബിതിരുമേനി (സ) "ഭൂമിയിൽ വീഴുന്നവൻ മൃതിയടയും" എന്നു പറഞ്ഞു. ഉടൻതന്നെ ശത്രു താഴെ വീഴുകയും ഹ: സുബൈർ (റ) അവൻെറ കഴുത്തറുക്കുകയും ചെയ്തു.

തൽഹത്ത്ബ്നുഅബീതൽഹത്ത് എന്ന പ്രസിദ്ധനായ ശത്രുയോദ്ധാവ്—അവൻ അവരുടെ പതാകാവാഹകനാണ്—പതാകയോടുകൂടി ഇറങ്ങി. അവൻ പല പ്രാവശ്യവും മുസ്‌ലിംകളെ വെല്ലുവിളിച്ചു. മുസ്‌ലിംകൾ ആരും എതിർത്തില്ല. അപ്പോൾ അവൻ പറയുകയാണ്: "മുഹമ്മദിൻെറ സഹാക്കളെ! നിങ്ങളും ഞങ്ങളും തമ്മിൽ

പോരാടി നിങ്ങളിൽനിന്നു വധിക്കപ്പെടുന്നവക്കു് സ്വർഗ്ഗം ലഭിക്കുമെന്നും, ഞങ്ങളിൽനിന്നു കൊല്ലപ്പെടുന്നവർ നരകത്തിലാണെന്നും നിങ്ങൾ പറയുന്നു. നിങ്ങൾ പറയുന്നതിൽ ആത്മാത്ഥതയുണ്ടെങ്കിൽ എന്തുകൊണ്ടു് നിങ്ങൾ വരുന്നില്ല. എന്നെ നരകത്തിലേയ്ക്കു പറഞ്ഞയയ്ക്കുവാൻ നിങ്ങളുടെ വാളുകൾക്കു് ശക്തിയില്ലേ? ലാത്തയും ഉസ്സയും ആണെ നിങ്ങൾ പറയുന്നതു് കളവാണു്."

ഇതു് പറഞ്ഞുതീരുന്നതിന്നുമുമ്പു് ഹ: അലി (റ) അവനുമായി നേരിട്ടു. ക്ഷണനേരംകൊണ്ടു് അവനെ വധിച്ചു. തുടന്നു് അവൻെറ സഹോദരൻ ഉസ്മാൻ പതാകയേന്തി പോക്കളത്തിൽ വന്നു. അവനും അനാവശ്യങ്ങൾ പറഞ്ഞും, വീരവാദങ്ങൾ ചൊരിഞ്ഞുമാണു് ഇറങ്ങിയതു്. അവനെ ഹ: ഹംസ (റ) എതിത്തു. അവൻെറ കഥയും കഴിച്ചു. പിന്നീടു് കൊടിപിടിച്ചു പടക്കളത്തിലിറങ്ങിയതു് ഇവരുടെ സഹോദരൻ സഈദാണു്. സഈദ് ബ്നുഅബീവക്കാസി (റ) ൻെറ ചവളപ്രയോഗമേററു് സഈദ് കൊല്ലപ്പെട്ടു. അപ്പോൾ തൽഹത്തു് മകൻ മസാഫിഹ് കൊടി പിടിച്ചിറങ്ങി. ആസിമിബ്നു സാബിത്തു് (റ) വിട്ട ഒരു ശരമേററു് അവനും മൃതിയടഞ്ഞു. കൊടി എടുത്തു ചാടി ഇറങ്ങിയ മസാഫിഹിൻെറ സഹോദരൻ ഹറസിനേയും ധീരനായ ആസിമിയുടെ ശരം യമപുരിക്കയച്ചു. ഇത്തരുണത്തിൽ ഹറസിൻെറ മാതാവു് സമീപത്തുണ്ടായിരുന്നു. അവൾ മകൻ വീണ സ്ഥലത്തേയ്ക്കോടിയെത്തി. മകൻെറ തലയെടുത്തു മടിയിൽവെച്ചു് ആ മാതാവു് ചോദിച്ചു: "മകനെ! നിൻെറ നേരെ ശരം പ്രയോഗിച്ചതാ

രാണു്?'' മകൻ മരണഗോഷ്ഠികളുടേയും അന്ത്യശ്വാസത്തിൻേറയുമിടയിൽ ആസിമാണു് എന്നു് മാതാവിനെ അറിയിച്ചു. അപ്പോൾ ആ സ്ത്രീ ശബ്ദമുയർത്തി പറഞ്ഞു: "ലാത്തയും ഉസ്സയും ആയ ദേവന്മാരെ! എൻെറ അരുമ സന്താനത്തെ വധിക്കുകയും, അതുവഴി എന്നെ അഴലിൻെറ ആഴിയിലേയ്ക്കു് പിടിച്ചുതള്ളുകയും ചെയ്ത ആസിമിൻെറ ശിരസ്സ് എൻെറ കയ്യിൽ കിട്ടുവാനും, ആ മണ്ടയിൽ എനിക്കു കള്ളുകുടിക്കുവാനും അനുഗ്രഹിക്കേണമെ! ആസിമിൻെറ തല തരുന്നവക്കു നൂറു് ഒട്ടകങ്ങളെ നല്കപ്പെടുന്നതും, എൻെറ ദേവന്മാക്കു് ഞാൻ വേണ്ടവിധം പൂജചെയ്യുന്നതുമാണു്."

ഈ രംഗത്തെ മഹാകവി മോയിൻകുട്ടിവൈദ്യർ തൻെറ "ഉഹദ്പട"യിൽ ഇങ്ങനെയാണു് വർണ്ണിക്കുന്നതു്.

"കേട്ടടൻ വന്നൊരുശരംകൊണ്ടെനൈ വിഴുന്തേനെ-ഇവ
മകൻ മൊഴിന്താനെ
കേററിചുണ്ടും മുഖം ചുളിത്തിട്ടവൻ ഇരന്താനെ-തരം
അവൾ കനിന്താനെ
കൂട്ടിഅണൈത്തല്ലുദരപ്പാൾ അരിമ പൊൻമോനേ-എന്നൈ
കരളിൽ പൂമാനെ!
കോലബാവഅന്നരുംപോയ് എന്നൈ തനിത്താനെ-മന
മതിരകത്തേനെ!
പൂട്ടിഎട്ടക്കലും നാററിമണക്കലും പോററിയെനച്ചലും
പൊട്ടിക്കരച്ചലും മാറിത്തുശിത്താളൊ—പിന്നും
മാറത്തടിത്താളൊ

അടിത്ത് ചൊല്ലെല്ലാത്ത, ഉസ്സതമ്പുരാൻകളെ-നദം
കാക്കും പേർകളെ!
ആസിമിൻെറ തല എൻകയ്യിൽ ആക്കുംഅന്നാളെ-ഒരു
നേർച്ച ചെയ്യോളെ!
എടുത്തവൻെറ ജംജമിൽ ഞാൻ സുരംകുടിക്കുമെ-ഉമൈ
കളെ സ്തുതിക്കുമെ!
എതിത്തെടുത്തിട്ടവൻശിരസ്സെ തരുവതാക്കുമെ-ശതം
നെടിൽ കൊടുക്കുമെ!
ജന്നർഇടക്കവൊം കേണുനടക്കലും സീമനെടിൽകളെ
ഇനാംവിളിക്കലും താനർമുതിത്താരൊ
എന്നും റാവിവിരുത്താരോ!"

അറബിവനിതകളുടെ സ്ഥൈര്യശീലത്തേയും, വിജയാസക്തിക്കായി സംഭവങ്ങളെ ഉപയോഗപ്പെടുത്തുന്ന സമ്പ്രദായങ്ങളേയും ഇതിൽനിന്നു മനസ്സിലാക്കാവുന്നതാണ്.

മസാഫിഹിൻേറയും ഹറ്സിൻേറയും സഹോദരൻ കിലാബ് പതാകയേന്തി വന്നു. ഹ: സുബൈർ (റ) വിൻെറ ഒരു വെട്ട് അവനെ നിലംപതിപ്പിച്ചു. അവൻ മൃതിപ്പെട്ടു. അവൻെറ സഹോദരൻ ജുലാൻ പതാകയോടുകൂടി വന്നു. അവനെ തൽഹത്തുബ്നു അബീഉബൈദുല്ല കൊലപ്പെടുത്തി. പിന്നീട് കൊടിയേന്തിയ അറ്താത്തിനെ ഹ: ഹംസ (റ) യും, ശരീഫിനേയും, (കൊലചെയ്ത ആളെ അറിയുന്നില്ല) അബൂസൈദിനെ കസ്മാനും (റ), ശറ്ഹബീലിൻെറ പുത്രനെ കസ്മാൻ (റ) തന്നെയും, സവ്വാബ് എന്ന അടിമയെ ഹ: അലി (റ) യും വധിച്ചു. പിന്നീട് കൊടിയുടെ അവകാശക്കാരില്ലാതെ അത് താഴെ വീണുകിടന്നു.

കൊടിയുടെ കാര്യത്തിൽ ഇത്ര അധികം വാശി ഖുറൈശി കൾക്കുണ്ടാക്കിയതിന്നു കാരണമുണ്ട്.

യുദ്ധത്തിന്നു തലേദിവസം അബൂസുഫ്‌യാൻ പറ ഞ്ഞു: "അബ്ദുദ്ദാറിൻെറ സന്താനങ്ങളെ! നിങ്ങൾ പ താകാവാഹകന്മാരാണ്. കൊടി സൈന്യത്തിൻെറ അഭി മാനസ്തംഭവും, ആശാദീപവുമാണ്. ബദറിൽ കൊടി വി ട്ടുകളഞ്ഞതിൻെറ ഫലമായി നമുക്കുണ്ടായ തിക്താനുഭവ ങ്ങൾ ഓർമ്മയുണ്ടല്ലൊ? ഈ യുദ്ധത്തിൽ നിങ്ങൾ കൊടി യെ സുരക്ഷിതമായി സൂക്ഷിക്കണം. നിങ്ങൾക്കതു് സാ ധിക്കുകയില്ലെങ്കിൽ ഞങ്ങളെ ഏല്പിക്കണം." അപ്പോൾ അവർ അഭിമാനത്തോടെ പറഞ്ഞതിപ്രകാരമാണ്: "പ താകയെ ഞങ്ങൾ എന്തു ചെയ്യുമെന്ന് നാളെ നിങ്ങൾക്കു കാണാം." ഈ കാരണത്താലാണ് അവർ കൊടിക്കുവേ ണ്ടി അന്ത്യംവരെ പൊരുതിയതു്. യുദ്ധതന്ത്രമാവാം പ താകാവാഹകന്മാരെ ഒന്നിന്നു പുറകെ മറെറാന്നായി വധി ക്കുവാൻ മുസ്‌ലിംകളെ പ്രേരിപ്പിച്ചതു്.

"അല്ലാഹുവിൻെറ പക്കൽ മൃഗങ്ങളിൽവെച്ച് ഉപ ദ്രവകരമായ മൃഗങ്ങൾ ബുദ്ധിയും, നാവും, കേൾവിയുമില്ലാ ത്ത ക്രൂരരാണ്" എന്ന ഖുർആൻ വചനം ഇവരെ പററി യാണെന്ന് അഭിപ്രായപ്പെട്ടിരിക്കുന്നു. കൊടി വീണുപോ യപ്പോൾ അമുസ്‌ലിംസേന പല വഴിക്കായി ഭിന്നിച്ചു. അ വരുടെ കാലടികൾ പതറി. ഈ അവസരം പാഴാക്കാതെ മുസ്‌ലിംകൾ അവരുടെ അണികളെ ഭേദിച്ചുകൊണ്ട് കയ റി പൊരുതി. ഹ: അബൂബക്കർ (റ) വിൻെറ പുത്രൻ അബ്ദുറഹിമാൻ ശത്രുസേനയിലുണ്ടായിരുന്നു. അദ്ദേഹം

സമരമുഖത്തു വന്നു് മുസ്‌ലിംകളെ പല പ്രാവശ്യവും വെല്ലു വിളിച്ചു. ഹ: അബൂബക്കർ സിദ്ദീഖ് (റ) പുത്രനെ എതിർക്കുവാനായി പുറപ്പെട്ടപ്പോൾ നബിതിരുമേനി (സ) മടക്കിവിളിച്ചു് സമാധാനിപ്പിച്ചു. ഇപ്രകാരം ബദർ ആയോധനത്തിലും ഉണ്ടായിട്ടുണ്ടു്. ശത്രുക്കളുടെ കുതിരപ്പട മുസ്‌ലിം സേനയിലേയ്ക്കു് മൂന്നു പ്രാവശ്യം കുതിച്ചു് കയറുകയുണ്ടായി. അപ്പോഴെല്ലാം മുസ്‌ലിം വില്ലാളികൾ ശരം പ്രയോഗിച്ചു് അവരെ ഛിന്നഭിന്നമാക്കി മടക്കി അയച്ചു. മുസ്‌ലിംകൾ ധീരധീരം പോരാടിയപ്പോൾ അമുസ്‌ലിംകൾ പിന്മാറുമെന്നു മനസ്സിലാക്കിയ ഹിന്ദ് മുതലായ സ്ത്രീകൾ താളമേളങ്ങളോടെ കവിതകൾ ചൊല്ലി ഭടന്മാരെ പ്രോത്സാഹിപ്പിച്ചു.

"അബ്ദദ്ദാറിന്റെ സന്താനങ്ങളെ, സന്തോഷിപ്പിൻ! പിന്മാറുവാനുദ്ദേശിക്കുന്നവരെ സന്തോഷിപ്പിൻ! രക്തദാഹത്താൽ വിരളുന്ന വാളുകൾകൊണ്ടു് വെട്ടുവിൻ! വിജയം നമ്മുടേതാണ്. വിണ്ണിലെ നക്ഷത്രങ്ങളെപ്പോൽ വിശ്രുതി നേടിയ വീരന്മാരുടെ സന്താനങ്ങളാണു് നാം. ശിരസ്സുകളിൽ കസ്തൂരിയും, കണ്ഠത്തിൽ മുത്തുമാലയും ചൂടി അന്നനട നടക്കുന്ന സൌന്ദര്യറാണികളാണു് ഞങ്ങൾ. യുദ്ധത്തിൽ വിജയശ്രീലാളിതരായി വരുന്നവരെ ഹൃദയപൂർവ്വം സ്വീകരിക്കുകയും, പരാജയം ഭയന്നു് പിന്മാറുന്നവരെ ഞങ്ങൾ ആട്ടിപ്പായിക്കുകയും ചെയ്യും."

എന്നും മററുമാണു് അവർ പാടിയ കവിതയുടെ ചുരുക്കം. സ്ത്രീകളുടെ പ്രോത്സാഹിപ്പിക്കലും, കാഫിർകളുടെ കുതിച്ചുകയററവും മനസ്സിലാക്കിയ നബിതിരുമേനി (സ)

ഇപ്രകാരം പ്രാർത്ഥിച്ചു: "അല്ലാഹുമ്മലക്കഅ്‌ളൂലു, ബെി ക്കഅസൂലു, ഒബികളുക്കാത്തിലുഫസ്ബിയല്ലാഹു ഒനിഅ്‌ മൽഒക്കീൽ" (അല്ലാഹുവേ! നിന്നെക്കൊണ്ടു് ഞാൻ ശത്രുക്കളെ എതിക്കുന്നു; നിന്നെക്കൊണ്ടു് ഞാൻ ശത്രുക്കളിൽ പൊരുതുന്നു. നിൻെറ വിഷയത്തിൽ ഞാൻ യുദ്ധം ചെയ്യുന്നു. എനിക്കു് നീ മതി; എൻെറ സഹായി നല്ല സഹായിയാണു്) ഇത്തരുണത്തിൽ സഹാബികൾ ഘോരമായ സമരം നടത്തി. മുൻപ്രസ്താവിച്ച അബൂദുജാനത്തിൻെറ സംഭവം ഈ സമയത്താണു് ഉണ്ടായതെന്നു പറയുന്നുണ്ടു്.

ഹൻളലത്തു് എന്നവർ അബൂസുഫ്‌യാനുമായി എതിർത്തു. അദ്ദേഹം അബൂസുഫ്‌യാൻെറ കുതിരയെ വെട്ടി വീഴ്ത്തി. അപ്പോഴേയ്ക്കും മറുഭാഗത്തുകൂടി ഒരു ശത്രു വന്നു് അദ്ദേഹത്തിൻെറ നേരെ ചവളം പ്രയോഗിച്ചു. അതേററു് ഹൻളലത്തു് (റ) ശഹീദായി. കൊടികൾ ഇല്ലാതാവുകയും, പല വീരന്മാരും വധിക്കപ്പെടുകയും ചെയ്തതിനാൽ അണികൾ വിട്ടു് ഭയചകിതരായി ശത്രുക്കൾ ഓടിത്തുടങ്ങി. മനം കുളിക്കുന്ന വിധത്തിൽ മനോജ്ഞമായ ഗാനങ്ങളാലപിച്ചിരുന്ന ശത്രുസമൂഹത്തിലെ സ്ത്രീകൾ സംഗീതോപകരണങ്ങൾ വലിച്ചെറിഞ്ഞു്, വസ്ത്രങ്ങൾ കാൽമുട്ടിനുമീതെ ഉയർത്തിപ്പിടിച്ചു്, കാലിലണിഞ്ഞിരുന്ന തളകളും പാടകങ്ങളും തട്ടിമുട്ടി ശബ്ദമുണ്ടാക്കിക്കൊണ്ടു് മലമുകളിലേയ്ക്കു് ആത്മരക്ഷാർത്ഥം ഓടി. മുസ്‌ലിംകൾ *ഗനീമത്തു് പിടിച്ചും ശത്രുക്കളെ വധിച്ചും തടവുകാരാക്കിയുംകൊണ്ടിരുന്നു.

---

* ഇങ്ങനെയുള്ള അറബിവാക്കുകളുടെ അർത്ഥങ്ങളും വിവരങ്ങളും "ബദർവിജയ"ത്തിൽ വിവരിച്ചിട്ടുണ്ടു്.

മുസ്‌ലിംകൾ സ്വത്തുക്കൾ കൂട്ടംകൂട്ടമായി ശേഖരിക്കു ന്നതുകണ്ടു് നബിതിരുമേനി (സ) കാവൽ നിറുത്തിയിരു ന്ന സൈന്യങ്ങൾ അതിന്റെ നേതാവായ അബ്ദുല്ലാഹി ബിനുജ്ജുബൈറി (റ) നോടു് പറഞ്ഞു: "യുദ്ധം കഴിഞ്ഞു. ശത്രുക്കൾ പലായനം ചെയ്തു. മുസ്‌ലിംകൾ ഗനീമത്തു് പിടിച്ചുകൂട്ടുന്നു. നാം ഈ സന്ദർഭത്തിൽ ഇവിടെ നില്ക്കു ന്നതിന്റെ ആവശ്യമെന്തു്?" അബ്ദുല്ല (റ) പറഞ്ഞു: "എന്തുതന്നെയായാലും നാം നബിതിരുമേനി (സ) യുടെ കല്പന ലംഘിക്കുവാൻ പാടില്ല. എന്തുതന്നെ ദൃശ്യമായാ ലും ഇവിടം വിടരുതെന്നു് നബിതിരുമേനി (സ) വ്യക്ത മായ ഭാഷയിൽ നമ്മോടു കല്പിച്ചിട്ടുണ്ടു്." പക്ഷെ, അതു് അവരിൽ ഭൂരിപക്ഷവും സ്വീകരിച്ചില്ല. അവർ അവിടെ നിന്നിറങ്ങി മുസ്‌ലിംകളോടൊപ്പം ഗനീമത്തു് പിടിച്ചെടു ക്കുന്നതിൽ വ്യാപൃതരായി.

അവരുടെ നേതാവായ അബ്ദുല്ലാഹിബ്നുജ്ജുബൈർ (റ) വും പത്തിൽ താഴെ സഹാബികളും ആ ചുരത്തിൽത ന്നെ പതറാതെ ഉറച്ചുനിന്നു.

ചുരത്തിലുണ്ടായിരുന്ന അശ്വവീരന്മാർ വളരെ കുറ ഞ്ഞതായി ഖാലിദ് മലയുടെ പിൻഭാഗത്തുനിന്നു കണ്ടു. അവർ സമരരംഗത്തുനിന്നു് ഓടി നിരാശരായിരിക്കുകയാ യിരുന്നു. ഖാലിദും ഇക്‌രിമത്തുംകൂടി ആ മാർഗ്ഗത്തിലേയ്ക്കു കുതിരപ്പുറത്തുചെന്നു നോക്കി. എന്നുതന്നെയല്ല, അവർ ആഹ്ലാദചിത്തരായി ആ മാർഗ്ഗത്തിലൂടെ പ്രവേശിച്ചു് അ വിടെ കാവലുണ്ടായിരുന്ന അബ്ദുല്ല (റ) യേയും കൂട്ടുകാ രേയും ആക്രമിച്ചു. ചെറുതാണെങ്കിലും ഘോരമായ സമരം

നടന്നു. മുസ്‌ലിം കാവല്ക്കാർ എല്ലാവരും കാഫിറുകളിൽ പലരും വധിക്കപ്പെട്ടു. ശഹീദായ അബ്ദല്ല (റ) യെ ശത്രുക്കാം വീണ്ടും അനവധി പരിക്കുകളേല്പിച്ചു.

സ്വത്തുക്കാം സമ്പാദിക്കുകയും ഒററപ്പെട്ട ശത്രുക്കളെ ബന്ധിക്കുകയും ചെയ്തുകൊണ്ടിരുന്ന മുസ്‌ലിംകാം ഇതൊന്നുംതന്നെ അറിഞ്ഞില്ല. പടക്കളത്തിൽ വീണ്ടും പ്രവേശിച്ച ശത്രുക്കാം അവരുടെ സംബോധനാക്രമമായ "യാലൽ ഉസ്സാ, യാലൽഹുബുൽ" എന്നു വിളിച്ചു. അവർ വീണ്ടും നിരന്നു് അണികളുറപ്പിച്ചു യുദ്ധമാരംഭിച്ചു.

അവിചാരിതമായി പിൻഭാഗത്തുനിന്നുണ്ടായ ഈ ആക്രമണം കണ്ടു് മുസ്‌ലിംകാം പകച്ചുപോയി. അവർ ഭിന്നിച്ചു് പല ഭാഗങ്ങളിലായിത്തീൻ. കൈവശമുണ്ടായിരുന്ന സ്വത്തുക്കളും, ബന്ധിക്കപ്പെട്ടിരുന്ന ആളുകളേയും കൈവെടിഞ്ഞു. ശത്രുക്കാം ഇടകലന്നിരുന്നതിനാലും, അന്യോന്യം അറിയുവാനായി വിളിക്കപ്പെട്ടിരുന്ന "അമിതു്, അമിതു്" എന്ന വാക്കു് പരിഭ്രമത്താൽ ഓമ്മവരായ്കയാലും സഹാബികാംക്കു പടക്കളത്തിൽ ഇരുട്ടായി തോന്നി. അവർ ഓടിത്തുടങ്ങി. മിസ്‌അബ്‌ബ്നുഉമൈർ (റ) പതാക ഉയത്തിപ്പിടിച്ചുനിന്നു പൊരുതുമ്പോാം ശഹീദായി. പതാക അദ്ദേഹത്തിൻെറ രൂപത്തിൽ ഒരു മലക്കു് വഹിച്ചു. അതല്ല, നബിതിരുമേനി (സ) അലി (റ) യ്ക്കു് നല്കിയെന്നും കാണുന്നുണ്ടു്. കല്പന ലംഘിച്ചവരും അല്ലാത്തവരും അതിൻെറ ഭവിഷ്യത്തു് അനുഭവിക്കേണ്ടിവന്നു. ഉഹദിൽ വെച്ചു് മുസ്‌ലിംകാംക്കു വിഷമങ്ങാം നേരിടാൻ തുടങ്ങി

യത്രു് ഈ കല്പന ലംഘിച്ചതിന്നു ശേഷമാണു്. ഇതു സംബന്ധിച്ചു് "അല്ലാഹു നിങ്ങാംക്കു് ഒരു വ്യസനത്തിന്നു പകരം വ്യസനത്തെ പ്രതിഫലം തന്നിരിക്കുന്നു" എന്നു് ഖുർആൻ പ്രസ്താവിക്കുന്നു. "അല്ലാഹു നിങ്ങാംക്കു് പൊറുത്തുതന്നിരിക്കുന്നു" എന്നു വീണ്ടും ഖുർആൻ പ്രഖ്യാപിച്ചു.

ശത്രുക്കളുടെ പതാക വീണു കിടന്നിരുന്നതു് അൽകമത്തിൻെറ മകാം ഹംറ എന്ന സ്ത്രീ ഉയത്തിപ്പിടിച്ചു. ആ പതാകയെ ലക്ഷ്യമാക്കി ശത്രുക്കാം സംഘടിച്ചു. ഇത്തരുണത്തിൽ ഇബ്നുകമിഅത്തു് എന്നവൻ ഇപ്രകാരം വിളിച്ചുപറഞ്ഞു: "ഇന്ന മുഹമ്മദൻ കദ്കത്തില" (മുഹമ്മദ് യുദ്ധത്തിൽ കൊല്ലപ്പെട്ടു.) ഇബ്ലീസാണു് വിളിച്ചതു് എന്നും ചരിത്രകാരന്മാരിൽ അഭിപ്രായവ്യത്യാസമുണ്ടു്. ഇബ്ലീസ് വീണ്ടും "പിൻഭാഗത്തേയ്ക്കു തിരിയുവിൻ" എന്നു വിളിച്ചുപറഞ്ഞു. അപ്പോാം മുസ്ലിംകാം പിന്നിലേയ്ക്കു തിരിഞ്ഞു് അടുത്ത അണിയിലെ മുസ്ലിംകളുമായിത്തന്നെ യുദ്ധം ചെയ്തു. ഇങ്ങനെ സൈന്യം ഇടകലൻ വകതിരിവില്ലാതായിത്തീൻ. 'അറബ്ബുൽ അക്കബ' എന്ന ശൈത്താനാണു് ഇപ്രകാരം വിളിച്ചതെന്നും പക്ഷാന്തരമുണ്ടു്. മൂന്നു പ്രാവശ്യം വിളിച്ചു. നബിതിരുമേനി (സ) ആ വിളി കേട്ടു. "ഹാദാ അസബ്ബുൽ അക്കബ" (അകബഃ എന്ന സ്ഥലത്തുള്ള കുറിയ ദേഹം* ആകുന്നു) എന്നു് പറഞ്ഞു. ഇബ്നുകമിഅ, ഇബ്ലീസ്, അസബ്ബ് എന്നീ മൂന്നുപേർ വിളിച്ചു എന്നും ഊഹിക്കാം.

---

* ഇതിനെയായിരിക്കണം നമ്മുടെ രാജ്യങ്ങളിൽ "കുട്ടിച്ചാത്തൻ" എന്നു പറഞ്ഞുവരുന്നതു്,

മുസ്ലിംകൾ വ്യസനാക്രാന്തരായിത്തീൎന്നു. വിവരമില്ലാതെ അന്യോന്യം വെട്ടി. സഹാബികൾ അന്നു് മൂന്നു തരക്കാരായിത്തീൎന്നു. ഒരുകൂട്ടർ മദീനത്തേയ്ക്കോടി. ഇവർ കുറച്ചുപേർ മാത്രമാണു്. യുദ്ധം കഴിഞ്ഞതിന്നുശേഷമാണു് അവർ മടങ്ങിയതു്. രണ്ടാമത്തെ കൂട്ടർ അത്ഭുതപരതന്ത്രരായി ബോധംവിട്ടുപോയി. അവർ തന്നത്താൻ വ്യസനിച്ചു. ഈ വിഭാഗക്കാർ അനവധിയുണ്ടു്. മൂന്നാമത്തെ കൂട്ടർ നബിതിരുമേനി (സ) യോട്ടുകൂടി ഉറച്ചുനിന്നു പൊരുതി. രണ്ടാമത്തെ കൂട്ടർ ക്രമേണ മൂന്നാമത്തവരുമായി ചേൎന്നു. നബിതിരുമേനി (സ) യാതൊരു ചാഞ്ചല്യവും കൂടാതെ ഉറച്ചുനിന്നു.

കപടവിശ്വാസികൾ — മുനാഫിക്കീങ്ങൾ — അന്നു പല വിധത്തിലായിത്തീൎന്നു. ചിലർ പറഞ്ഞു: "ഞങ്ങൾ സന്മാൎഗ്ഗത്തിലായിരുന്നുവെങ്കിൽ ഈ അനൎത്ഥങ്ങളൊന്നും കൂടാതെ കഴിക്കാമായിരുന്നു." മററു ചിലർ പറഞ്ഞു: "മുഹമ്മദ് പ്രവാചകനായിരുന്നുവെങ്കിൽ കൊല്ലപ്പെട്ടുകയില്ലായിരുന്നു. അദ്ദേഹം കൊല്ലപ്പെട്ടു. ഇനി പൂൎവ്വസ്ഥിതിയിലേയ്ക്കു മടങ്ങുന്നതാണു് നല്ലതു്." അവരിൽ ഒരുത്തൻ പറഞ്ഞു: "നമ്മുടെ അബ്ദുല്ലാഹിബ്നുഉബയ്യിനെ വരുത്തി അബൂസുഫ്യാനുമായി സന്ധിയാലോചിക്കുക! കൂട്ടരെ! മുഹമ്മദ് കൊല്ലപ്പെട്ടു. നിങ്ങൾ നിങ്ങളുടെ പൈതൃകമതത്തിലേയ്ക്കു ശത്രുക്കൾ വധിക്കുന്നതിന്നുമുമ്പു് മടങ്ങിക്കൊൾവിൻ!" അപ്പോൾ അനസുബ്നുന്നളർ (റ) പറഞ്ഞു: "മനുഷ്യരെ! മുഹമ്മദ് കൊല്ലപ്പെട്ടുവെങ്കിൽ അദ്ദേഹത്തിൻെറ റബ്ബിന്നു ജീവനുണ്ടല്ലോ? അതുകൊണ്ടു് അവന്നുവേണ്ടി യുദ്ധം നടന്നിരുന്നതുപോലെ നിങ്ങൾ യുദ്ധം

ചെയ്തുകൊള്ളുവിൻ.” സഅദ്ബ്നുമആദ് (റ) വും മററും ഇതിനോടു യോജിച്ചു സംസാരിച്ചു. അദ്ദേഹം സന്മാർഗ്ഗിയാണ്. അനസ് (റ) അൻസാരികളോട് പറഞ്ഞു: “സത്യവിശ്വാസികളെ! നമ്മുടെ നബി കൊല്ലപ്പെട്ടുവെങ്കിൽ നമ്മുടെ ജീവിതംകൊണ്ട് എന്തു പ്രയോജനം. നിങ്ങൾ പൊരുതുവിൻ! നബിതിരുമേനി (സ) മരണം വരിച്ച ആ ദിവ്യമായ മാർഗ്ഗത്തിൽ മരിക്കുവിൻ!” അദ്ദേഹം ശഹീദാകുന്നതുവരെ പൊരുതി ശഹീദായി. അനസ്ബ്നുമാലിക്ക് (റ) പറയുന്നു: “അനസ്ബ്നുന്നളറ് (റ) ശഹീദാകുന്നതായി ഞാൻ കണ്ടു. അദ്ദേഹത്തിൻെറ ശരീരത്തിൽ വാൾകൊണ്ടു വെട്ടിയതായും ചവളംകൊണ്ട് കുത്തിയതായും എണ്പതിലധികം മുറിവുകൾ കാണപ്പെട്ടു.”

## ഹ: ഹംസ (റ) യുടെ ശഹാദത്ത്

ഹസ്രത്ത് ഹംസ (റ) ഉഹദ്‌യുദ്ധത്തിൽ സഹാബികൾ ഭയന്ന് ഓടിയപ്പോൾ രണ്ടു വാളുകൾ കരങ്ങളിലേന്തിക്കൊണ്ട് “അനഅസദുല്ലാ” (ഞാൻ അല്ലാഹുവിൻെറ പുലിയാണ്) എന്നു പറഞ്ഞ് ശത്രുക്കളിൽ തീവ്രമായി പൊരുതുന്നതായി താൻ കണ്ടുവെന്ന് ഹ: ഹലബീ (റ) പറയുന്നു.

ഹസ്രത്ത് ഹംസത്തുബ്നു അബ്ദുൽമുത്തലിബ് (റ) വിൻെറ ശഹാദത്തിനെപ്പററി എഴുതുമ്പോൾ ഹൃദയം വിങ്ങിവിങ്ങി കരയുന്നു. തൂലിക അതിൻെറ മൂകഭാഷയിൽ വിലപിക്കുന്നു എന്നു തോന്നുന്നു. സഹോദരന്മാരെ! ഉഹദിലെ ഏററവും ഭയനീയമായ രംഗമാണിത്! ഇസ്‌ലാം

ചരിത്രത്തിലെ അവിസ്മരണീയരംഗങ്ങളിലൊന്നുമാണിതു്! ഇവിടെ എത്തുമ്പോൾ ഹസ്രത്തു് ഹംസ (റ) ഇസ്ലാംമതം വരിച്ച രംഗങ്ങൾവരെ നമ്മുടെ ചിന്ത നീണ്ടുപോകുന്നു. ഹസ്രത്തു് ഹംസ (റ) ബദറിൽ എന്തെല്ലാമാണു് കാട്ടിക്കൂട്ടിയതെന്നു വായനക്കാർ കണ്ടിരിക്കുമല്ലൊ? ഇസ്ലാമാകുന്ന നഭോമണ്ഡലത്തിൽ മിന്നി പ്രകാശിച്ചിരുന്ന ആ രജതതാരം—അതേ നബിതിരുമേനി (സ) യുടെ പിതൃസഹോദരൻ—ധീരരണസിംഹം—അല്ലാഹുവിൻെറ അസദ് ഹംസ (റ) പൊലിയുവാൻ പോകുകയാണു്. ഹസ്രത്തു് ഹംസ (റ) യുടെ വിയോഗംപോലെ നബിതിരുമേനി (സ) യെ വ്യസനിപ്പിച്ച മററു സംഗതികളുണ്ടോ എന്നു സംശയമാണു്.

ഹ: ഹംസ (റ) പലരേയും കൊലപ്പെടുത്തി തൻെറ ഭീകരമായ സഞ്ചാരം നടത്തിക്കൊണ്ടിരിക്കുകയാണു്. അപ്പോഴാണു് സമരം ചെയ്തു് അഹങ്കരിച്ചു തനിക്കു സമന്മാരില്ലെന്നു് അഭിമാനിച്ചുകൊണ്ടു് സിബാഉ എന്ന പ്രസിദ്ധനായ യുദ്ധവീരൻ ഹംസ (റ) യുടെ നേരെ എത്തിയതു്. തൻെറ അന്ത്യം അടുത്തുവെന്നു് ആ അഹംഭാവി അറിഞ്ഞിരിക്കയില്ല. പക്ഷെ, ഹംസ (റ) എന്ന ധീരകേസരി അവൻെറ നേരെ ചാടിവീണുകഴിഞ്ഞു. സിംഹത്തിൻെറ പിടിയിൽനിന്നും രക്ഷ പ്രാപിക്കുവാൻ മാർജ്ജാരൻ ചെയ്യുന്ന പരാക്രമംപോലെ ചിലതെല്ലാം അവനും പയററിനോക്കി. പക്ഷെ, ഹംസ (റ) യുടെ ഒരു വെട്ടു് അവനെ മരണത്തിൻെറ പടിവാതിൽ കടത്തിവിട്ടു. അതോടുകൂടി ഈ യുദ്ധത്തിൽ ഹംസ (റ) ഇരുപത്തിമൂന്നുപേരെ വധിച്ചു.

അതല്ല, മുപ്പത്തിമൂന്നുപേരെയാണെന്നും അഭിപ്രായവ്യത്യാസമുണ്ട്. ജുബൈറുബ്നമുഅത്തിമിൻെറ അടിമ വഹ്ശി പറയുന്നു: “എനിക്ക് ഉഹദ്‌യുദ്ധത്തിൽ ഹംസ (റ) യെ വധിക്കേണമെന്നല്ലാതെ യാതൊരു ഉദ്ദേശവുമുണ്ടായിരുന്നില്ല. ഞാൻ അതിന്നു് അവസരം പാൎത്തുകൊണ്ടിരുന്നു. ഞാൻ ഒളിച്ചിരുന്നു് അദ്ദേഹത്തെ വീക്ഷിക്കുകയായിരുന്നു. അദ്ദേഹത്തിൻെറ പരാക്രമത്താൽ സന്ദർഭം ലഭിച്ചില്ല. സിബാഉ എന്ന യുദ്ധവീരനെ ഹംസ (റ) വധിച്ചു. വില പിടിച്ച അങ്കിയായിരുന്നു സിബാഉ ധരിച്ചിരുന്നതു്. അവൻെറ അങ്കി അഴിക്കുവാനായി അദ്ദേഹം കുനിഞ്ഞു. വളരെനേരം വിശ്രമമെന്യെ സമരം ചെയ്കയായിരുന്ന അദ്ദേഹത്തിന്നു ക്ഷീണാധിക്യത്താൽ ആ നില്പിൽ അല്പം ആശ്വാസം തോന്നി. അങ്ങനെ അങ്കി അഴിക്കുന്ന ഹംസ (റ) യുടെ നെഞ്ചിന്നു താഴെ അങ്കി നീങ്ങിയതായി ഞാൻ കണ്ടു. ഞാൻ സന്ദർഭം പാഴാക്കിയില്ല. ഒരു കല്ലിൻെറ മറവിലിരുന്നു് ഞാൻ ചവളം ചുഴററി എറിഞ്ഞു. ഉദരത്തിന്നു താഴെ ചവളം തുളഞ്ഞുകയറി മറുവശത്തു് വന്നു. ആ ക്ഷണത്തിൽതന്നെ ആ പരാക്രമശാലി നിവൎന്നു. എന്നെ സമീപിക്കുവാൻ ശ്രമിച്ചു. പക്ഷെ, അദ്ദേഹം വീണുകഴിഞ്ഞു. അദ്ദേഹത്തിൻെറ ജീവൻ പോകുന്നതുവരെ ഞാൻ അടുക്കുവാൻ ധൈൎയ്യപ്പെട്ടില്ല. കുറച്ചു കഴിഞ്ഞപ്പോൾ അന്ത്യനിമിഷങ്ങൾ അവസാനിച്ചുവെന്നു കണക്കാക്കി ഞാൻ എൻെറ ആയുധം എടുത്തു പോന്നു.”

ഒഹ്ശി പ്രയോഗിച്ചതായി പറയുന്ന ചവളം അഗ്രത്തിന്നു് അതിയായ മൂൎച്ചയുള്ളതും, തുളഞ്ഞുകയറിയതിന്നു

ശേഷം തിരിച്ചുകിട്ടാതിരിക്കത്തക്ക നിലയിൽ ഉള്ളതുമാണു്. മിർമി എന്നും ഇതിന്നു പറയും. കേരളത്തിൽ ഇതിനോടു സാമ്യതയുള്ള ആയുധങ്ങൾ ചിലേടത്തു് മത്സ്യം പിടിക്കുവാൻ ഉപയോഗിക്കുന്നതു് കണ്ടിട്ടുണ്ടു്. "ചാട്ടു് ചവളം" എന്നാണു് മുഴുവൻപേർ. ചവളം എറിയുന്നതിന്നു 'ചാട്ടുക' എന്നാണു് പറഞ്ഞുവരാറു്. അതെറിയുമ്പോൾ ചുഴററിയാണെറിയുക. അതിന്നു പ്രത്യേക പരിശീലനം ആവശ്യമാണു്. ചുഴററി എറിയപ്പെടുന്ന ചവളം ശരീരത്തിൽ ഏററതിന്നുശേഷവും തിരിഞ്ഞുകൊണ്ടു മാംസത്തെ കൂടുതൽ മട്ടിക്കും. കൈകൊണ്ടു് കുത്തുവാനുപയോഗിക്കുന്ന ചവളം വേറെയുണ്ടെന്നു തോന്നുന്നു. ഒഹ്ശി ചവളം പ്രയോഗിക്കുവാൻ മിടുക്കനായിരുന്നു. ഹംസ (റ) യ്ക്കു് ശഹീദാകുമ്പോൾ അമ്പത്തൊമ്പതു വയസ്സ് പ്രായമാണു്.

മഹാകവി മോയിൻകുട്ടിവൈദ്യർ തൻെറ "ഉഹദ് പട"യിൽ ഈ രംഗത്തെ ചിത്രീകരിക്കുന്ന ചില വരികൾ കൂടി ഇവിടെ ഉദ്ധരിക്കാം.

തരംഎണ്ടു്ററു് ഉറച്ചവൻ അടുത്താനെ ജനർകളെ
പകുത്താനെ ഒഹ്ശിയും അടുത്താനെ
സമയത്തിൽ പുലിഹംസ ഇടൈന്തോരാം പടകൊടു
തളർന്തോരാം കനിവിലെ നിലൈന്തോരാം
പരിശിൽ കണ്ടവൻ പിമ്പിൽ അണുന്താനെ മിറിമിയാൽ
എറിന്താനെ അവരുടെ പുറംതാനേ
പടയങ്കിക്കയിൽ മെയ്യിൽ പലിന്താനെ അജൽവിദി
പെടുന്താനേ ഭുവിയിലെ വിളുന്താനേ."

## ഹ: ഹംസ (റ) യുടെ ഇസ്ലാംമതസ്വീകരണം

അതു് ചരിത്രപ്രസിദ്ധമായൊരു സംഭവമാണ്. ഇസ്ലാം ഏതാനും വ്യക്തികളുടെ 'ഒരാശയ'മായിരുന്ന സന്ദർഭത്തിലാണ് ഹംസ (റ) ഇസ്ലാം വരിച്ചതു്. അതും അവിചാരിതമായി! നബുവ്വത്തിൻെറ ആറാംവർഷത്തിലാണതുണ്ടായതു്.

ഒരിക്കൽ നബിതിരുമേനി (സ) ദാറുൽഅർ്ഖമിൽനിന്ന് ഇറങ്ങി സഫാമലയുടെ മുകളിൽ ധ്യാനനിരതനായിരിക്കുകയായിരുന്നു. ഇതുതന്നെ തരമെന്നു കരുതി നബിതിരുമേനി (സ) യുടെ ശത്രുക്കളിൽ അദ്വിതീയനായ അബൂജഹൽ അവിടെ എത്തി നബി (സ) യെ ഏററവും നിശിതമായി ശകാരിക്കുകയും അതുകൊണ്ടും തൃപ്തിപ്പെടാതെ ഒരു കല്ലെടുത്തു് നബി (സ) യുടെ തലയിലിടുകയും ചെയ്തു. തിരുമേനി (സ) യുടെ ശിരസ്സിൽ മുറിവുപററി രക്തം പ്രവഹിച്ചുതുടങ്ങി. അതുകണ്ടു് സുസ്മേരവദനനായി അബൂജഹൽ ഓടിപ്പോയി.

ഈ സംഭവം അബ്ദുല്ലാഹിബ്നുജദ്ആൻ എന്നാളുടെ ഒരടിമസ്ത്രീ കണ്ടു. അവൾക്ക് നബിതിരുമേനി (സ) യുടെ മേൽ കരുണ തോന്നി. ഹ: ഹംസ (റ) വേട്ട കഴിഞ്ഞു് ആ വഴിക്ക് തിരിച്ചുവരുമ്പോൾ പ്രസ്തുത സ്ത്രീ ഈ കഥ കേൾപ്പിച്ചു. ഹംസ (റ) കോപാകുലനായി പറഞ്ഞു: "എൻെറ ജീവിതകാലത്തു് സഹോദരപുത്രനെ ഉപദ്രവിക്കുവാൻ ആരടാ...?"

അബൂജഹലിനെ അന്വേഷിച്ചപ്പോൾ കഅബത്തിലാണെന്നറിഞ്ഞു. ഹ: ഹംസ (റ) കഅബയിൽ ചെന്ന

പ്പോൾ അബൂജഹൽ ഖുറൈശിപ്രമാണികളുടെ മദ്ധ്യത്തി ലിരുന്ന് നബി (സ) യെ ഉപദ്രവിച്ച കഥ സരസമായി ഘോഷാരവത്തിന്നിടയിൽ പറഞ്ഞുകൊണ്ടിരിക്കുകയാണ്. ഹംസ (റ) അവരുടെ മദ്ധ്യത്തിൽ കടന്ന് "പക്ഷെ, നീ എന്റെ ജീവിതകാലത്ത് സഹോദരപുത്രനെ ഉപദ്രവിക്കു വാൻ ധൈര്യപ്പെട്ടുവോ? ഞാനും അവന്റെ കൂട്ടത്തിലാണ്" എന്നു ഗർജ്ജിച്ചുകൊണ്ട് അബൂജഹലിന്റെ തലയ്ക്ക് വേ ട്ടവില്ലുകൊണ്ട് അടിച്ചു പരിക്കേല്പിച്ചു.

ഹംസ (റ) പകരംവീട്ടി എന്ന കൃതാർത്ഥതയോടെ നബിതിരുമേനി (സ) യുടെ സന്നിധിയിലെത്തി വിവരം അറിയിച്ചു. പ്രതിക്രിയയിൽ അവിടുന്നു താല്പര്യം കാണി ച്ചില്ല. അവിടുന്ന് സ്വതഃസിദ്ധമായ മധുരഭാഷയിൽ ഹംസ (റ) യോടു പറഞ്ഞു: "പ്രതികാരമല്ല എന്റെ സന്തോഷം; അവിടുന്ന് എപ്പോൾ ഇസ്ലാംമതം സ്വീകരിക്കുന്നുവോ അപ്പോഴാണ് എന്റെ സന്തോഷം." നബിതിരുമേനി (സ) യുടെ ഹൃദയംഗമമായ ഈ വാക്കുകൾ പിതൃവ്യന്റെ ഹൃദയത്തെ കവന്നു. എന്നു മാത്രമല്ല, കുറച്ചുമുമ്പ് പറഞ്ഞ 'ഞാനും അവന്റെ കൂട്ടത്തിലാണ്' എന്ന വാക്കും സ്മരണ യിൽ വന്നു. അദ്ദേഹം അപ്പോൾതന്നെ ഇസ്ലാംമതം അവലംബിച്ചു. ഹംസ (റ) ഇപ്രകാരം ഒരു കവിത ചൊ ല്ലുകയുമുണ്ടായി.

"ഹമിത്തുല്ലാഹഹീനഹദാഫുആദി
ഇലൽഇസ്ലാമി ഒദ്ദീനിൽ ഹനീഫീ
ലിദീനിൻജാഅമിൻ റബ്ബിൻഅസീസിൻ
ഖബീരിൻബിൽ ഇബാദിബിഹംലത്തീഫിൻ."

(മനുഷ്യരെ സൃഷ്ടിച്ച, സംരക്ഷിച്ച, കാരുണ്യം വർഷിക്കുന്ന, രഹസ്യങ്ങളെ അറിയുന്നവനായ സർവ്വശക്തനായ അല്ലാഹു, അവൻെറ പ്രവാചകനു നല്കിയ സന്മാർഗ്ഗമായ ഇസ്‌ലാംമതത്തിലേയ്ക്കു് എൻെറ ഹൃദയത്തെ നയിച്ച അല്ലാഹുവിനെ ഞാൻ ഹൃദയംഗമമായി വാഴ്ത്തുന്നു...)

ഇസ്‌ലാമിനെ ശക്തിപ്പെടുത്തുവാനുണ്ടായ രണ്ടു ധീര പരിവർത്തനങ്ങളിൽ ഒന്നു് ഹംസ (റ) യുടേതും രണ്ടാമത്തേതു് ഹസ്രത്തു് ഉമർ (റ) വിൻേറയുമാണു്. അതിനാൽ ഉമറിൻെറ പരിവർത്തനകഥക്കൂടി ഇവിടെ ഉദ്ധരിക്കുകയാണു്.

## *ഉമറിൻെറ പരിവർത്തനം

ഹസ്രത്തു് ഹംസ (റ) യുടെ ഇസ്‌ലാംമതസ്വീകരണം കഴിഞ്ഞു് ഏതാനും ദിവസങ്ങൾക്കുള്ളിലാണു് ഉമർ ഇസ്‌ലാംമതം സ്വീകരിച്ചതു്.

ഉമർ ഇസ്‌ലാംമതം സ്വീകരിച്ച കഥ രസാവഹമാണു്. ഉമർ ജന്മനാ ഒരു കോപസ്വഭാവിയായിരുന്നു. ഇസ്‌ലാമിനോടുള്ള പകയും വിദ്വേഷവും ഉമറിൻെറ സ്വഭാവത്തെ കൂടുതൽ തീക്ഷ്ണമാക്കിത്തീർത്തു. സാധുക്കളും നിസ്സഹായരുമായ മുസ്‌ലിംകളെ ഉമർ കഠിനമായി ഉപദ്രവിച്ചുകൊണ്ടിരുന്നു. പക്ഷെ, മുസ്‌ലിംകളെ ഉപദ്രവിച്ചു് ഉമർ തളർന്നുവെന്നല്ലാതെ ആ ദ്രോഹങ്ങൾകൊണ്ടു് മുസ്‌ലിംകളിൽനിന്നു് ഒരൊററ വ്യക്തിപോലും ഇസ്‌ലാംമതമുപേ

---

* "ഇസ്‌ലാമിക് കൾച്ചർ" മാസികയിൽ പ്രസിദ്ധീകരിച്ചിരുന്നു.

KOTTAYAM PUBLIC LIBRARY KOTTAYAM.

ക്ഷിച്ച് ഉമറിൻെറ പൈതൃകമതത്തിലേയ്ക്കു മടങ്ങുകയുണ്ടായില്ല.

മുസ്‌ലിംകളുടെ കഷ്ടപ്പാടുകൾ ദൈനംദിനം അധികരിച്ചു. അതോടൊപ്പം അവരുടെ എണ്ണവും സ്ഥൈര്യവും വർദ്ധിച്ചുവന്നു. ഖുറൈശികൾ അമ്പരന്നു. ഉടനെ ഉണർന്നു പ്രവർത്തിക്കാത്തപക്ഷം തങ്ങളും തങ്ങളുടെ ദൈവങ്ങളും അപകടത്തിലാവുമെന്ന് അവർ കണ്ടു. അബൂജഹൽ (അബുൽഹക്കം), അബൂലഹബ്, ഉമയ്യത്ത്, ഉമർ തുടങ്ങിയ നേതാക്കന്മാർ രഹസ്യമായി ദാറുന്നദ്‌വത്തിൽ സമ്മേളിച്ചു. ഇസ്‌ലാംമതത്തിൻെറ വേരറുക്കുവാൻ—അതേ നബിതിരുമേനി (സ) യുടെ കഴുത്തറുക്കുവാൻ—അബൂജഹൽ നിർദ്ദേശിച്ചു. യോഗം അതംഗീകരിച്ചു. എന്നാൽ ആ ധീരകൃത്യം നിർവ്വഹിക്കുവാൻ മനക്കരുത്തുള്ളവനാർ? എല്ലാവരുടേയും നയനങ്ങൾ ഉമറിൻെറ മേൽ പതിഞ്ഞു. ഭീമകായനും, സാഹസികനുമായ ഒരു യുവാവ്! ഇരുമ്പുലയ്ക്കപോലെ നീണ്ടുരുണ്ട കൈകൾ! കണ്ടാൽ ഏവനും നടുങ്ങുമാറുള്ള മുഖഭാവം! എന്തിന്നും തയ്യാറുള്ള സ്വഭാവം!

ഉമർ മുന്നോട്ടു വന്നു. "അവൻെറ തല ഞാൻ കൊണ്ടുവരും." ഉമർ സ്വതഃസിദ്ധമായ ധീരതയോടെ പ്രതിജ്ഞചെയ്തു. തിരുമേനി (സ) യെ തിരഞ്ഞ് ഉമർ ത്വരിതഗമനം ചെയ്തു. തീപ്പൊരി പാറുന്ന കണ്ണുകൾ! ഭൂമി കുലുങ്ങുമാറുള്ള നടത്തം! സൂര്യകിരണങ്ങളേററു പ്രശോഭിക്കുന്ന ഒരു വാൾ ഉമറിൻെറ കയ്യിലുണ്ട്. ഉമറിനെ കണ്ടു തെരുവീഥികളിൽ ലീലയിലേപ്പെട്ടിരുന്ന ബാലന്മാർ ഗൃഹങ്ങൾക്കുള്ളിൽ പാഞ്ഞൊളിച്ചു.

മാർഗ്ഗമദ്ധ്യേ സ്നേഹിതനായ സഅദ്ബ്നു അബീഖ ക്കാസ് (റ) കോപാന്ധനായ ഉമറിനെ കണ്ടു് "എങ്ങോ ട്ടാണു് പുറപ്പാടു്" എന്നന്വേഷിച്ചു. "ആ ദൈവനിന്ദ കൻ മുഹമ്മദിന്റെ തല വീശാൻ" എന്നു് ഉമർ പ്രതി വചിച്ചു. പാന്ഥൻ പറഞ്ഞു: "നീ ഇത്ര ബുദ്ധിശൂന്യനാ ണെന്നു ഞാൻ ഇപ്പോഴാണു് മനസ്സിലാക്കിയതു്! ഉമറെ! നിന്നേക്കാൾ എത്ര മഹാന്മാർ അറബികളിലുണ്ടു്. അവ രാരും ഇങ്ങനെ ഒരുങ്ങിക്കണ്ടിട്ടില്ല. മുഹമ്മദിന്റെ ഘാത കനായിട്ടു് അബ്ദുമനാഫിന്റെ സന്തതികളിൽനിന്നു ര ക്ഷപ്പെടുവാൻ നിനക്കു സാധിക്കുമോ?"

ഉമർ: നീയും അവന്റെ കെണിയിൽ പെട്ടുവെന്നു തോ ന്നുന്നു.

സഅദ്: അതേ. കെണിയിൽ പെടുകയല്ല; പൂർണ്ണമായും വിശ്വസിച്ചുകഴിഞ്ഞു.

ഇതു കേട്ടപ്പോൾ ഉമർ ചാടി സഅദുമായി ദ്വന്ദ്വ യുദ്ധമാരംഭിച്ചു. പക്ഷെ, അത്ഭുതമെന്നേ പറഞ്ഞുകൂടൂ, വളരെ അശക്തനും, കൃശഗാത്രനുമായ സഅദിനെ ജയിക്കു വാൻ സുപ്രസിദ്ധ യോദ്ധാവും ശക്തനുമായ ഉമറിന്നു് എത്ര ശ്രമിച്ചിട്ടും സാധിച്ചില്ല. വളരെ നേരത്തെ പയററിന്നു ശേഷം സഅദ് പറഞ്ഞു: "ഉമറെ! നീ ആദ്യമായി നന്നാ ക്കേണ്ടതു് നിന്റെ സ്വന്തം കുടുംബക്കാരെയല്ലെ? നിന്റെ സഹോദരി ഫാത്തിമയും, സ്യാലൻ സഅദും മുഹമ്മദിന്റെ മതത്തിൽ ചേർന്നിരിക്കുന്നു. എന്നേക്കാൾ മുമ്പു് അവരെ യല്ലെ താങ്കൾ സന്മാർഗ്ഗത്തിലാക്കേണ്ടതു്?"

ഉമർ: എന്തു്? അവർ മുസ്ലിംകളായോ?

സഅൗദ്: അതെ!

ഉമർ: എപ്പോഠം?

സഅൗദ്: ഇന്നു്!

ഉമറിൻെറ കോപാഗ്നി മറെറാരു വശത്തേയ്ക്കു് തിരിഞ്ഞു. അദ്ദേഹം സഅൗദിനെ വിട്ടു സഹോദരിയുടെ വസതിയിലേയ്ക്കു തിരിച്ചു. വാതിൽ അകത്തുനിന്നു് അടച്ചിരിക്കുന്നു. അതാ! എന്താ കേഠക്കുന്നതു്! അതിമധുരമായ ശബ്ദം! കേഠക്കുന്നവൻെറ കാതും കരളും ആകർഷിക്കപ്പെടുന്നതു്! ആരോ വിശുദ്ധ ഖുർആൻ വായിക്കുകയല്ലേ? അതെ. ഉമർ കതകിന്നിടയിൽക്കൂടെ വീക്ഷിച്ചു. ഖബ്ബാബ്ബ്നൽഅറത്തു് (റ) ഖുർആൻ പാരായണം ചെയ്യുന്നു. ഫാത്തിമയും ഭർത്താവും ഭയഭക്തിയോടെ അതു ശ്രവിച്ചുകൊണ്ടു് അരികെ ഇരിക്കുകയാണു്. ഇത്രയുമായപ്പോഠം ഉമറിൻെറ കോപം പിന്നേയും വദ്ധിച്ചു. ഉമർ ബലം പ്രയോഗിച്ചു കതകു തുറന്നു് അകത്തുകടന്നു. പക്ഷെ ഉമറിൻെറ നിഴലാട്ടം ദശിച്ച മാത്രയിൽ ഖബ്ബാബ് എവിടെയോ ഓടി ഒളിച്ചു. ഫാത്തിമ ഖുർആൻ എഴുതിയിരുന്ന ഏട്ടുകഠം മറച്ചുവെച്ചു. "ഫാത്തിമാ! എന്താണു് നിങ്ങഠം വായിച്ചിരുന്നതു്?" ഉമർ പല്ലുകടിച്ചുകൊണ്ടു് ഗർജ്ജിച്ചു.

ഫാത്തിമ: ഞങ്ങഠം ചിലതു സംസാരിച്ചിരുന്നതാണു്.

ഉമർ: നിങ്ങഠം നമ്മുടെ മാഗ്ഗമുപേക്ഷിച്ചു മുഹമ്മദിൻെറ മതം അംഗീകരിച്ചു എന്നു കേഠക്കാൻ കാരണം.

സഅൗദ് (ഫാത്തിമയുടെ ഭർത്താവു്): സന്മാഗ്ഗം നിങ്ങളിലല്ല; മറെറാന്നിലാണെന്നു ഞങ്ങഠക്കു ബോദ്ധ്യം വന്നിരിക്കുന്നു. അതുകൊണ്ടുതന്നെ.

ഇതു കേട്ടപ്പോൾ ആ സാഹസികൻ അളിയൻെറ നേരെ വാളോങ്ങി. ധീരയായ ഫാത്തിമ സഹോദരൻെറ കൈ കടന്നുപിടിച്ചു. ഉമറും സഈദും തമ്മിൽ ഉന്തും, തള്ളും, പിടിയും, വലിയും, അടിയും, ഇടിയും നടന്നുകൊണ്ടിരിക്കുമ്പോൾ തൻെറ ഭർത്താവിനെ സഹായിക്കുവാനായി ഫാത്തിമ ഇടയിൽ ചാടിവീണു. തന്നിമിത്തം ഫാത്തിമയ്ക്കു പരിക്കുപററി രക്തം പ്രവഹിച്ചുതുടങ്ങി. എന്നാൽ ഫാത്തിമ അതുകൊണ്ടും കീഴടങ്ങിയില്ല. അവർ സധൈര്യം പ്രഖ്യാപിച്ചു. "അതേ, ഉമർ! ഞങ്ങൾ പരിശുദ്ധ ഇസ്‌ലാമിനെ ആശ്ലേഷിച്ചിരിക്കുന്നു. നിങ്ങളുടെ ഇഷ്ടം പ്രവർത്തിക്കാം. പക്ഷെ, ചുടുനിണം ഞങ്ങളുടെ വിശ്വാസത്തെ കൂടുതൽ ദൃഢമാക്കുന്നതല്ലാതെ ഞങ്ങളെ പിന്തിരിപ്പിക്കുകയില്ല. എന്തുതന്നെ വന്നാലും ഇസ്‌ലാംമതമുപേക്ഷിക്കുവാൻ ഞങ്ങൾ തയ്യാറില്ല. നിൻെറ പൈതൃകമതത്തിലേയ്ക്കു ഞങ്ങൾ തിരിച്ചുവരുമെന്ന പ്രത്യാശ ഉപേക്ഷിച്ചുകൊള്ളു."

ഉമർ ഒരു കഠിനഹൃദയനായിരുന്നുവെങ്കിലും, ആ കാഠിന്യയവനികയുടെ പിന്നിൽ സ്നേഹത്തിൻേറയും, സാഹോദര്യത്തിൻേറയും പ്രഭ ഒളിഞ്ഞുകിടക്കുന്നുണ്ടായിരുന്നു. അതേ, കാറണിഞ്ഞിരുന്ന ആകാശം മിന്നൽപിണരുകളെ പ്രകാശിപ്പിക്കാറുണ്ടല്ലോ? തൻെറ സഹോദരിയുടെ ധീരമായ മറുപടി ശ്രവിച്ചപ്പോൾ അദ്ദേഹം മിഴിയുയർത്തി സഹോദരിയുടെ മുഖത്തേയ്ക്കു നോക്കി. അവരുടെ ബാഷ്പകലുഷിതമായ നയനങ്ങൾ ഉമറിൻെറ ഹൃദയത്തെ തരളിതമാക്കി. ഉമറിൽ ലീനമായിക്കിടന്നിരുന്ന മനുഷ്യത്വം മൃഗീയത്വത്തെ കവർന്നു. സ്നേഹം കോപത്തെ ജയിക്കുകയും താപത്തെ ജനിപ്പിക്കുകയും ചെയ്തു. ഉമർ ഫാത്തിമയോട്

പറഞ്ഞു: "സഹോദരീ! നിങ്ങളെന്താണ് വായിച്ചിരുന്നതു്? അതൊന്നു തരൂ! ഞാനൊന്നു നോക്കട്ടെ."

ഫാത്തിമ: നിങ്ങളതു നശിപ്പിച്ചുകളയും; ഞാൻ തരികയില്ല.

ഉമർ: ഇല്ല! തീർച്ചയായുമില്ല. കേടുവരുത്താതെ ഞാനതു തിരിച്ചുതരാം.

ഫാത്തിമ: പക്ഷെ, നിങ്ങൾ വൃത്തിഹീനനാണ്. ഖുർ-ആൻ പരിശുദ്ധതയോടെ കൈതൊടേണ്ട ഒന്നാണ്. അതിനാൽ ആദ്യം നിങ്ങൾ കുളിച്ചുവരിക.

ഫാത്തിമ പറഞ്ഞതനുസരിച്ച് ഉമർ കുളിച്ചുവന്നു. ഏതാനും സൂറത്തുകൾ (അദ്ധ്യായങ്ങൾ) എഴുതപ്പെട്ട മുസഹഫ് ഉമറിൻെറ കയ്യിൽ കൊടുത്തു.

ഉമർ ത്വാഹാ എന്ന സൂറത്തിൽനിന്ന് "ത്വാഹാ—നബിയെ—താങ്കൾ കഷ്ടപ്പെടുവാനായി താങ്കൾക്ക് നാം ഖുർആൻ ഇറക്കിത്തന്നിട്ടില്ല (1-2). പക്ഷെ, ഭയപ്പെടുന്നവക്ക് ഉപദേശിക്കാൻവേണ്ടിയാകുന്നു" (3) എന്നിങ്ങനെ ആരംഭിച്ചു. "നിശ്ചയമായും ഞാനാകുന്നു അല്ലാഹ്! ഞാനല്ലാതെ മറെറാരു ഇലാഹുമില്ല. അതുകൊണ്ട് നീ എന്നെ വണങ്ങണം! എൻെറ സ്മരണയ്ക്കായി നിസ്കാരകർമ്മം നിലനിർത്തുകയും വേണം" എന്ന 14-ാം ആയത്തുവരെ (ആദ്യത്തെ ആയത്തു മുതൽ പതിനാലാം ആയത്തുവരെ) ഉമർ വായിച്ചു. അപ്പോഴെയ്ക്കും ഇന്ദ്രജാലത്താലെന്നപോലെ ഉമറിൻെറ മട്ടാകെ മാറി. ഉമറിൻെറ മുഖത്ത് ഭയവും ഭക്തിയും മാറിമാറി നിഴലിച്ചു. വിശുദ്ധവചനങ്ങൾ അദ്ദേ

ഹത്തിൻെറ ഹൃദയത്തെ കവൎന്നു. ഉമർ ഉല്ക്കണ്ഠാകുലനായി ചോദിച്ചു.

"ഫാത്തിമാ! തിരുമേനി എവിടെയാണ്. എനിക്കവിടുത്തെ കാണിച്ചുതരിക!"

ഫാത്തിമ: എന്തിനാണ്? നബി (സ) യെ വധിക്കുവാനല്ലേ? ഞാൻ പറയുകയില്ല.

ഉമർ: ഞാൻ നബി (സ) യെ ഉപദ്രവിക്കുകയൊ? ഞാൻ തിരുമേനി (സ) യെ എൻെറ ആത്മീയഗുരുവായി വരിച്ചിരിക്കുന്നു. ഞാൻ ഇസ്‌ലാമിൽ പ്രവേശിക്കുവാൻ ആഗ്രഹിക്കുന്നു.

ഇതുകേട്ട് ഖബ്ബാബ് (റ) പുറത്തുവന്നു. അദ്ദേഹം ഉമറി (റ) നെ തിരുമേനിയുടെ സന്നിധിയിലേയ്ക്കു കൂട്ടിക്കൊണ്ടുപോയി. തിരുമേനി (സ) അന്ന് ഹംസ (റ) ഒരുമിച്ച് സഫാമലയുടെ സമീപത്തുള്ള ദാറുൽഅറ്ക്കം എന്ന ഭവനത്തിലായിരുന്നു. തിരുമേനി (സ) യും ശിഷ്യഗണങ്ങളും മതപരമായ സംഗതികൾ സംസാരിച്ചുകൊണ്ടിരിക്കെ ആയുധപാണിയായ ഉമറിൻെറ ആഗമനം അസ്ഹാബികളെ ആശ്ചൎയ്യപ്പെടുത്തി. അദ്ദേഹം തിരുമേനി (സ) യെ വധിക്കുവാനാണ് വരുന്നതെന്നു കരുതി ഹംസ (റ) പ്രാണൻ കളഞ്ഞും തിരുമേനിയെ രക്ഷിക്കുവാനായി ഒരുങ്ങിനിന്നു. ഹംസ (റ) ഉമറിൻെറ കരം പിടിച്ചുകൊണ്ടു പറഞ്ഞു: "ഉമർ! നീ നബി (സ) യെ സ്നേഹിച്ചു വന്നതാണെങ്കിൽ നല്ലതു്. അല്ലാത്തപക്ഷം നിന്നെ വധിക്കുക എന്നതു് എനിക്കു നിസ്സാരമാണ്!" പക്ഷെ, തിരുമേനി (സ) അകത്തേയ്ക്കു പ്രവേശിക്കുവാൻ ആംഗ്യം കാണിച്ചു

കൊണ്ടു് ഉറമിനെ എതിരേററു. പുഞ്ചിരി പൊഴിച്ചു കൊണ്ടു് അവിടുന്നു് അരുളി: "ഉമറേ! ഇന്നലെയായിരുന്നു ഉമറിനെ ഇസ്‌ലാമിൽ ചേർത്തുതരേണമെന്നു ഞാൻ അല്ലാഹുവിനോടു പ്രാർത്ഥിച്ചതു്. ഇന്നിതാ താങ്കൾ വന്നിരിക്കുന്നു."

"ഞാൻ ഇസ്‌ലാമിൽ വിശ്വസിക്കുന്നു" എന്നു പറഞ്ഞു് ഉമർ തലകുനിച്ചു.

"സഹോദരാ! താങ്കൾക്കു സ്വാഗതം" എന്നു പറഞ്ഞു തിരുമേനി (സ) ഉമറിനെ മാറോടണച്ചു് ആശ്ലേഷിച്ചു. അന്നു് ഉമറിന്നു മുപ്പത്തിമൂന്നു വയസ്സു് പ്രായമാണു്. നാല്പതോളം ആളുകളാണു് അന്നു് ഇസ്‌ലാമിലുണ്ടായിരുന്നതു്. അവരിലധികവും അശക്തരും നിസ്സഹായരുമായിരുന്നു.

## മുസ്‌ലിംകളുടെ പ്രഥമജാഥ

അതുവരേയും മുസ്‌ലിംകൾ വളരെ രഹസ്യമായിട്ടും ഭയന്നിട്ടും ആയിരുന്നു കർമ്മങ്ങളും മററും അനുഷ്ഠിച്ചിരുന്നതു്. ഉമർ (റ) നബിതിരുമേനി (സ) യോടു് ഇപ്രകാരം ഭീരുക്കളായിരിക്കൽ ശരിയല്ലെന്നും, പരസ്യമായി പ്രവർത്തിക്കേണമെന്നും ഉണർത്തിച്ചു. അവിടുന്നു് അതു സ്വീകരിച്ചു. അപ്രകാരം ആകെയുണ്ടായിരുന്ന സഹാബികൾ രണ്ടു വരികളായി നിന്നു. നബിതിരുമേനി (സ) നടുവിൽ നിന്നു. ഹസ്രത്തു് ഹംസ (റ) ഒരു വരിയുടെ മുമ്പിലും, ഹസ്രത്തു് ഉമർ (റ) ഒരു വരിയുടെ മുമ്പിലും വാളുകൾ ഉയർത്തിപ്പിടിച്ചു് നിന്നു. അവർ ശഹാദത്തു് ഉച്ചത്തിലും, കൂട്ടമായും

ചൊല്ലിക്കൊണ്ടു് കഅ്ബത്തിലേയ്ക്കു നടന്നു. തിരുമേനിയും സഹാബാക്കളും കഅ്ബം പ്രദക്ഷിണം ചെയ്തു. ഖുറൈശികൾ കണ്ടുനിന്നു. പക്ഷെ, അപ്പോൾ ഒന്നും പ്രവർത്തിക്കുവാൻ അവർ ധൈര്യപ്പെട്ടില്ല. ഇതാണു് മുസ്‌ലിംകളുടെ പ്രഥമജാഥ. ഇത്തരുണത്തിലാണു് ഫാറൂക്ക് (സത്യവും അസത്യവും വേർതിരിച്ച ആൾ) എന്നു് ഉമറിനു നബിതിരുമേനി (സ) പേർ വെച്ചതു്. ഈ രണ്ടു ധീരന്മാരുടെ പരിവർത്തനത്തോടുകൂടി ഇസ്‌ലാമിന്റെ ശക്തിയും, ഖുറൈശികൾക്കു് ഇസ്‌ലാമിനോടുള്ള പകയും വർദ്ധിച്ചുവന്നു.

## ഇസ്‌ലാമിന്റെ സഹിഷ്ണുത

ഹസ്രത്തു് ഹംസ (റ) യെ വധിച്ച വഹ്ശി മക്കാവിജയാവസരത്തിൽ ഇസ്‌ലാംമതം സ്വീകരിച്ചു. എങ്കിലും നബിതിരുമേനി (സ) അദ്ദേഹത്തെ കാണാതിരിക്കുവാൻ ഇഷ്ടപ്പെട്ടു. വഹ്ശി പറയുന്നു: "മക്കാവിജയാവസരത്തിൽ താഇഫിലേയ്ക്കു് അഭയാർത്ഥികളായി പോയവരുടെ കൂട്ടത്തിൽ ഞാനുമുണ്ടായിരുന്നു. താഇഫുകാർ കൂട്ടംകൂട്ടമായി ഇസ്‌ലാംമതം സ്വീകരിച്ചുതുടങ്ങിയപ്പോൾ ഞാനും അതിന്നായി നബി (സ) യുടെ സന്നിധിയിൽ വന്നു. തിരുമേനി (സ) യുടെ സന്നിധിയിൽ ഞാൻ ഭയചകിതനായി നിന്നു 'ശഹാദത്തു്' ചൊല്ലി. തിരുമേനി (സ) ചോദിച്ചു: "നിങ്ങൾ വഹ്ശിയല്ലേ? നിങ്ങൾ ഹംസ (റ) യെ കൊലപ്പെടുത്തിയതെങ്ങനെ?" അപ്പോൾ ഞാൻ ആ സംഭവങ്ങൾ വിവരിച്ചു. നബി (സ) പറഞ്ഞു: "നിങ്ങൾക്കു്

നാശം! നിങ്ങളുടെ മുഖം എനിക്കു കാണിക്കരുത്. എന്റെ പിതൃസഹോദരനെക്കുറിച്ചുള്ള ചിന്ത എന്റെ മനസ്സിനെ വേദനിപ്പിക്കുന്നു." ഞാൻ പിന്നെ സിറിയയിലേയ്ക്കു പോയി. അന്ത്യംവരെയും എനിക്കു സൌഖ്യം ഉണ്ടായിട്ടില്ല. ഉമറുബ്നുഖത്താബി (റ) ന്റെ ഭരണകാലത്ത് ഞാൻ മദ്യനിരോധനക്കുറ്റത്തിന്നു ശിക്ഷിക്കപ്പെട്ടു. അങ്ങനെ ഉയന്ന നിലയിൽനിന്നും തരം താഴ്ത്തപ്പെട്ടു. പക്ഷെ ഞാൻ അന്ത്യംവരെ സഹാബിയായിരുന്നു."

വഹ്ശിക്കു മാപ്പു നല്കുമെന്ന് ആരും കരുതിയിരുന്നില്ല. ഹസ്രത്ത് ഹംസ (റ) യുടെ ഘാതകന്നു മാപ്പു നല്കുക സാധാരണ സംഗതിയല്ല. എന്തെന്നാൽ ഇസ്ലാമിന്റെ ആവിർഭാവത്തിന്നുശേഷം അത്രയും ഘോരമായ ഒരു സംഭവവുമുണ്ടായിട്ടില്ല. പല 'മൂല'കളിൽനിന്നും ചോദിക്കപ്പെട്ടു: "ഒഹ്ശിക്കു മാപ്പോ?" എന്ന്. . അതെ! ഒഹശിക്ക് മാപ്പുചെയ്തു. അപ്രകാരംതന്നെ മുസ്ലിംകളെ കഴിയുംവിധേനയെല്ലാം ദ്രോഹിക്കുകയും, ഹസ്രത്ത് ഹംസ (റ) യുടെ കരൾ ചവച്ചുതുപ്പുകയും (ആ രംഗം ഓക്കുമ്പോൾ ഹൃദയത്തിന്നുള്ളിൽ ഇടി മുഴങ്ങുന്നു) ചെയ്ത ഹിന്ദിന്നും മാപ്പു നല്കി. അതാണ് ഇസ്ലാമിന്റെ സന്ദേശം. മുസ്ലിംകൾ അക്രമികളും, രക്തപ്രവാഹകരും, അസഹിഷ്ണുതരുമാണെന്നു വാദിക്കുന്നവരോട്ട് ഞാൻ പറയുന്നു, ഈ രംഗമൊന്നു നല്ലവണ്ണം മനസ്സിലാക്കുവാൻ. അനന്തരം പറയൂ, സഹിഷ്ണുതയുടെ സങ്കേതമാണ് ഇസ്ലാമെന്ന്.

ഹസ്രത്ത് അബൂബക്കർ സിദ്ദീഖ് (റ) വിന്റെ ഭരണകാലത്ത് സ്വയം പ്രവാചകത്വം വാദിക്കുകയും, മുസ്ലിം

കളുമായി യുദ്ധം ചെയ്യുകയും ചെയ്ത മുസൈലിമത്തുൽകദ്ദാബിനെ 'യമാമത്തു്' യുദ്ധത്തിൽവെച്ച് വഹ്ശി വധിച്ചു. വഹ്ശി പറഞ്ഞിരിക്കുന്നു: "ലോകത്തിലെ ത്യാഗിയും ധീരനുമായ ഒരു വീരപുരുഷനേയും, ദ്രോഹിയായ ഒരു പുരുഷനേയും ഞാൻ ഈ ആയുധംകൊണ്ടു് വധിച്ചു. രണ്ടാമത്തേതു് ആദ്യത്തേതിന്നു പരിഹാരമായിത്തീരാവുന്നതാണു്." നമുക്കു വിഷയത്തിലേയ്ക്കു മടങ്ങാം.

സാബിത്തുബ്നുദഹ്ദാഹ് പറഞ്ഞു: "അൻസാരികളെ! മുഹമ്മദ് കൊല്ലപ്പെട്ടുകയില്ല. അല്ലാഹു സർവ്വശക്തനാണു്. നിങ്ങൾ നിങ്ങളുടെ നിലനില്പിന്നുവേണ്ടി പൊരുതുവിൻ! അല്ലാഹു നിങ്ങളെ സഹായിക്കും." അപ്പോൾ അൻസാരികളിലൊരു വിഭാഗം അദ്ദേഹത്തോടുകൂടി പൊരുതി. അവർ നേരിട്ടതു് ഖാലിദ്ബ്നുവലീദ്, അംറ്ബ്നുൽആസി, ഇക്ക്രിമത്തുബ്നുഅബീജഹൽ, ളിറാറ്ബ്നുഖത്താബ് മുതലായ പ്രമുഖന്മാരുള്ള കൂട്ടത്തോടായിരുന്നു. സാബിത്തു് ഖാലിദിനോടു പൊരുതി ശഹീദായി. അദ്ദേഹത്തോടുകൂടിയുണ്ടായിരുന്ന അൻസാരികളും ശഹീദാവുകയാണുണ്ടായതു്.

മിക്ദാദ്ബ്നുൽഅസ്വദ് (റ) പറയുന്നു: "അല്ലാഹുവാണെ! അസഹാബികൾ ബോധംവിട്ടു് കൂട്ടം തെററി. നബിതിരുമേനി (സ) അരച്ചാൺപോലും ഇളകാതെ ഉറച്ചുനിന്നു." അബൂയഅ്ല്യ് (റ) പറയുന്നു: "നബിതിരുമേനി (സ) യെ കാണാതായി. വധിക്കപ്പെട്ടവരുടെ കൂട്ടത്തിൽ ഞാൻ നോക്കി. അക്കൂട്ടത്തിൽ അവിടുത്തെ കണ്ടെത്തിയില്ല." ഞാൻ പറഞ്ഞു: "നബിതിരുമേനി (സ) കൊല്ല

പ്പെട്ടിട്ടില്ല; ഓടിയിട്ടുമില്ല. പക്ഷെ, നാം ചെയ്ത അപരാധം നിമിത്തം അല്ലാഹു നബിതിരുമേനി (സ) യെ നമ്മിൽ നിന്നും ഉയർത്തിയിരിക്കയാണു്. അല്ലാഹു നമ്മോടു് ക്രോധിച്ചിരിക്കുന്നു. നാം ഇനി ജീവിച്ചിരുന്നിട്ടു് ഗുണമില്ല.'' അദ്ദേഹം വാളിൻെറ ഉറ വലിച്ചെറിഞ്ഞു് സ്വശരീരത്തെ മറന്നു് ശത്രുക്കളിൽ കുതിച്ചുകയറി പൊരുതി മുന്നോട്ടു നീങ്ങിയപ്പോൾ അദ്ദേഹം നബിതിരുമേനി (സ) യെ കണ്ടു. സഅദ്ബ്നുഅബീവക്കാസ് (റ) പറയുന്നു: "ശഹാദത്തു്* അല്ലെങ്കിൽ തിരുമേനി (സ) യെ കണ്ടെത്തൽ! ഇതു രണ്ടിലൊന്നു കൂടാതെ മടങ്ങുകയില്ലെന്നുറച്ചു് ഞാൻ രണമാടുമ്പോൾ തിരുമേനി (സ) യെ കണ്ടു. അപ്പോൾ തിരുമേനി (സ) യുടെ കയ്യിലുണ്ടായിരുന്ന ശരങ്ങൾ ശത്രുക്കളുടെ നേരെ എറിയുന്നതും, അവ ഉദ്ദിഷ്ടസ്ഥാനത്തെത്തി വീണ്ടും തിരുമേനിയുടെ കരങ്ങളിലേയ്ക്കു മടങ്ങുന്നതും ഞാൻ കണ്ടു. എനിക്കു തിരുമേനി (സ) യെ നല്ലവണ്ണം വ്യക്തമായി മനസ്സിലായില്ല. എന്നേക്കാൾ തിരുമേനി (സ) യെ സമീപിച്ചിരുന്ന മിക്ദാദി (റ) നോടു് ഞാൻ അന്വേഷിച്ചപ്പോൾ "അതു് റസൂൽസല്ലല്ലാഹു അലൈഹിവസല്ലമാണെന്നു് പറഞ്ഞു. അപ്പോൾ എനിക്കു യാതൊരു വൈഷമ്യവും നേരിട്ടിട്ടില്ലെന്നു തോന്നി. ഞാൻ നബിയോടടുത്തു. അവിടെ നിന്നു് ശത്രുക്കളുടെ നേരെ ശരം പ്രയോഗിച്ചുകൊണ്ടിരുന്നു. ഞാൻ പറഞ്ഞു: "അല്ലാഹുവേ! ഇതു് നിൻെറ ശരമാണു്. ഇതുകൊണ്ടു് നിൻെറ ശത്രുക്കളെ നീ എതിർക്കണം." നബി (സ) പറഞ്ഞു: "അല്ലാഹുവേ! സഅദിൻെറ അമ്പിനെ നീ ഉപകാരമാക്കു്; അദ്ദേഹത്തിൻെറ പ്രാർത്ഥനയെ

---

* വീരസ്വർഗ്ഗം പ്രാപിക്കൽ.

നീ സ്വീകരിക്ക്." എൻെറ ആവനാഴിയിൽ ശരങ്ങൾ തീൻ. നബിതിരുമേനി (സ) യുടെ ആവനാഴിയിൽനിന്ന് എനിക്ക ശരങ്ങൾ നല്കി. ആയിരം ശരങ്ങൾ ഞാൻ ആ വിധത്തിൽ പ്രയോഗിച്ചു. വിട്ടുന്ന ശരങ്ങൾ ഉദ്ദിഷ്ടസ്ഥാനത്തു ചെന്നശേഷം വീണ്ടും തിരുമേനി (സ) യുടെ തൃക്കരങ്ങളിൽ തിരിച്ചുകിട്ടുകയാലാണു് ഇതു സാധിച്ചതു്." ഇതൊരു അത്ഭുതസംഭവമാണു്.

നബിതിരുമേനി (സ) യോടൊപ്പം അന്നു് ഉറച്ചുനിന്നവർ പതിനാലു പേരാണു്. ഏഴു മുഹാജിറുകളും ഏഴു അൻസാരികളും. അബൂബക്കർ സിദ്ദീഖ് (റ), ഉമറുബ്നു ഖത്താബ് (റ), അബ്ദുറഹിമാനുബ്നുഔഫ് (റ), സഅദ് (റ), തൽഹത്തു് (റ), സുബൈർ (റ), അബൂഉബൈദ് (റ) എന്നിവരാണു് മുഹാജിറുകൾ. ഇമാം അലി (റ) യും ഉറച്ചുനിന്ന പൊരുതിയ ആളാണു്. ചില നിവേദനങ്ങളിൽ അലി (റ) യെ പറഞ്ഞുകാണാത്തതു് കുറെ സമയം പതാകാവാഹകനായിരുന്നതുകൊണ്ടായിരിക്കാം. അബൂദുജാനത്തു് (റ), ഹബ്ബാബ്ബ്നൽമുൻദിർ (റ), ആസിമിബ്നുസാബിത്തു് (റ), ഹറ്സ്ബ്നുസമത്തു് (റ), സഹ്ല്ബ്നുഹനീഫ (റ), സഅദ്ബ്നുമആദ് (റ), ഉസൈദ്ബ്നുഹുസീർ (റ) എന്നിവരാണു് അൻസാരികൾ. ചില നിവേദനങ്ങളിൽ സഅദ്ബ്നുഉബാദത്തി (റ) നേയും, മുഹമ്മദ്ബ്നുമസ്ലമത്തി (റ) നേയും പറഞ്ഞുകാണുന്നു. വേറെ ഒരു നിവേദനത്തിൽ മുപ്പതുപേർ ഉറച്ചുനിന്നുവെന്നാണ് കാണുന്നതു്. ഇവരെല്ലാം "എൻെറ മുഖം തിരുമേനി (സ) യുടെ മുഖത്തിന്നു താഴെയും, എൻെറ ശരീരം

തിരുമേനി (സ) യുടെ ദേഹത്തിന്നു താഴെയും ആണ്" എന്നു പറഞ്ഞിരുന്നു. അവർ തിരുമേനിയെ രക്ഷിക്കുവാനായി എന്തും സഹിക്കുമെന്നു സാരം. മററു ചിലരും തിരുമേനി (സ) യോടൊപ്പം ഉറച്ചുനിന്നു എന്നു ചില നിവേദനങ്ങളിൽ കാണുന്നുണ്ടല്ലൊ? കൂട്ടയുദ്ധം ആകയാൽ ചിലപ്പോൾ തിരുമേനി (സ) യോടൊപ്പം നിന്നു പൊരുതുവാനും അടുത്ത സമയംതന്നെ അവിടെനിന്നു നീങ്ങുവാനും ഇടയായേക്കും. അതിനാലാണ് പലരും പല പ്രകാരത്തിലും റിപ്പോർട്ടു ചെയ്യുന്നതു്. ഇതെല്ലാം ശരിയാണ്താനും. സഹാബികൾ കൂട്ടം തിരിഞ്ഞു്, ശൈത്താൻ അസത്യം വിളിച്ചുപറഞ്ഞു. എല്ലാവരും ബോധംവിട്ടു. പിന്നീട് തിരുമേനിയെപ്പററി അറിഞ്ഞു. അപ്പോൾ ഓരോരുത്തർ വന്നുചേർന്നു. അതിനാൽ പലരും പലപ്പോൾ പലവിധത്തിൽ കണ്ടിരിക്കും. അതിനാലാണ് എണ്ണത്തിൽ ഈ വ്യത്യാസം കാണുന്നതു്.

സഹാബികൾ സ്വബോധം ഇല്ലാതെ അങ്ങോട്ടുമിങ്ങോട്ടും പോകുമ്പോൾ "ഏ...ഇങ്ങോട്ടുവരൂ! ഞാൻ ഇവിടെയുണ്ടു്; ഞാൻ അല്ലാഹുവിൻെറ റസൂലാണ്" എന്നിപ്രകാരം കാണുന്ന സഹാബികളോടെല്ലാം നബി (സ) പറഞ്ഞുകൊണ്ടിരുന്നു. ഭീതിജനകമായ ആ രംഗത്തിൽ ഇതൊന്നും അവർ അറിഞ്ഞില്ല. ശത്രുക്കൾ തങ്ങളെ ആകെ വലയം ചെയ്തു, വെട്ടുകയും, അമ്പെയ്യുകയും, കല്ലെറിയുകയും ചെയ്യുന്നുവെന്നാണ് അവർ ധരിച്ചതു്. നബി തിരുമേനി (സ) സഹാബികളെ സമാശ്വസിപ്പിക്കുകയും, പ്രോത്സാഹിപ്പിക്കുകയും ചെയ്തുകൊണ്ടിരുന്നു.

അബൂതൽഹത്ത് എന്നു വിളിച്ചുവന്നിരുന്ന സൈദുൽ സഹ്ലുൽ അൻസാരി (റ) തിരുമേനി (സ) യോടുകൂടി ഉറച്ചുനിന്നു. അദ്ദേഹം ശരപ്രയോഗത്തിന്ന് അദ്വിതീയനായിരുന്നു. തിരുമേനി (സ) അദ്ദേഹത്തിന്നു ശരങ്ങൾ ചൊരിഞ്ഞുകൊടുക്കുകയും, അദ്ദേഹം അതു പ്രയോഗിച്ചുകൊണ്ടിരിക്കുകയും ചെയ്തു. "എൻെറ ശരീരം അവിടുത്തെ വിശുദ്ധദേഹത്തിന്നു പകരം; എൻെറ മുഖം അവിടുത്തെ പാവനവദനത്തിന്നു പകരം" എന്നിപ്രകാരം അദ്ദേഹം തിരുമേനി (സ) യോടു പറഞ്ഞു. ആവനാഴിയുള്ളവരോട് തിരുമേനി (സ) തൽഹത്തിന്നു ശരം കൊടുക്കുവാൻ പറഞ്ഞുകൊണ്ടിരുന്നു. മൂന്നു വില്ലുകൾ തൽഹത്തിൻെറ ശരപ്രയോഗശക്തിയാൽ മുറിഞ്ഞുപോയി. തൻെറ നേരെ വരുന്ന ശരങ്ങളെ തിരുമേനി (സ) നോക്കിക്കൊണ്ടിരുന്നു. അപ്പോൾ തൽഹത്ത് (റ) തിരുമേനി (സ) യുടെ നേക്കു വരുന്ന ശരങ്ങളെ സ്വന്തം ദേഹംകൊണ്ടു് തടുത്തുകൊണ്ടിരുന്നു. അപ്രകാരം അദ്ദേഹം വളരെ നേരം തിരുമേനിയെ സൂക്ഷിച്ചു. മറെറാരു പ്രസിദ്ധ വില്ലാളിയായ സഹ്ലുബ്നുഹനീഫ (റ) തിരുമേനി (സ) യോടൊപ്പം നിന്നു ശരം പ്രയോഗിച്ചുകൊണ്ടിരുന്നു.

നുസൈബത്ത് (റ) എന്നു് അപരനാമമുള്ള ഉമ്മുഇമാറത്തുൽമാസനിയ്യ (റ) എന്ന മുസ്ലിംവനിത നബിതിരുമേനി (സ) യോടൊപ്പം ഉറച്ചുനില്ക്കുകയുണ്ടായി. ആ മഹിളാരത്നത്തിൻെറ ധീരത ഉഹദിലെ ചരിത്രപ്രാധാന്യമുള്ള വസ്തുതയാണ്. ആ മഹിളാമണി യുദ്ധരംഗങ്ങൾ കാണുവാനായി നടക്കുകയായിരുന്നു. അവരുടെ പക്കൽ ഒരു

പാത്രത്തിൽ ജലവുമുണ്ടായിരുന്നു. അവർ മുറിവേററ മുസ്ലിം ഭടന്മാക്ക വെള്ളം കൊടുത്തുകൊണ്ടു തിരുമേനി (സ) യുടെ സമീപത്തെത്തി തിരുമേനി (സ) യുദ്ധം ചെയ്യുകയായിരുന്നു. തിരുമേനി (സ) യുടെ നേരെ വന്നിരുന്ന ശരങ്ങളും ഖഡ്ഗപ്രയോഗങ്ങളും ആ വനിത തട്ടുത്തുകൊണ്ടിരുന്നു. അവക്കും മുറിവുപററി. അവരുടെ പിരടിക്ക താഴെയാണു മുറിവേററതു്. ഇബ്നുകമിഅ്യാണു മുറിവേല്പിച്ചതു്. ഈ കാഫിർ വിളിച്ചുപറഞ്ഞു: "മുഹമ്മദ് ഈ സൈന്യ സമൂഹത്തിൽ ഉണ്ടെങ്കിൽ പറയുവിൻ! അവൻ ശേഷിച്ചാൽ എനിക്ക രക്ഷയില്ല." അപ്പോഠം പ്രസ്തുത സ്ത്രീയും, മിസ്അബുബ്നുഉമൈറും (റ) അവനോടു നേരിട്ടു. അപ്പോഴാണു അവൻ ആ മഹിളയെ വെട്ടിയതു്. നുസൈബ (റ) അവനെ രണ്ടു വെട്ടുവെട്ടി. പക്ഷെ, ഇരട്ടക്കവചം ധരിച്ചിരുന്ന അവന്നു അതേററില്ല.

മറെറാരു നിവേദനത്തിൽ ഇപ്രകാരം കാണുന്നു: ഉഹദ്യുദ്ധത്തിന്നു നുസൈബത്തു് (റ) എന്ന സ്ത്രീയും, അവരുടെ ഭത്താവു് സൈദ്ബ്നുആസിമും (റ), പുത്രന്മാർ ഹബൈബ് (റ), അബ്ദുല്ല (റ) എന്നിവരും പുറപ്പെട്ടു. നബിതിരുമേനി (സ) അവരോടു് പറഞ്ഞു: "സമരസന്നദ്ധരായ വീട്ടുകാരെ! നിങ്ങഠക്ക് അല്ലാഹു കരുണചെയ്യട്ടെ!" നുസൈബ (റ) പറഞ്ഞു. "സ്വഗ്ഗത്തിൽ ഞങ്ങഠം അവിടുത്തോടുകൂടി കൂടുവാൻ പ്രാത്ഥിക്കണം. അതാണെൻെറ എളിയ അപേക്ഷ." അപ്പോഠം നബി (സ) ഇപ്രകാരം പ്രാത്ഥിച്ചു. "ലോകത്തിൽ ഇനി എന്തൊരാപത്തു സംഭവിച്ചാലും സാരമില്ല; ഞങ്ങഠം ധന്യരാണു്" എന്നു നുസൈബ (റ) വീണ്ടും വികാരപരവശയായി പ്രഖ്യാപിച്ചു. ആ

മഹിളയെ സംബന്ധിച്ച നബി (സ) പറഞ്ഞിരിക്കുന്നു: “ഞാൻ ഇടത്തും വലത്തും നോക്കുമ്പോഴെല്ലാം അവർ എനിക്കുവേണ്ടി യുദ്ധം ചെയ്യുകയായിരുന്നു” അവക്കു പന്ത്രണ്ടു പരിക്കുകളേററു. യമാമത്ത്‌യുദ്ധത്തിലും ഈ വനിതാരത്നം പങ്കെടുത്തിട്ടുണ്ടു്.

യുദ്ധത്തിൽ സഹാബാക്കൾക്കു് ഭയം കൂടുങ്ങിയതിന്നു ശേഷം അല്ലാഹു അവക്കൊരു മാന്ദ്യത്തെ പ്രദാനം ചെയ്തു. ഇങ്ങനെ ഒരു നിദ്ര ബദറിലും ഉണ്ടായിട്ടുണ്ടു്. പക്ഷെ, അതു് യുദ്ധത്തിന്നു മുമ്പാണു്, ഇതു യുദ്ധം നടന്നുകൊണ്ടിരിക്കുമ്പോഴാണു്. ബിശ്റുബ്നൽബറാഅ് (റ) വിൻെറ വാൾ ഉറക്കത്തിൽ വീണുപോയി. അദ്ദേഹം അതറിഞ്ഞില്ല.

നബിതിരുമേനി (സ) യുടെ വളത്തമ്മയായ ഉമ്മു ഐമൻ (റ) ഉഹദിൽ വന്നിരുന്നു. അവർ പരുക്കേററവക്കു വെള്ളം കൊടുത്തുകൊണ്ടിരിക്കുമ്പോൾ ഖബ്ബാബ് ബ്നൽഫറഖദ് വിട്ട ശരം അവക്കുപററി വീണു. വീഴ്ചയിൽ വസ്ത്രം നീങ്ങി, ഗുഹ്യഭാഗം ദൃശ്യമായി. ഇതുകണ്ടു് ഖബ്ബാബ് ആത്തുചിരിച്ചു. ഈ സംഭവം നബി (സ) അറിഞ്ഞപ്പോൾ അസുഖഭാവത്തിൽ മുഖം തിരിച്ചു. എന്നു മാത്രമല്ല, മുനയില്ലാത്ത ഒരു ശരം സഅദിന്നു കൊടുക്കുകയും അതു് വിടാൻ പറയുകയും ചെയ്തു. ഖബ്ബാബിന്നുനേരെ സഅദ് ശരം പ്രയോഗിച്ചതോറു് അവൻ മലൎന്നുവീണു. ഗുഹ്യഭാഗം പുറത്തായി. തിരുമേനി (സ) ഇതു് കണ്ടു. ചെറുതായൊന്നു മന്ദഹസിച്ചു.

അബൂദുജാനത്ത് (റ) നബി (സ) യോടുകൂടിയുണ്ടായിരുന്നു. അദ്ദേഹം നബി (സ) യുടെ നേക്ക് വന്നിരുന്ന ശരങ്ങളെ സ്വദേഹംകൊണ്ട് തടുത്തുകൊണ്ടിരുന്നു. തൽഫലമായി അനവധി ശരങ്ങൾ അദ്ദേഹത്തിന്നേററു. ഇമാറത്തുബ്നുസിയാദ് (റ) നബിതിരുമേനി (സ) യോടുകൂടി നിന്നു പൊരുതി. അദ്ദേഹത്തിന്നു മുറിവേററു. തിരുമേനി (സ) യുടെ സന്നിധിയിൽ കിടത്തി ശുശ്രൂഷിച്ചു. എങ്കിലും അവിടെവെച്ചു് അവർ ശഹീദായി. മിസ്അബ്ബ്നു ഉമൈർ (റ) സമരാങ്കണത്തിൽ പൊരുതിക്കൊണ്ടിരുന്നു. ഇബ്നുഖമിഅയുടെ വെട്ടുപററി അദ്ദേഹവും ശഹീദായി. ഉബയ്യ്ബ്നുഖലഫാണ് വധിച്ചതെന്നും പക്ഷാന്തരമുണ്ട്.

ഉബയ്യ്ബ്നുഖലഫ് നബിതിരുമേനി (സ) യെ എതിർത്തു. സഹാബികൾ അവനെ നേരിട്ടപ്പോൾ ഒഴിച്ചുവിടുവാൻ നബി (സ) കല്പിച്ചതനുസരിച്ചു് അവർ പിന്മാറി. ഉബയ്യ് വീണ്ടും നബി (സ) യോടടുത്തു. അപ്പോൾ നബി (സ) ഹറസ്ബ്നുസ്സമത്തി (റ) [സുബൈറുബ്നൽ അവാം (റ)] നോടു ചവളം വാങ്ങി അവനെ എറിഞ്ഞു. അതവൻെറ പീരടിക്കകൊണ്ടു് ഒരു ചതവു പററി കല്ലച്ചുപോയി. രക്തം പ്രവഹിച്ചില്ല. ഉടൻ അവൻ വിളിച്ചുപറഞ്ഞു: "നിശ്ചയംതന്നെ. മുഹമ്മദ് എന്നെ കൊന്നു." അവൻ പിന്മാറി. അവൻെറ കൂട്ടുകാർ അവനോടു ചോദിച്ചു: "ഉബയ്യേ! നിങ്ങൾക്ക ബുദ്ധിയില്ലേ? ഈ നിസ്സാരമായ പരിക്കകൊണ്ടു മരണപ്പെടുമോ? ഞങ്ങൾ ഞങ്ങളുടെ വാഠിയെല്ലിൽനിന്നു് എത്ര അമ്പുകൾ പറിച്ചെടുത്തു് അതുകൊണ്ടെററിയുന്നു! ഇതു സാരമില്ലല്ലൊ?

ഒരാളുടെ കണ്ണിന്നാണ് ഇതു പററിയിരുന്നതെങ്കിൽ കണ്ണ് കേടുവരികകൂടിയില്ലായിരുന്നു. അത്രയ്ക്കു നിസ്സാരമാണ്. കുറച്ചിലിടല്ലേ?" എങ്കിലും ഉബയ്യ് സഹിക്കുന്ന വേദന അവരെന്തറിഞ്ഞു? അവൻ പറയുകയാണ്: "ലാത്തയേയും ഉസ്സയേയും മുൻനിറുത്തി ഞാൻ പറയുന്നു. ദുൽമജാസ്1 ഉത്സവസ്ഥലത്താണ് മുഹമ്മദിൻെറ ഏറ്റ് പററിയിരുന്നതെങ്കിൽ അവിടെയുള്ളവരെല്ലാം കൊല്ലപ്പെട്ടുമായിരുന്നു. അതല്ല് റബീഅത്ത്2 മുളർ മുതലായവക്കാണ് അതേററിരുന്നതെങ്കിൽ അവരും മരിക്കുമായിരുന്നു. മനുഷ്യരെല്ലാവക്കും കൊണ്ടിരുന്നുവെങ്കിൽ അവർ എല്ലാം കൊല്ലപ്പെട്ടുമായിരുന്നു. 'ഞാൻ നിന്നെ വധിക്കും' എന്നു മുഹമ്മദ് മക്കയിൽ വെച്ച് എന്നോടു പറഞ്ഞിരുന്നു. നിശ്ചയംതന്നെ. എന്നെ കൊല്ലുവാൻവേണ്ടി അവൻ തുപ്പിയാൽ മതി, ഞാൻ മരിക്കും! ആ സ്ഥിതിക്കു ഞാൻ ഈ മുറിവ് ഏററു മരിക്കുന്നതിൽ അത്ഭുതപ്പെടുവാനുണ്ടോ?"

മക്കയിൽവെച്ച് ഉബയ്യ് നബിതിരുമേനി (സ) യോട് "മുഹമ്മദെ! എനിക്കൊരു കുതിരയുണ്ട്. ഞാൻ അതിനെ നല്ലവണ്ണം തീൻകൊടുത്തു വളത്തിവരുന്നു. അതിൻെറ പുറത്തുകയറി ഞാൻ നിന്നെ വധിക്കും" എന്നു പറഞ്ഞിരുന്നു. അതിന്നു മറുപടിയായി "ഇൻശാ അല്ലാ! എന്നാൽ ഞാൻ നിന്നെ കൊല്ലും" എന്നു നബി (സ) യും

---

1 മക്കയിൽ അനവധി ജനങ്ങൾ സമ്മേളിക്കുന്ന ഒരു ഉത്സവസ്ഥലമാണ് ദുൽമജാസ്.

2 റബീഅത്ത് മുതൽപേർ വളരെ പ്രസിദ്ധ ശക്തന്മാരായിരുന്നു.

KOTT-AYAM PUBLIC LIBRARY
KOTTAYAM.

പറയുകയുണ്ടായിട്ടുണ്ട്. അതു് സ്വീകരിക്കപ്പെട്ടു. തിരുമേനി (സ) എറിഞ്ഞതല്ല; കുത്തിയതാണു് എന്നും അഭിപ്രായവ്യത്യാസം ഉണ്ടു്. അവൻ കുതിരപ്പുറത്തുനിന്നു് വീണു. അറുക്കപ്പെടുന്ന കാളപോലെ അവൻ അലറി. ഖുറൈശികൾ മക്കയിലേയ്ക്കു മടങ്ങുമ്പോൾ 'സറഫ്' എന്ന സ്ഥലത്തുവെച്ചു് അവൻ മൃതിയടഞ്ഞു. 'ബത്തൻറാബിഇ'ലാണെന്നും പറയുന്നു. ഇബ്നുഉമർ (റ) പറയുന്നു: "ഞാൻ ബത്തൻറാബിഇൽ നടക്കുമ്പോൾ ഒരു മനുഷ്യനെ തീക്കുണ്ടിൽ ചങ്ങലയിട്ടു വലിക്കുന്നതായിക്കണ്ടു. അവൻ ദാഹംകൊണ്ടു് വലഞ്ഞു പരവശനായി വിലപിക്കുന്നു. ഞാൻ അവനു ജലം നല്കുവാൻ ശ്രമിച്ചപ്പോൾ അവനെ മുട്ടിക്കുന്ന ആൾ പറയുകയാണു്: "ഏ ദൈവദാസൻ! അവൻെറ നേരെ കരുണ കാണിക്കേണ്ട. അല്ലാഹുവിൻെറ പ്രവാചകൻ വധിച്ച ഉബയ്യ്ബ്നുഖലഫാണതു്." ഇപ്രകാരം അബൂജഹലിനെ സംബന്ധിച്ചും ഒരു കഥ വന്നിട്ടുണ്ടു്.

അബൂആമിറുൽഫാസിക്ക് ഉഹദ്‌യുദ്ധക്കളത്തിൽ ഒരു കുഴി കുഴിച്ചു. നബിതിരുമേനി (സ) ആ കുഴിയിൽ വീണു. ഇബ്നുകമിഅയുടെ ഒരു വെട്ടേററു്, തിരുമേനി (സ) ധരിച്ചിരുന്ന ഇരട്ടക്കവചത്തിൻെറ ശക്തിയാലാണു് വീണതെന്നും, അപ്പോഴാണു് ആ ശപിക്കപ്പെട്ടവൻ "മുഹമ്മദ് കൊല്ലപ്പെട്ടു" എന്നു വിളിച്ചുപറഞ്ഞതെന്നും കാണുന്നു. തിരുമേനി (സ) യുടെ കാൽമുട്ടിൽ തോൽ ഉരഞ്ഞു പൊട്ടി. അലി (റ) നബി (സ) യുടെ കൈപിടിച്ചു. തൽഹത്തി (റ) ൻെറ ചുമലിൽ ചവുട്ടി തിരുമേനി (സ)

കുഴിയിൽനിന്നു കയറി. കഅബ്ബ്നമാലിക്ക് (റ) കുഴിയിൽ ഇറങ്ങി തിരുമേനി (സ) യെ സഹായിച്ചു.

സഅദ്ബ്നഅബീഒക്കാസി (റ) ൻെറ സഹോദരൻ ഉത്ത്ബത്ത് തിരുമേനി (സ) യെ കല്ലുകൊണ്ട് എറിഞ്ഞു. ആ ഏറുകൊണ്ട് നബി (സ) യുടെ കീഴ്ഭാഗത്തെ മുൻപല്ലുകളിൽ വലത്തെ പല്ല് പൊട്ടിപ്പോയി. തിരുമേനി (സ) അവന്നു ദോഷമായി പ്രാർത്ഥിച്ചു. അവനെ ഹത്തിബിബ്നഅബീബൽത്തഅത്തുൽഅഹമി (റ) വധിച്ചു. ഈ ഉത്ത്ബത്തിൻെറ സന്താനപരമ്പരയിലുണ്ടായ എല്ലാവരും വായ ദുഷിച്ച വാസനയുള്ളവരും, മുൻപല്ല് പൊട്ടിയവരും ആയിത്തീൎന്നു. അബ്ദുല്ലാഹിബ്നശഹാബു് നബിതിരുമേനി (സ) യുടെ നെററിത്തടത്തിൽ മുറിവേല്പിച്ചു. (ഇദ്ദേഹം പിന്നീടു് ഇസ്‌ലാമായി)

അബ്ദുല്ലാഹിബ്നകമിഅ തിരുമേനി (സ) യുടെ നേരെ അമ്പു വിട്ടു. അതുകൊണ്ടു് പടത്തൊപ്പിയുടെ രണ്ടു കണ്ണികൾ മുറിഞ്ഞു. അമ്പു് നെററിയിൽ തറച്ചു. അബൂഉബൈദത്തു് എന്ന ആമിറുബ്നൽജറാഹ് (റ) അതിനെ കടിച്ചു പറിച്ചെടുത്തു. ഹസ്രത്തു് അബൂബക്കർ (റ) വാണ് പറിച്ചെടുത്തതെന്നും, അതല്ല അകബത്തുബ്നവഹബാ (റ) ണെന്നും ഭിന്നാഭിപ്രായങ്ങളുണ്ടു്. മാലിക്ക്നസനാൻ (റ) തിരുമേനി (സ) യുടെ നെററിത്തടത്തിൽനിന്നു് ഒഴുകുന്ന രക്തം മുത്തിക്കുടിച്ചതായി പറയുന്നു. അദ്ദേഹം ഈ യുദ്ധത്തിൽ ശഹീദായി. ഇബ്നകമിഅ നബി (സ) യുടെ നേരെ ശരം വിടുമ്പോൾ "പിടിച്ചുകൊൾക! ഞാൻ ഇബ്നകമിഅയാണ്" എന്നു പറഞ്ഞു. നബിതിരുമേനി

(സ) "അല്ലാഹ ഒരു ആൺആടിനെ നിൻെറ നേരെ നിയോഗിച്ച് നിന്നെ നിസ്സാരനാക്കട്ടെ!" എന്നു മാത്രം പറഞ്ഞു. അല്ലാഹ അതു സ്വീകരിച്ചു.

യുദ്ധാനന്തരം ഇബ്നകമിഅ സ്വസ്ഥമായി ജീവിക്കുമ്പോറം ഒരു ദിവസം അവൻെറ ആട്ടുകളെ കാണാതായി. അടുത്ത മലയോരത്തിൽ അവൻ തിരഞ്ഞു. കാണാതായപ്പോറം മലമുകളിലേയ്ക്കു കയറി. അവൻ ആട്ടുകളെ കണ്ടെത്തി. അവൻ അവയെ സമീപിച്ചപ്പോറം അതിൽ നിന്ന് ഒരു ആട്ട് അവനെ എതിർത്തു, എന്നു മാത്രമല്ല അവനെ കുത്തി താഴത്തേയ്ക്കുരുട്ടി. കുണ്ടുകളേയും, കുഴികളേയും, കററികളേയും തരണംചെയ്തു അവൻ താഴെ എത്തുന്നതുവരെ ആ ആട്ട് നോക്കിനിന്നു. വിജയിയായ ആ ആട്ട് ഇപ്രകാരം കരുതിയിരിക്കണം: "അല്ലാഹവിൻെറ പ്രവാചകനെ ദ്രോഹിച്ച ദുഷ്ടാ! നീ ഇഞ്ചിഞ്ചായി വേദനിച്ച് യാതനകറം സഹിച്ച് മരിക്കണം! നീ അത്രകണ്ടു ധിക്കാരിയാണ്! നീ ഉരുണ്ടുരുണ്ടു് ഈ കുന്നിന്നു് നിൻെറ ദുഷിച്ച രക്തത്താൽ ചായം തേയ്ക്കു്!" അവൻെറ ദുർവ്വിധി അവിടംകൊണ്ടും അവസാനിച്ചില്ല. ബോധരഹിതനായി കീഴ്ഭാഗമെത്തിയ അവനെ ഒരു മലമ്പാമ്പ് കടിച്ചു കഷ്ണം കഷ്ണമാക്കി നശിപ്പിച്ചുകളഞ്ഞു.

തിരുമേനി (സ) യുടെ മുഖത്തുനിന്നൊഴുകിയ രക്തത്തെ ഭൂമിയിൽ ഇററിക്കാതെ അവിടുന്നു തുടച്ചുകളഞ്ഞു. ലോകക്ക് ആകെ വിപത്തു് നേരിടാതിരിക്കുവാൻ അവിടുന്നു് ആശിച്ചു. ആ പരിപാവനരക്തം ഭൂമിയിൽ വീ

ണാൽ പല ആപത്തുകൾക്കും കാരണമാകും. കഴിഞ്ഞു പോയ സമുദായങ്ങൾ തങ്ങളുടെ നബിമാരെ ആക്രമിച്ചപ്പോൾ അങ്ങനെ ഉണ്ടായിട്ടുണ്ട്. ആ നിഷ്കളങ്കനായ കർമ്മധീരൻ പ്രാർത്ഥിച്ചു: "എന്റെ രക്ഷിതാവെ! അവർ അറിവില്ലാത്തവരാകുന്നു. അവക്ക് നീ പൊറുത്തുകൊടുക്കണമെ! അവക്ക് നീ അറിവും, സംസ്കാരവും ഉണ്ടാക്കികൊടുക്കേണമെ!"

ഉഹദിൽവെച്ച് നബിതിരുമേനി (സ) യുടെ നേക്ക് വന്ന എഴുപതോളം വെട്ടുകളെ അല്ലാഹ് അവന്റെ കാരുണ്യാതിരേകത്താൽ തടുത്തിരിക്കുന്നു. അതിനാൽ ശത്രുക്കളുടെ പ്രധാനമായ ഉദ്ദേശം സഫലമായില്ല. അല്ലാഹ് മനുഷ്യരിൽനിന്ന് നബിതിരുമേനി (സ) യെ കാത്തുരക്ഷിക്കുമെന്ന് ഖുർആൻ പ്രഖ്യാപിക്കുന്നു. ഇവിടെ ഒരു ചോദ്യം ഉത്ഭവിച്ചേക്കാം. പിന്നെ എങ്ങനെ നബി (സ) യ്ക്കു മുറിവുകൾ പററി എന്ന്. പ്രവാചകന്മാർ അങ്ങനെ പല വിധ അപകടരംഗങ്ങളേയും തരണം ചെയ്തിട്ടുണ്ട്. അവരെ വധിക്കുവാനൊ മററൊ അല്ലാഹ് മനുഷ്യർക്ക് സാധിപ്പിച്ചിട്ടില്ല. മുഹ്യിദ്ധീനുബ്നുഅറബി (റ) എഴുതുന്നു: "പ്രവാചകന്മാക്ക് അവരുടെ ദൌത്യനിർവ്വഹണത്തിൽ പല പ്രതിബന്ധങ്ങളും നേരിടും. അവയോരോന്നും അവരവരുടെ നിലയ്ക്കനുസരിച്ചതായിരിക്കും. അവരുടെ ക്ഷമയെ അളക്കുവാനും മററുമാണിതു്..." ഇതിന്നുദാഹരണമായി പ്രവാചകന്മാരുടെ ചരിത്രങ്ങളിൽനിന്ന് അനവധി ഉദ്ധരിക്കുവാൻ കഴിയുമെങ്കിലും ഒന്നുരണ്ടു കഥകൾ ഇവിടെ ചേക്കാം.

## യൂനുസ്സ് നബി (അ) യുടെ കഥ

നീനവായിലെ ബഹുദൈവവിശ്വാസികളെ ഉപദേശിക്കുവാനായി നിയോഗിക്കപ്പെട്ടതായിരുന്നു യൂനുസ്സ് നബി (അ) യെ. ദിജ്ലാനദീതീരത്തിലായിരുന്നു നീനവാ. നബി വളരെ കാലം കഴിയുംവിധമെല്ലാം ഉപദേശിച്ചിട്ടും ആ ജനത വിശ്വസിച്ചില്ല. വെള്ളത്തിൽനിന്നു തീ കത്തിച്ചുകാണിക്കേണമെന്ന് അവർ നബിയോട്ട് ആവശ്യപ്പെട്ടു. അപ്രകാരം ചെയ്തിട്ടും അവർ വിശ്വസിച്ചില്ല. ഒടുവിൽ അവരെ സംബന്ധിച്ചു നബി നിരാശനായിത്തീന്നപ്പോൾ ജ്ബ്രീൽ (അ) നബിയെ ഇപ്രകാരം അറിയിച്ചു: "അല്ലാഹുവിൻെറ ശിക്ഷ സമീപിക്കുന്നു എന്നു് നിങ്ങൾ അവരോടു പറയുക." അപ്രകാരം താക്കീതു ചെയ്തിട്ടും അവർ അല്ലാഹുവിൽ വിശ്വസിക്കുകയുണ്ടായില്ല.

ഈ അവസരത്തിൽ യൂനുസ്സ് നബി (അ) യും പത്നിയും രണ്ടു കുട്ടികളുംകൂടി ഒരു രാത്രി അവിടം വിട്ടുപോയി. അപ്പോൾ ഒരു ചെറിയ പുകയേയും ചൂടുള്ള കാററിനേയും അല്ലാഹു ആ ജനതയിൽ ഇറക്കിവിട്ടു. ഇതു ദശിച്ചപ്പോൾ അല്ലാഹുവിൻെറ കോപം വരുന്നുവെന്നു് അവർ ധരിച്ചു. അവർ അല്ലാഹുവിലും യൂനുസ്സ് നബി (അ) യിലും വിശ്വസിച്ചു് പാപകൃത്യങ്ങളിൽനിന്നു വിരമിച്ചു. ആ ജനത നഗരത്തിൽനിന്നു പുറത്തുപോയി ഇപ്രകാരം പ്രാൎത്ഥിച്ചു: "അല്ലാഹുവേ! ഞങ്ങൾ നിന്നിലും യൂനുസ്സ് നബിയിലും വിശ്വസിക്കുന്നു. ഞങ്ങളുടെ തെററിനെ ക്ഷമിച്ചുതരിക! ഞങ്ങൾക്കു വരുന്ന ശിക്ഷയെ നീ അകററുക!" എന്നു പറഞ്ഞു് അവരെല്ലാം സുജൂദ് ചെയ്തു. അപ്പോൾ അല്ലാഹു

ശിക്ഷയെ പിൻവലിച്ചു. ഇങ്ങനെ അവരെല്ലാം സന്മാർഗ്ഗി കളായി പട്ടണത്തിലേയ്ക്കു പോയി.

യൂനുസ്സ്‌നബി (അ) തൻെറ ജനതയുടെ സ്ഥിതി അറിയുവാനാശിച്ചു. അപ്പോൾ ഇബ്‌ലീസ് ഒരു വൃദ്ധവേഷത്തിൽ അവിടെ വന്നെത്തി. നബി ആ വൃദ്ധനോട് 'നിങ്ങൾ എവിടെനിന്നു വരുന്നു' എന്നു ചോദിച്ചു.

വൃദ്ധൻ: നീനവായിൽനിന്നു വരുന്നു.

നബി: ഇപ്പോൾ അവിടത്തെ ജനതയുടെ നിലയെന്താണ്.

വൃദ്ധൻ: ഞങ്ങൾക്കു ശിക്ഷ വരുമെന്ന് അറിയിച്ചു. എന്നാൽ ഇതുവരെ അതൊന്നും ഉണ്ടായിക്കണ്ടില്ല.

ഇബ്‌ലീസിൻെറ ഈ വ്യാജവാർത്ത നബിയെ കൂടുതൽ ക്ഷോഭിപ്പിച്ചു. 'എന്നെ അവിശ്വസിക്കുന്നവരുടെ അടുക്കൽ ഞാൻ പോകുകയില്ല' എന്നു നബി ഉറപ്പിച്ചു. അനന്തരം നബി ദിജ്‌ലാനദി കടക്കുവാനായി മൂത്ത പുത്രനെ നദിയുടെ അക്കരെയാക്കി ഇളയ മകനെ എടുക്കുവാനായി വന്നു. ചെറിയ കുട്ടിയുമായി നദി കടക്കുമ്പോൾ, നദിയിൽ പെട്ടെന്നു ജലം പൊങ്ങി കുട്ടി കൈവിട്ടുപോയി. ഈ അവസരത്തിൽ മറുകരയിലുണ്ടായിരുന്ന കുട്ടിയെ ഒരു ചെന്നായ പിടികൂടി. നബി നദി കടന്നു ചെന്നായയെ പിൻതുടർന്നു. "യൂനുസ്സേ! നീ പോകുക. കുട്ടിയെ തരികയില്ല!" എന്നു പറഞ്ഞു് ചെന്നായ ഓടിമറഞ്ഞു. നബി അവിടെനിന്ന് ഭാര്യ നിന്നിരുന്നേടത്തു വന്നപ്പോൾ അവിടെ ഭാര്യയേയും കണ്ടില്ല.

ദുഃഖിതനായ നബി നടന്ന് ഒരിടത്തു ചെന്നപ്പോൾ യാത്രയ്ക്കൊരുങ്ങിയ ഒരു കപ്പൽ കാണുകയും, കപ്പലുടമസ്ഥ

ന്റെ അനുവാദത്തോടുകൂടി അതിൽ കയറി യാത്രചെയ്യുക യും ചെയ്തു. കുറെ പോയപ്പോറം കപ്പൽ ഒരു കൊടുങ്കാ ററിൽ പെട്ട് താഴുമെന്നായി. ഈ കപ്പലിൽ പാപിയായ ആരെങ്കിലും ഉണ്ടായിരിക്കുമെന്നു കപ്പൽക്കാർ പറഞ്ഞു. ഈ അവസരത്തിൽ ഒരു വലിയ മത്സ്യം കപ്പലിന്നുനേരെ വായും പിളൎന്നുവരുന്നതായി നബി കണ്ടു. അപ്പോറം നബി കപ്പൽക്കാരോടു പറഞ്ഞു: "ഇതിൽ ഉടമസ്ഥന്റെ അനു വാദമില്ലാതെ പോകുന്ന ഒരടിമയുണ്ട്. അവനെ കടലിൽ തള്ളുകയാണെങ്കിൽ നിങ്ങറം രക്ഷപ്പെടും. ഇതെല്ലാം ഞാൻ കാരണമായുണ്ടാകുന്നതാണ്. എന്നെ കടലിൽ തള്ളി നിങ്ങറംക്കു രക്ഷപ്പെടാം." ഈ വിഷയത്തെപ്പററി ക പ്പൽക്കാർ മൂന്നു പ്രാവശ്യം നറുക്കിട്ടുനോക്കി. മൂന്നു പ്രാവ ശ്യവും നബിയുടെ പേർ വരികയാൽ നബിയെ കടലിൽ തള്ളി. അപ്പോറം ആദ്യം കണ്ട മത്സ്യം നബിയെ വിഴു ങ്ങിക്കളഞ്ഞു. നബി മൂന്നു വിധത്തിലുള്ള ഇരുട്ടിൽ പെട്ടു. രാത്രിയിലെ അന്ധകാരവും, ജലത്തിലെ ഇരുട്ടും, മത്സ്യത്തി ന്റെ ഉദരത്തിലെ ഇരുളും! ഈ മൂന്നുതരം അന്ധകാര ത്തിൽപ്പെട്ട നബി അല്ലാഹുവിനോടു പ്രാൎത്ഥിച്ചു: "അ ല്ലാഹുവേ! നീയല്ലാതെ ഒരാരാദ്ധ്യനുമില്ല. നീ പരിശുദ്ധ നാണ്. നിശ്ചയംതന്നെ, ഞാൻ തെററു ചെയ്തുപോയി." അപ്പോറം അല്ലാഹു ആ മത്സ്യത്തോടു കല്പിച്ചു: "നീ യൂ നുസ്സിനെ സൂക്ഷിക്കുക! യൂനുസ്സ് നിന്റെ ഭക്ഷണമല്ല. നിന്റെ ഉദരം യൂനുസ്സിന്റെ ജയിലാകുന്നു." ഇപ്രകാരം നബി നാല്പതു ദിവസം മത്സ്യത്തിന്റെ ഉദരത്തിൽ കഴിച്ചു കൂട്ടി. പിന്നീട് ആ മത്സ്യം നബിയെ കരയ്ക്കു കൊണ്ടു

വന്നു ഇറക്കിവെച്ചു. അപ്പോൾ നബിയുടെ സ്ഥിതി വിരിഞ്ഞിറങ്ങിയ കോഴിക്കുഞ്ഞിനോടു തുല്യമായിരുന്നു.

അല്ലാഹു നബിയുടെ ആരോഗ്യം വർദ്ധിപ്പിക്കുവാനായി ചുരയ്ക്കാ (ചുരങ്ങ) ചെടിയെ അവിടെ മുളപ്പിച്ചു. നബിക്കു പാൽ കൊടുക്കുവാൻ ഒരു പേടമാനിനേയും നിയോഗിച്ചു ആ മാൻ നാല്പതുദിവസം നബിക്കു പാൽ കൊടുത്തു. ഒരിക്കൽ നബി ഉറക്കം കഴിഞ്ഞു നോക്കിയപ്പോൾ മാനിനെ കണ്ടില്ല. ചുരയ്ക്ക ഉണങ്ങിപ്പോയി. ഇതു സംബന്ധിച്ച് "നീ സൃഷ്ടിക്കാത്ത ഒരു മാനിനെക്കുറിച്ചും, നീ ഉണ്ടാക്കിയതല്ലാത്ത ഒരു ചെടി ഉണങ്ങിയതുകൊണ്ടും നീ ദുഃഖിക്കുന്നുവോ? അബ്രഹാമിന്റെ പരമ്പരയിൽപ്പെട്ട അനവധി ജനങ്ങളുടെ നാശത്തിൽ നീ ദുഃഖിക്കുന്നില്ലയോ?" എന്ന സന്ദേശം നബിയെ കേൾപ്പിച്ചു. ഇത്തരുണത്തിൽ രണ്ടു വസ്ത്രം ഒരു മലക്ക് കൊണ്ടുവന്നു നബിയെ ധരിപ്പിച്ചിട്ട് "നിങ്ങൾ നിങ്ങളുടെ ജനതയുടെ അടുക്കലേയ്ക്കു പോകുക! അവർ നിങ്ങളെ കാണുവാൻ ആഗ്രഹിക്കുന്നു" എന്നു പറഞ്ഞു.

അനന്തരം നബി അവിടെനിന്നും പുറപ്പെട്ട് ഒരു ഗ്രാമത്തിൽ എത്തിയപ്പോൾ, ഒരു ആൾ അടുത്തുനില്ക്കുന്ന സ്ത്രീയെ നീനവായിൽ യൂനസ്സ്‌നബിയുടെ അടുക്കൽ എത്തിക്കുന്നവർക്ക് നൂറു കഴിഞ്ച് സ്വർണ്ണം കൊടുക്കാമെന്നു പറയുന്നതു് കേട്ടു. അടുത്തുചെന്നു നോക്കിയപ്പോൾ സ്ത്രീ തന്റെ ഭാര്യയാണെന്നു നബിക്കു മനസ്സിലായി. ആ മനുഷ്യനോട് ചരിത്രം മുഴുവൻ പറയുവാൻ ആവശ്യപ്പെട്ടപ്പോൾ അയാൾ പറഞ്ഞുതുടങ്ങി: "നദീതീരത്ത് സ്വ

ഭർത്താവിനെ പ്രതീക്ഷിച്ചുകൊണ്ടു നിന്നിരുന്ന ഈ സ്ത്രീയെ അതിലെ കടന്നുപോയ ഒരു രാജാവു് സ്വവസതിയിലേയ്ക്കു കൂട്ടിക്കൊണ്ടുപോയി. രാജാവു് ഈ മഹിളയുടെ സൌന്ദര്യത്തിൽ കുടുങ്ങി. ഈ സ്ത്രീയെ ബലാത്സംഗം ചെയ്യാൻ ഭാവിച്ചപ്പോ൦ അയാളുടെ കൈകാലുകഠ മരവിച്ചുപോയി. മേലാൽ ഇപ്രകാരം നീചകൃത്യങ്ങളിൽ ഏർപ്പെടുകയില്ല എന്നും, വന്നുപോയതിനെ ക്ഷമിക്കേണമെന്നും പറഞ്ഞു് രാജാവു് ഈ സ്ത്രീയെ നീനവായിൽ എത്തിക്കുവാനായി ഈ സ്വർണ്ണത്തോടുകൂടി എന്നെ ഏല്പിച്ചു." ഇതുകേട്ട നബി സ്ത്രീയെ ഞാൻ ഏല്പിച്ചുകൊള്ളാമെന്നു പറഞ്ഞു് സ്വർണ്ണവും വാങ്ങി പത്നിയോടുകൂടി നടന്നു.

നബിയും ഭാര്യയും മറെറാരു ഗ്രാമത്തിലെത്തി. അവിടെ ഒരു മൃഗപ്പുറത്തു സവാരി ചെയ്യുന്ന ഒരു ആളുടെ പിറകിലിരിക്കുന്ന കുട്ടി തൻെറ ഇളയ പുത്രനാണെന്നു നബിക്കു മനസ്സിലായപ്പോ൦ വിളിച്ചിറക്കി ആലിംഗനം ചെയ്തു. സവാരിക്കാരൻ നബിയോടു നിങ്ങളാരാണെന്നു ചോദിച്ചതിന്നു "ഞാൻ മത്തായുടെ മകൻ യൂനുസ്സാണു്; ഇതെൻെറ പുത്രനാണു്" എന്നു നബി പറയുകയും, ഈ കുട്ടിയെ എങ്ങനെ കിട്ടിയെന്നു ചോദിക്കുകയും ചെയ്തു. അയാ൦ പറഞ്ഞു: "ഞാൻ ഒരു മീൻപിടുത്തക്കാരനാണു്. ഒരുദിവസം ദിജ്‌ലാനദിയിൽ വല വീശിയപ്പോ൦ കിട്ടിയതു് ഈ കുട്ടിയെയാണു്. അതോടൊപ്പം "ഈ കുട്ടിയെ നല്ലവണ്ണം നോക്കിവളർത്തി അതിൻെറ പിതാവായ യൂനസ്സ്‌നബിയെ ഏല്പിക്കണം" എന്നൊരു അശരീരിയും കേട്ടു. അപ്രകാരം വളർത്തി ഇപ്പോഴിതാ അങ്ങയെ ഏല്പിച്ചി

രിക്കുന്നു.'' നബിയും മററും അവിടെനിന്നും പുറപ്പെട്ടു നീനവായോടു സമീപിക്കുമ്പോഠം ആടുമേച്ചുകൊണ്ടിരുന്ന ഒരു കുട്ടിയെ കാണുകയും, ആ കുട്ടി ഇങ്ങനെ പറയുന്നതു കേഠക്കുകയും ചെയ്തു. "രക്ഷിതാവെ! എൻെറ പിതാവിനെ എൻെറ അടുക്കൽ എത്തിച്ചുതരേണമേ!'' നബി അതു തൻെറ പുത്രനാണെന്നു തിരിച്ചറിയുകയും, ഓടിച്ചെന്നു വാരിയുമ്മവെയ്ക്കുകയും ചെയ്തു. ഗ്രാമത്തിലെ ഒരാളുടേതാണു് ആടുകളെന്നു കുട്ടി പറഞ്ഞപ്പോഠം എല്ലാവരും അങ്ങോട്ടു പോയി. ബാലൻ പിതാവിനെ ഗൃഹനാഥനു പരിചയപ്പെടുത്തിയപ്പോഠം അദ്ദേഹം എഴുന്നേററു നബിയുടെ കരം ചുംബിച്ചു. കുട്ടിയെ ലഭിച്ച കഥ അയാഠം ഇപ്രകാരം വിവരിച്ചു: "ഞാൻ ആടുമേച്ചുകൊണ്ടിരിക്കുമ്പോഠം ഈ കുട്ടി ഒരു ചെന്നായയുടെ പുറത്തു വരുന്നതുകണ്ടു. എൻെറ സമീപം വന്നപ്പോഠം ആ ചെന്നായ കുട്ടിയെ ഇറക്കി എന്നോടിപ്രകാരം പറഞ്ഞു: "അല്ലയോ ഇടയാ! ഇതു് യൂനുസ്സ്‌നബിയുടെ പുത്രനാണു്. നീ ഇതിനെ വളത്തി അദ്ദേഹം വരുമ്പോഠം ഏല്പിക്കണം.'' അതനുസരിച്ചു ഞാൻ വളത്തി. ഇപ്പോഴിതാ അങ്ങയെ ഏല്പിച്ചിരിക്കുന്നു.''

അനന്തരം നബിയും പത്നിയും, പുത്രന്മാരും നീനവായിൽ പ്രവേശിച്ചു. ഒരു ഇടയനോടു് കുറച്ചു പാൽ ആവശ്യപ്പെട്ടു. "ഞങ്ങളിൽനിന്നു് യൂനുസ്സ്‌നബി പോയശേഷം ഞങ്ങഠം പാൽ കുടിച്ചിട്ടില്ല'' എന്നു് ഇടയൻ പറഞ്ഞു. നബി ഒരാടിനെ കൊണ്ടുവരുവാൻ പറഞ്ഞതനുസരിച്ചു് ഒരാടിനെ കൊണ്ടുവന്നപ്പോഠം നബി ആടിൻെറ മുലയിൽ കൈവെച്ചു. അപ്പോഠം പാൽ ധാരാളം കിട്ടിത്തുടങ്ങി.

ഇതിൽനിന്നു് നബിയെ ആ ഇടയന്ന മനസ്സിലായി. പട്ടണത്തിൽ പോയി തൻെറ ആഗമനം ജനതയെ അറിയിക്കുവാൻവേണ്ടി നബി ഇടയനെ നിയോഗിച്ചു. ഇടയൻ സാക്ഷ്യത്തിന്നു് ആടുകളുമായി പോയി ജനങ്ങളെ അറിയിച്ചു. ആടുകൾക്കു പാലുള്ളതായി കണ്ടപ്പോൾ ജനങ്ങൾ വിശ്വസിച്ചു. ഇതറിഞ്ഞ രാജാവും ജനങ്ങളുംകൂടി നബിയെ സ്വീകരിക്കുവാൻ വന്നു. അവർ പട്ടണത്തിൽ പ്രവേശിച്ചു. രാജാവു് നബിയെ സിംഹാസനത്തിലിരുത്തി ബഹുമാനിച്ചു. നബി തിന്മയെ നിരോധിക്കുകയും, നന്മയെ ഉപദേശിക്കുകയും ചെയ്തു.

## അയ്യൂബ്‌നബി (അ) യുടെ കഥ

അയ്യൂബ്‌നബി (അ) വളരെ ധനികനും, ധാരാളം കന്നുകാലികളും മററുമുള്ള ഒരു ആളുമായിരുന്നു. അയ്യൂബിൻെറ ഭക്തി അസാധാരണവും സുപ്രസിദ്ധവും ആയിരുന്നതിനാൽ ഒരിക്കൽ ഇബ്‌ലീസ് അല്ലാഹുവിനോടു് ഇപ്രകാരം പ്രാൎത്ഥിച്ചു: "ഞാൻ നിൻെറ ഭക്തൻ അയ്യൂബിനെ കഷ്ടപ്പെടുത്തിയാൽ അദ്ദേഹം നിന്നെ വിസ്മരിക്കും." അതിന്നു് അല്ലാഹു "എന്നാൽ നീ അദ്ദേഹത്തെ നിൻെറ കഴിവുപ്രകാരം ഉപദ്രവിച്ചുകൊള്ളുവാൻ അനുവാദം തന്നിരിക്കുന്നു" എന്നു പറഞ്ഞു.

ഇബ്‌ലീസ് ആദ്യമായി നബിയുടെ സ്വത്തുക്കളെല്ലാം നശിപ്പിച്ചു. ഒടുവിൽ ദുഷിച്ച വാതകംകൊണ്ടു് അദ്ദേഹത്തിൻെറ ശരീരത്തിൽ മുഴുവനും വ്രണങ്ങളുണ്ടാക്കി. ഇതിനിടയിൽ അദ്ദേഹത്തിൻെറ സന്താനങ്ങൾ മരിച്ചുതീരുകയും, വീടും,

കന്നുകാലികളും നശിക്കുകയും ചെയ്തു. വ്രണങ്ങൾ ചീഞ്ഞു പൊട്ടി ഒഴുകുകയും, ദുഷിച്ച വാസനയുണ്ടാകുകയും, വ്രണങ്ങളിൽ പുഴുക്കൾ നിറയുകയും ചെയ്തു. എങ്കിലും നബി തൻെറ പ്രാൎത്ഥനകൾ ഉപേക്ഷിക്കുകയോ, ഭക്തിയിൽ കുറവ് വരുത്തുകയോ ചെയ്തില്ല. നബിയുടെ സുശീലയായ ഭാൎയ്യ നബിയെ വേണ്ടുവണ്ണം സഹായിക്കുകയും, കൈകാലുകൾ ഉപയോഗശൂന്യമായ നബിയെ അങ്ങോട്ടുമിങ്ങോട്ടും എടുത്തുവെയ്ക്കുകയും, വേലചെയ്തു ഭക്ഷണങ്ങൾ കൊടുക്കുകയും ചെയ്തുപോന്നു. ഇങ്ങനെയുള്ള അനവധി ദുരവസ്ഥകകളിൽ പെട്ടു എങ്കിലും നബി ഭക്തിയിൽ ലേശവും ഇളവു വരുത്തിയില്ല. എല്ലാം ക്ഷമിച്ച് അല്ലാഹുവിനെ സ്തോത്രം ചെയ്തു.

ഇപ്രകാരം നബി വളരെ കഷ്ടപ്പെട്ടിട്ടും ഒട്ടും പരാതിപ്പെട്ടില്ല. ഒടുവിൽ പരീക്ഷണത്തിൻെറ മൂൎദ്ധന്യഘട്ടം കഴിഞ്ഞപ്പോൾ "അല്ലാഹുവേ! എന്നെ സുഖപ്പെടുത്തേണമെ!" എന്നു പ്രാൎത്ഥിച്ചു. നബി ഭൂമിയിൽ ചവിട്ടുമ്പോൾ വലത്തെ കാലടിയിൽനിന്ന് ചൂടുവെള്ളവും, ഇടത്തെ കാലടിയിൽനിന്ന് പച്ചവെള്ളവും ഉപയോഗിച്ചപ്പോൾ അല്ലാഹു അപ്പോൾ പച്ചവെള്ളവും, ചൂടുവെള്ളവും വൎഷിച്ചു നബിയുടെ സുഖക്കേട് മാററി. മാത്രമല്ല, സന്താനങ്ങൾക്കും കന്നുകാലികൾക്കും ജീവൻ പ്രദാനം ചെയ്തു. നബിയുടെ ക്ഷമയുടെ മുമ്പിൽ ഇബ്‌ലീസ് പാറെറ പരാജയപ്പെട്ടു.

ഇപ്രകാരം നബിമാരിലുണ്ടായ കഥകൾ അനവധി ഉദ്ധരിക്കുവാനുണ്ട്. ഗ്രന്ഥദൈൎഘ്യം ഭയന്ന് അതിന്നു മുതിരുന്നില്ല. ഇനി വിഷയത്തിലേയ്ക്കുതന്നെ കടക്കാം.

നബിതിരുമേനി (സ) വധിക്കപ്പെട്ടു എന്നു് ശൈത്താൻ വിളിച്ചുപറയുകയും, സഹാബികൾ ഭയവിഹ്വലരായി ഓടിത്തുടങ്ങുകയും ചെയ്തശേഷം നബി (സ) യെ ആദ്യമായി കണ്ടെത്തിയതു് കഅബ്ബ്നുമാലിക്കാ (റ) ണു്. അദ്ദേഹം ആവേശപൂർവ്വം ഇപ്രകാരം വിളിച്ചുപറഞ്ഞു: "മുസ്‌ലിംകളെ സന്തോഷിച്ചുകൊൾവിൻ! നിങ്ങൾ ഒട്ടും ഭയപ്പെടേണ്ട. അല്ലാഹുവിൻെറ റസൂൽ (സ) ഇതാ!" ഇബ്‌ലീസിൻെറ വിളികേട്ടു ഞങ്ങൾ ഭയപ്പെട്ടു സ്വബോധമില്ലാതായിക്കഴിഞ്ഞതിന്നുശേഷം സഅദ്ബ്നുമആദ് (റ) സഅദ്ബ്നുഉബാദത്തു് (റ) എന്നിവരുടെ നടുവിലായി ഞങ്ങൾ തിരുമേനി (സ) യെ കണ്ടു എന്നു ചിലർ പറഞ്ഞിരിക്കുന്നു. തിരുമേനി (സ) യുടെ പിൻഭാഗം കണ്ടു് ഞങ്ങൾക്കു മനസ്സിലായി എന്നും ഞങ്ങൾ അതിരററു സന്തോഷിച്ചു എന്നും അവർ തുടന്നു പറഞ്ഞിരിക്കുന്നു.

നബിതിരുമേനി (സ) യും ചില സഹാബാക്കളുംകൂടി മലയുടെ ചെരുവിലേയ്ക്കു ചെന്നപ്പോൾ അവിടെ അബൂബക്കർ (റ), ഉമർ (റ); അലി (റ, തൽഹത്തു് (റ), സുബൈർ (റ), ഹറ്സ് (റ) മുതലായവരെ കണ്ടു. നബിതിരുമേനി (സ) യ്ക്കു വേദനയാൽ അതിയായ ക്ഷീണവും ദാഹവും ബാധിച്ചു. ഹസ്രത്തു് അലി (റ) വെള്ളം കൊണ്ടുവന്നു. അതിൽ കലപ്പുള്ളതായി കാണുകയാൽ അവിടുന്നു് കുടിച്ചില്ല. മുഹമ്മദ്ബ്നുമസ്‌ലമത്തു് (റ) തിരുമേനി (സ) യ്ക്കായി ദൂരെ പോയി ജലം കൊണ്ടുവന്നു. അവിടുന്നു് അതു കുടിച്ചു.

മദീനയിൽനിന്നു് ഉഹദിലേയ്ക്കു മുസ്‌ലിം സ്ത്രീകൾ വന്നു. അതിൽ അവിടുത്തെ പുത്രി ഫാത്തിമ (റ) യുമുണ്ടാ

യിരുന്നു അവർ പിതാവിനെ ആലിംഗനം ചെയ്തു. തിരുമേനി (സ) യുടെ മുറിവുകൾ പ്രിയപുത്രി കഴുകി. ഹ: അലി (റ) ജലം ഒഴിച്ചുകൊടുത്തു. വീണ്ടും രക്തം മുറിവുകളിൽനിന്നു വരുന്നതായി കണ്ടു. അപ്പോൾ ഫാത്തിമ (റ) ഈത്തപ്പനയോലകൊണ്ടു നെയ്ത പായക്കഷ്ണം കത്തിച്ചു വെണ്ണീർ മുറിയിൽ വെച്ചു. അതു വെച്ചപ്പോൾ രക്തപ്രവാഹം നിലച്ചു. തിരുമേനി (സ) യും സഹാബാക്കളും മലഞ്ചെരുവിലായിരുന്നപ്പോൾ ശത്രുക്കളിൽ ഒരു വിഭാഗം മലമുകളിൽ കയറി. അവരിൽ ഖാലിദുമുണ്ട്. നബി (സ) പറഞ്ഞതനുസരിച്ച് ഖാലിദിനേയും കൂട്ടുകാരേയും ഉമർഖത്താബും (റ) മററു ചില സഹാബികളുംകൂടി മലമുകളിൽനിന്നോടിച്ചു.

മറെറാരു നിവേദനം ഇപ്രകാരമാണ്. തിരുമേനി (സ) സഅദ്ബ്നഅബീഒക്കാസി (റ) നോട് അവരെ ഓടിക്കുവാൻ പറഞ്ഞു. അദ്ദേഹം ഒരു ശരം വിട്ടു. അതേററു് ഒരുത്തൻ ചത്തു. അദ്ദേഹം വീണ്ടുമൊരു ശരമെടുത്തു. അപ്പോൾ അതു് ആദ്യം വിട്ട ശരംതന്നെയാണെന്നു മനസ്സിലായി. അതു വീണ്ടും പ്രയോഗിച്ചു. അതുകൊണ്ടു് മറെറാരുത്തനും ചത്തു. ആവനാഴിയിൽനിന്നു് പിന്നെയും അമ്പെടുത്തപ്പോൾ മുമ്പു വിട്ടിരുന്ന അമ്പുതന്നെ ആയിരുന്നു അതു്. അതു വിട്ടപ്പോൾ മറെറാരുവനും മൃതിയടഞ്ഞു. ശത്രുക്കളിൽ ശേഷിച്ചവർ മലയിൽനിന്നു് ഇറങ്ങി. ആ ശരം ഒരു പ്രത്യേക ശരമായിരുന്നു. അദ്ദേഹം അതു് സൂക്ഷിച്ചു. ഞാൻ വിടുന്ന അമ്പുകൾ പ്രകാശമുള്ള വദനത്തോടുകൂടിയ ഒരാൾ എനിക്കു വീണ്ടും തരുന്നതായി ഞാൻ

കണ്ടു എന്നു സഅദ് (റ) പറയുന്നു. അതു് മലക്കായിരിക്കണം. തിരുമേനി (സ) അന്നു് ക്ഷീണാധിക്യത്താൽ ളുഹർ ഇരുന്നു നിസ്കരിച്ചു.

ഹസ്രത്തു് തൽഹത്തി (റ) ന്നു ബോധക്ഷയമുണ്ടായി. അബൂബക്കർസിദ്ദീഖ് (റ) അദ്ദേഹത്തിൻെറ മുഖത്തു് വെള്ളം തളിച്ചു. സ്വബോധം വന്നപ്പോൾ അദ്ദേഹം ആദ്യമന്വേഷിച്ചതു് തിരുമേനി (സ) എന്തുചെയ്യുന്നുവെന്നാണു്. തിരുമേനി (സ) സുഖമായിരിക്കുന്നു എന്നു് സിദ്ദീഖ് (റ) അറിയിച്ചപ്പോൾ അദ്ദേഹം സന്തോഷഭരിതനായി “എന്നാൽ എല്ലാ വിഷമങ്ങളും തൃണമാണു്” എന്നു പറഞ്ഞു. തൽഹത്തു് (റ) വിന്നു് എഴുപതിലധികം മുറിവുകൾ പററിയിരുന്നു. അബ്ദുറഹിമാനുബ്നുഔഫ് (റ) വിന്നു് ഇരുപതു മുറിവുകളും, കഅബ്ബ്നുമാലിക്ക് (റ) വിന്നു് പതിനേഴ മുറിവുകളും പററിയിരുന്നു. അസീറുബ്നുഅബ്ദുൽഅശ്ഹൽ എന്നു പേരായ ഒരാൾ പോക്കളത്തിൽ വെച്ചു് ഇസ്‌ലാം വരിച്ചു പൊരുതി ശഹീദായിരിക്കുന്നു. സ്വർഗ്ഗാവകാശികളിൽ നബിതിരുമേനി (സ) അദ്ദേഹത്തേയും എണ്ണുകയുണ്ടായി. അബൂഹുറൈറ (റ) യുടെ റിപ്പോർട്ടിൽ “ഒരാൾ സ്വർഗ്ഗത്തിൽ കടക്കും; അയാൾ നിസ്കരിച്ചിട്ടില്ല” എന്നു പറഞ്ഞിരിക്കുന്നു. അതു് അസീർ (റ) തന്നെയാണു്.

അബൂആമിറുറാഹിബ്ബ് മകൻ ഹൻളലത്തു് (റ) പിതാവിനെ വധിക്കുവാൻ അനുവാദം ആവശ്യപ്പെട്ടു. പക്ഷെ വിരോധിക്കുകയാണുണ്ടായതു്. ഈ ഹൻളലത്തു് ശഹീദാകുമ്പോൾ ജനാബത്തുകാരനായിരുന്നു. അദ്ദേഹത്തെ ഭൂമി

ക്കമീതെ വെച്ചു മലക്കകഠം കുളിപ്പിക്കുന്നതായി കണ്ടുവെ ന്നു് ഹദീസിൽ വന്നിരിക്കുന്നു. അദ്ദേഹം ആദ്യമായി വി വാഹം ചെയ്തു വധൂഗൃഹത്തിൽ പ്രവേശിച്ചതിൻെറ അടു ത്ത പ്രഭാതത്തിലാണു് സമരകാഹളം കേട്ടു സൈന്യത്തോ ടൊപ്പം പുറപ്പെട്ടതു്. സ്നാനം ചെയ്യുവാൻ സാധിച്ചില്ല. ആ വീരസഹാബിക്കു് ഒരിക്കൽക്കൂടി തൻെറ പത്നിയെ കാണാൻ കഴിഞ്ഞില്ലെങ്കിലും ശാശ്വതമായ കീത്തിക്കും ബഹുമതിക്കും വിധേയനായി. ഇസ്‌ലാമിൻെറ ശ്രേയസ്സി ന്നായി പൊരുതി ശഹീദാകുവാനും സ്വൎഗ്ഗീയസുഖത്തിൽ മുഴുകുവാനും ആണു് അദ്ദേഹത്തിന്നു ഭാഗ്യമുണ്ടായതു്. മല ക്കുകഠം കുളിപ്പിക്കുന്നതായി കാണുകയാൽ യുദ്ധാനന്തരം ന ബി (സ) അദ്ദേഹത്തിൻെറ ഭാൎയ്യ അബ്ദുല്ലാഹിബ്നുഉബ യ്യു് മകഠം ഉമ്മുജമീലത്തിനെ വിളിച്ചു് അന്വേഷിച്ചതിൽ നിന്നാണു് ഈ വസ്തുത വ്യക്തമായതു്. ശഹീദായ മുസ്‌ലിം കളുടെ കൂട്ടത്തിൽനിന്നു് കാഫിറുകഠം വികൃതമാക്കാതിരു ന്നതു് ഹൻളലത്തിൻെറ ശരീരം മാത്രമാണു്. അബൂഅാ മിറുറാഹിബു് ശത്രുപക്ഷത്തുണ്ടായിരുന്നതാണു് അതിന്നു കാരണം.

മുശ്‌രിക്കീങ്ങളിൽനിന്നു് ഒരുത്തൻ അങ്കി ധരിച്ചു കൊണ്ടു് ചാടിയിറങ്ങി ഞാൻ ഉവൈഫിൻെറ മകനാ ണെന്നു മുസ്‌ലിംകളോടു് വിളിച്ചുപറഞ്ഞു. അവനെ റശീ ദുൽ അൻസാരി എന്ന പേർസ്യൻസഹാബി എതിൎത്തു. ഞാൻ പേർസ്യൻ അടിമയാണെന്നു പറഞ്ഞു് അദ്ദേഹം അവനെ വെട്ടി. ആ വെട്ടേററു് അവൻ ചത്തു. തിരു മേനി (സ) ഞാൻ അൻസാരി അടിമയാണെന്നു് അവനോ ടു പറയാതിരുന്നതെന്താണെന്നു ചോദിച്ചു. ഉടൻതന്നെ

അവൻെറ സഹോദരൻ ഇറങ്ങി. അവനും ഞാൻ ഉവൈ ഫിൻെറ മകനാണെന്നു വീരവാദം മുഴക്കി. റശീദുൽഅൻ സാരി (റ) അവനോടും നേരിട്ടു. അദ്ദേഹത്തിൻെറ ഒരു വെട്ട് അവൻെറ പടത്തൊപ്പിയോടുകൂടിയ തലയെ പിള ത്തി. അദ്ദേഹം "ഞാൻ അൻസാരി ഗുലാം ആണെ"ന്നു പറഞ്ഞു. ഇതു കേട്ട് നബിതിരുമേനി (സ) പുഞ്ചിരിച്ചു.

അംറുബ്നുൽജമൂഅ് (റ) കാലിന്നു സ്വാധീനം കുറ ഞ്ഞ ആളായിരുന്നു. അദ്ദേഹം മുസ്ലിംസൈന്യത്തോടൊ പ്പം പോരാടാൻ ഒരുങ്ങി. അദ്ദേഹത്തിൻെറ നാലു ശക്ത രായ പുത്രന്മാർ യുദ്ധത്തിന്നു പോരുന്നുണ്ടായിരുന്നു. അവർ പിതാവിനോടു പോരേണ്ടെന്നും, യുദ്ധത്തിൽനിന്നു ഒഴിവാ കുവാൻ കാരണം ഉണ്ടെന്നും ഉപദേശിച്ചു. അദ്ദേഹം അതു കൈക്കൊണ്ടില്ല. നബിതിരുമേനി (സ) യോടു സങ്കടം പ റഞ്ഞു് അനുവാദവും വാങ്ങി പുറപ്പെട്ടു. എന്നു മാത്രമല്ല, ഈ യുദ്ധത്തിൽനിന്നു് എന്നെ ശേഷിപ്പിക്കരുതെ! രക്ഷി താവെ! എന്നു പ്രാൎത്ഥിക്കുകയും ചെയ്തു. അപ്രകാരംതന്നെ അദ്ദേഹം യുദ്ധത്തിൽ ശഹീദായി! നോക്കണം, അശക്ത ന്മാർപോലും ഇസ്ലാമിന്നായി കൈവരിച്ച ത്യാഗങ്ങൾ!

കൂടാരം സൂക്ഷിക്കുവാൻ നിയോഗിച്ചിരുന്ന ഹസ്രത്തു് യമാനും (റ) ഹസ്രത്തു് സാബിത്തും (റ) വൃദ്ധന്മാരായിരുന്നു. മുസ്ലിംകൾ പല ഭാഗത്തേയ്ക്കു് ഓടുകയും "മുഹമ്മദ് കൊ ല്ലപ്പെട്ടു" എന്നു വിളിക്കപ്പെടുകയും ചെയ്തപ്പോൾ അവർ അന്യോന്യം ആലോചിച്ചു. "ഈ നിലയ്ക്കു് നാം ഇവിടെ ഇരുന്നിട്ടു് യാതൊരു പ്രയോജനവുമില്ല. ഏതായാലും സ മരത്തിൽ പങ്കെടുക്കുകതന്നെ" എന്നു നിശ്ചയിച്ചു് വാളു

മേന്തി രണ്ടുപേരും പോർക്കളത്തിലിറങ്ങി. സാബിത്ത് (റ) അന്ത്യംവരെ ധീരധീരം പൊരുതി മുശ്‌രിക്കീങ്ങളാൽ ശഹീദായി. യമാനിനെ മുസ്‌ലിംകൾ സ്വബോധരഹിതരായ സമയത്ത് സ്വപക്ഷക്കാരനാണെന്നറിയാതെ വധിച്ചു. അബ്ദുല്ല (റ) യുടെ സഹോദരൻ ഉത്ത്ബത്ത്ബ്നമസ്ഊദ് (റ) ആണു് വധിച്ചതെന്നു കാണുന്നു. ഇദ്ദേഹമാണു് ഖുർആനിന്നു മുസ്ഹഫ് എന്നു പേർ വെച്ചതു്. യമാനി (റ) നെ കണ്ടു് അദ്ദേഹത്തിൻെറ പുത്രൻ അബൂഹുദൈഫ (റ) ഓടിയെത്തി തൻെറ പിതാവാണെന്നു മുസ്‌ലിംകളെ തെര്യപ്പെടുത്തി. അവർ ആളറിയാതെ ചെയ്തുപോയതാണെന്നും, ക്ഷമിക്കേണമെന്നും അദ്ദേഹത്തോടു പറഞ്ഞു. അബൂഹുദൈഫത്ത് (റ) അവരോടു് പറഞ്ഞു: "അല്ലാഹു നിങ്ങൾക്കു മാപ്പു നല്കട്ടെ! ഞാൻ അതിൽ ക്ഷമിക്കുന്നു. അല്ലാഹുവിൻെറ നിശ്ചയം അങ്ങനെ ആയിരിക്കാം." ഈ സംഭവം നബിതിരുമേനി (സ) അറിഞ്ഞപ്പോൾ വധിച്ചവരോടു് അബൂഹുദൈഫത്തി (റ) ന്നു് പിഴ കൊടുക്കുവാൻ ആജ്ഞാപിച്ചു! എന്നാൽ അദ്ദേഹം അതു മുസ്‌ലിംകൾക്കു സൌജന്യമായി വിട്ടുകൊടുക്കുകയാണു് ചെയ്തതു്. മാതൃകായോഗ്യമായ സഹനവും ക്ഷമയുമാണു് അബൂഹുദൈഫത്ത് (റ) ആ വിഷയത്തിൽ കൈക്കൊണ്ടതു്.

ഈ യുദ്ധത്തിലും നബിതിരുമേനി (സ) പല "മുഅ്ജിസാത്തുക"—അസാധാരണ സംഭവങ്ങൾ—ളും കാണിച്ചിട്ടുണ്ടു്. കത്താദത്ത്ബ്നുന്നുഅ്മാൻ (റ) എന്ന സഹാബിയുടെ കണ്ണിന്നു ശരമേററു് കണ്ണു് പുറത്തേയ്ക്കു വന്നു. വീണുപോയ കണ്ണു് കയ്യിൽ പിടിച്ചു കൊണ്ടുവന്നു് അദ്ദേഹം

നബിതിരുമേനി (സ) യോട്ട് സങ്കടം പറഞ്ഞു. അവിടുന്നു് അരുളി: "നിങ്ങാം ക്ഷമിക്കുകയാണെങ്കിൽ നിങ്ങാംക്കു് സ്വൎഗ്ഗത്തിൽ പ്രത്യേക പദവി ലഭിക്കും. അതു പോരെങ്കിൽ (കണ്ണു് സുഖമാകേണമെന്നു് ആശിക്കുന്നുവെങ്കിൽ) ശരിയാക്കാം." അദ്ദേഹം പറഞ്ഞു. "സ്വൎഗ്ഗത്തിലെ പദവി അനൎഘവും നിസ്സീമവുമാണു്. പക്ഷെ ഞാൻ സ്ത്രീകളോട്ട്* വളരെ പ്രേമമുള്ള ആളാണു്. അവർ വഷളാക്കുന്നതിനെ ഞാൻ ഭയപ്പെടുന്നു. അതിനാൽ കണ്ണു് സുഖമാവുകയും സ്വൎഗ്ഗീയപദവി ലഭിക്കുകയും വേണം." അപ്പോാം നബി (സ) കണ്ണു് യഥാസ്ഥാനത്തുവെച്ചു് പ്രാൎത്ഥിച്ചു. തൽഫലമായി അദ്ദേഹത്തിന്നു സുഖമായി പൂൎവ്വാധികം കാഴ്ച ലഭിച്ചു.

അബ്ദുല്ലാഹിബ്നുജഹ്ശ്ശു് (റ). വിന്റെ വാാം യുദ്ധത്തിൽ മുറിഞ്ഞുപോയി. അദ്ദേഹം നബിതിരുമേനി (സ) യോട്ട് ആവലാതി പറഞ്ഞു. നബി (സ) ഒരു ഈത്തപ്പനമരക്കഷ്ണം എടുത്തുകൊടുത്തു് അതുകൊണ്ടു വെട്ടിക്കൊള്ളുവാൻ പറഞ്ഞപ്പോാം അതു മിനുസവും, മൂൎച്ചയും ഉള്ള വാളായിത്തീൎന്നു. അദ്ദേഹം ശഹീദാകുന്നതുവരെ ആ വാളുകാംകൊണ്ടു വെട്ടി. ആ വാളിന്നു് "ഉറ്ജൂൻ" എന്നു

* ഈ സഹാബി എല്ലാ സ്ത്രീകളേയും പ്രേമിക്കുന്നുവെന്നു് ധരിച്ചുപോകരുതു്. നിയമപരിധിയിൽ ഒതുങ്ങുന്ന വിധത്തിലായിരിക്കും. ബഹുഭാൎയ്യാത്വത്തെ ഇസ്ലാം അനുവദിക്കുന്നതുകൊണ്ടു് ഇദ്ദേഹം ഒന്നിലധികം ഭാൎയ്യമാരുള്ള ആളോ, അഥവാ പിന്നേയും വിവാഹം ചെയ്യുവാനാഗ്രഹിക്കുന്ന ആളോ ആയതുകൊണ്ടായിരിക്കാം ഇപ്രകാരം പറഞ്ഞതു്.

പേരുവീണു. ഉക്കാശത്തു് (റ) വിന്നു് ഇപ്രകാരം ബദ റിൽനിന്നു കിട്ടിയ വാളിന്നു് "ഔൻ" എന്നാണു് പേർ.

യുദ്ധം ഏതാണ്ടു് അവസാനിച്ചു എന്ന ഘട്ടമായപ്പോഠം മുശ്രിക്കീങ്ങളിൽനിന്നുള്ള സ്ത്രീപുരുഷന്മാർ മുസ്ലിം രക്തസാക്ഷികളുടെ മൃതദേഹങ്ങളെ ഉപദ്രവിക്കുവാൻ തുടങ്ങി. മൃതദേഹങ്ങളെ തിരിച്ചറിയാതിരിക്കുവാനും ബാക്കിയുള്ള ശത്രുക്കഠം കണ്ടു് ഭയപ്പെടുവാനുംവേണ്ടി കാഫിറുകഠം കഴിയുന്നേടത്തെല്ലാം അങ്ങനെ ചെയ്യാറുണ്ടു്. ചെവികഠം, മൂക്കുകഠം, നാവുകഠം, ലിംഗങ്ങഠം മുതലായവ മുറിക്കുക, അംഗവിച്ഛേദം ചെയ്യുക, വയറു് കീറി കുടലുകഠം പുറത്തിടുക, മുതലായവയായിരുന്നു അവരുടെ പരിപാടി. ഉഹദിൽ ശഹീദായ മിക്ക സഹാബികളേയും അവർ ഇപ്രകാരം ചെയ്തു. നബി (സ) യും പ്രധാനപ്പെട്ട സഹാബാക്കളും വധിക്കപ്പെട്ടു എന്ന ധാരണയാണു് ഇതിന്നവരെ കൂടുതൽ പ്രേരിപ്പിച്ചതു്.

ഹംസ (റ) തന്റെ ധീരജീവൻ ഉപേക്ഷിച്ചതിന്റെ ശേഷം വഹ്ശി ചെന്നു് ആയുധംകൊണ്ടു് നെഞ്ചു കീറി കരഠം എടുത്തു. അദ്ദേഹം അതുമായി ഉത്തു്ബത്തിന്റെ മകഠം ഹിന്ദിന്റെ അടുക്കൽ ചെന്നു് പിതാവിന്റെ ഘാതകനായ ഹംസയുടെ കരഠം ഇതാ എന്നു പറഞ്ഞു കൊടുത്തു. ഹിന്ദ് ആവേശത്തോടും ആനന്ദത്തോടുംകൂടി അതു വാങ്ങി. പ്രതികാരഗർവ്വിനാൽ മനുഷ്യത്വം കൈവെടിഞ്ഞ ആ സ്ത്രീയുടെ മുഖത്തു് അപ്പോഠം ഒരു ഭീകരതയും പൈശാചികത്വവും നിഴലിച്ചിരുന്നു. ചാരിതാർത്ഥ്യവും പ്രതി

കാരവും കലന്ന ഹിന്ദിൻെറ പൊട്ടിച്ചിരി അവിടെ മാ റെറാലികൊണ്ടു. മൃഗീയമായ ഒരട്ടഹാസത്തോടെ ഹിന്ദ് ആ വിലമതിക്കാത്ത കരൾ വായിലിട്ടു ചവച്ചു. പക്ഷെ, അതു് ചതയുകയുണ്ടായില്ല. അവസാനത്തെ ശ്രമവും പരാ ജയപ്പെട്ടപ്പോൾ അവളതു് തുപ്പിക്കളയുവാൻ നിർബ്ബന്ധിത യായി. അവൾ ആ കരൾ തിന്നാമെന്നു നേർച്ച ചെയ്തി രുന്നു. അതവൾക്കു സാധിച്ചില്ല. അവൾ വഹ്ശിക്കു് സ്വർണ്ണാഭരണങ്ങളും, പട്ടുവസ്ത്രങ്ങളും പാരിതോഷികമായി അപ്പോൾതന്നെ കൊടുത്തു. മക്കയിലെത്തിയാൽ പത്തു് പൊന്നുകൂടി കൊടുക്കാമെന്നു് അവൾ വാഗ്ദത്തം ചെയ്തു.

ഹിന്ദ് ഒരുമിച്ചു് മററു ഖുറൈശിസ്ത്രീകളും ചേൎന്നു. അവർ രക്തസാക്ഷികളുടെ ചെവികൾ, മൂക്കുകൾ മുതലാ യവ മുറിച്ചു് കോർത്തു മാലയായി കഴുത്തിലണിഞ്ഞു. ഹി ന്ദ്, ഹസ്രത്തു് ഹംസ (റ) യുടെ മൂക്കു്, നാക്കു്, ചെവി, ലിംഗം എന്നിവ മുറിച്ചെടുത്തു് കഴുത്തിലണിഞ്ഞു. യുദ്ധ രംഗത്തിൽനിന്നു പുറപ്പെടുന്നതുവരെ അവൾ അതു ധരി ച്ചിരുന്നു. പ്രതികാരാഗ്നി കത്തിജ്വലിച്ചിരുന്ന ആ സ്ത്രീ യുടെ ഹൃദയത്തിന്നു് ഒരു ശാന്തി ഇതിൽനിന്നു ലഭിച്ചിരി ക്കാം. മദാലസയായ അവൾ ഒരു കല്ലിന്നരികെ ചെന്നു നിന്നു് ആ ധീരാത്മാവിൻെറ ജഡത്തെ നോക്കി ഒരു ക വിത പാടി. ആ കല്ലിൻെറ മറയിലിരുന്നിട്ടായിരിക്കണം ഒഹ്ശി ചവളം എറിഞ്ഞതു്. "എടടാ! പരാക്രമശാലി! ബദറിൽ താങ്കൾ പ്രവൎത്തിച്ചതിൻെറ ഫലമാണിതു്! എ ൻെറ പിതാവിനേയും, സഹോദരനേയും, പിതൃസഹോദര നേയും വധിച്ചതിന്നു് പ്രതികാരം ഞാൻ ചെയ്തുകഴിഞ്ഞു.

എൻെറ അഭിലാഷം നിറവേററിത്തന്ന വഹ്ശിക്ക് ഞാൻ എന്നും കടപ്പെട്ടവളാണ്." എന്നും മററും ആ കവിതയിലടങ്ങിയിട്ടുണ്ട്. തികഞ്ഞ ഒരു കവിയിത്രികൂടിയായിരുന്ന ഈ സ്ത്രീ പ്രതികാരത്തിൻെറ ചുടലയായിത്തീന്നതിൽ അത്ഭുതപ്പെടാതെ ഗത്യന്തരമില്ല.

ധീരരക്തസാക്ഷിയെ! അങ്ങ് ഇസ്‌ലാമിൻെറ ശ്രേയസ്സിന്നായി ആത്മത്യാഗം വരിച്ചവരുടെ മുൻപന്തിയിൽ നില്ക്കുന്നു. അങ്ങ് അല്ലാഹുവിൻെറ വ്യാഘ്രമായിരുന്നു. അങ്ങ് ഇസ്‌ലാമിന്നായി പൊരുതി! ഇസ്‌ലാമിന്നായി ശഹീദായി! അങ്ങയുടെ മൃതദേഹത്തോടു പ്രതികാരം ചെയ്യുവാൻപോലും ശത്രുക്കൾ ഉത്സാഹഭരിതരായി. അങ്ങയുടെ നാമം രക്തസാക്ഷികളുടെ മുൻപന്തിയിലായി ചരിത്രത്തിൽ തങ്കലിപികളാൽ ലിഖിതമായി. ഞങ്ങൾ അങ്ങയെ അതിരററ് ആദരിക്കുന്നു; ബഹുമാനിക്കുന്നു. അങ്ങ് മററു രക്തസാക്ഷികളോടൊപ്പം സ്വർഗ്ഗത്തിൽ ഒരു സമുന്നത പദവി നേടിക്കഴിഞ്ഞു! അതോടൊപ്പം ഇസ്‌ലാമിന്ന് സ്ഥിരപ്രതിഷ്ഠയും!

ഖുറൈശികൾ മക്കയിലേയ്ക്കു മടങ്ങുവാൻ തീച്ചയാക്കി. അബൂസുഫ്‌യാൻ മലമുകളിൽ കയറിനിന്ന് അഹംഭാവത്തോടുകൂടി മുസ്‌ലിംകളോട് വിളിച്ചുപറഞ്ഞു: "ഇത് തികഞ്ഞ ഒരു പ്രതികാരമാണ്. യുദ്ധം ധാരാളം നടന്നു. അപകടത്തിന്നു പകരം അപകടം! ബദറിന്ന് പകരം ഉഹദ്. *ഹുബുലേ! നീ ജയിച്ചുകഴിഞ്ഞു." നബി തിരുമേനി (സ) കല്പിച്ചതനുസരിച്ച് ഉമർബ്നുഖത്താബ്

---

* അവരുടെ ബിംബങ്ങളിലൊന്നു്.

(റ) "അല്ലാഹു ഇച്ഛിച്ചതു് സംഭവിച്ചു" എന്നു വിളിച്ചു പറഞ്ഞു. ഹസ്രത്ത് ഉമർ (റ) ഇപ്രകാരംകൂടി വിളിച്ചു പറഞ്ഞു: "ഞങ്ങളിൽനിന്നു കൊല്ലപ്പെട്ടവർ സ്വർഗ്ഗത്തിലും, നിങ്ങളിൽനിന്നു വധിക്കപ്പെട്ടവർ നരകത്തിലുമാണു്." നബിതിരുമേനി (സ) വീണ്ടും കല്പിച്ചതനുസരിച്ചു് "അല്ലാഹു ഞങ്ങൾക്കു പ്രത്യേകം അനുഗ്രഹം നല്കും; നിങ്ങൾക്കു അതു ലഭിക്കുകയില്ല." എന്നുകൂടി ഉമർ (റ) പറഞ്ഞു.

ഉത്ത്ബത്തിന്റെ പുത്രിയും അബൂസുഫ്‌യാന്റെ പത്നിയുമായ ഹിന്ദ് മക്കാവിജയാവസരത്തിൽ ഇസ്‌ലാം മതം സ്വീകരിച്ചു. അവൾക്കു് മാപ്പു നല്കപ്പെടുകയും, അവർ ഒരുറച്ച വിശ്വാസിനിയായിത്തീരുകയും ചെയ്തു. ഇസ്‌ലാമായതിന്നുശേഷം അവർ ഇസ്‌ലാമിനെ ആത്മാർത്ഥമായി സഹായിച്ചിട്ടുണ്ടു്. അവർ ഇസ്‌ലാമിൽ വന്നശേഷം നബിതിരുമേനി (സ) യോടു് പറഞ്ഞു: "യാറസൂലല്ലാ! ഇതുവരെ ഞാൻ ഇസ്‌ലാമിലെ അന്തർജ്ജനങ്ങളെ നശിപ്പിക്കുവാൻ ആഗ്രഹിച്ചതുപോലെ മററൊന്നും ആശിച്ചിട്ടില്ല. അപ്രകാരംതന്നെ ഇന്നു് മുസ്‌ലിംസ്ത്രീകളെ സുശക്തമാക്കുന്നതിലുപരിയായി ഞാൻ മററൊന്നും ആശിക്കുന്നില്ല." അവർ അപ്രകാരംതന്നെ പ്രവർത്തിച്ചു. മുസ്‌ലിംകൾ പരാജയപ്പെട്ടു പലായനം ചെയ്യുവാൻ ശ്രമിച്ച ചില യുദ്ധങ്ങളിൽ ഈ മഹിളാമണിയുടെ പ്രചോദനം അവരെ വിജയികളാക്കിയിട്ടുണ്ടു്.

അബൂസുഫ്‌യാനും ഇസ്‌ലാം കൈവരിച്ചു. അദ്ദേഹം അനന്തരം താഇഫ്‌യുദ്ധത്തിൽ മുസ്‌ലിംപക്ഷത്തുണ്ടായിരുന്നു. അതിൽവെച്ചു് അദ്ദേഹത്തിന്റെ ഒരു കണ്ണു്

പോയി. അദ്ദേഹം ആ കണ്ണുമായി നബിതിരുമേനി (സ) യുടെ സന്നിധിയിൽ ചെന്നു വിവരം പറഞ്ഞു. തിരുമേനി (സ) പറഞ്ഞു: "കണ്ണ് തിരിച്ചുകിട്ടുന്നതിനേയോ സ്വർഗ്ഗ ത്തിൽ ഉന്നതമായ പദവി ലഭിക്കുന്നതിനേയൊ ഏതിനെ യാണ് നിങ്ങൾ ആശിക്കുന്നത്." അബൂസുഫ്‌യാൻ (റ) സ്വർഗ്ഗീയമേന്മയാണാവശ്യമെന്നു പറഞ്ഞു. കണ്ണ് വലി ച്ചെറിഞ്ഞുകളഞ്ഞു. ഉമർഫാറൂക്കി (റ) ന്റെ ഭരണകാല ത്തു് നടന്ന 'യർമൂക്ക്' യുദ്ധത്തിലും ഇദ്ദേഹം സംബന്ധി ച്ചിരുന്നു. യുദ്ധം ചെയ്യുക എന്നതു് അദ്ദേഹത്തിന്നു വളരെ പ്രിയകരമായിരുന്നു. അബൂസുഫ്‌യാൻ (റ) തന്റെ അ മ്പത്തെട്ടാമത്തെ വയസ്സിൽ ഹിജറ മുപ്പത്തൊന്നിൽ മദീന യിൽവെച്ചു ചരമം പ്രാപിക്കുകയും, ഹ: ഉസ്മാൻ (റ) മയ്യി ത്തു് നമസ്കരിക്കുകയും ചെയ്തു.

അബൂസുഫ്‌യാനും സൈന്യവും പോകുവാൻ തയ്യാ റായശേഷം മുസ്‌ലിംകളോട്ട് മൂന്നു പ്രാവശ്യം അബൂസുഫ് യാൻ വിളിച്ചുചോദിച്ചു: "മുസ്‌ലിംകളെ! നിങ്ങളിൽ മുഹ മ്മദുണ്ടോ?" എന്നു്. ഇതുകേട്ടു നബിതിരുമേനി (സ) സ ഹാബാക്കളോട്ട് മറുപടി പറയേണ്ടെന്നു പറഞ്ഞു. തു ടൎന്നു "നിങ്ങളിൽ അബൂബക്കറിബ്നുഅബീഖുഹാഫയു ണ്ടോ" എന്നു മൂന്നു പ്രാവശ്യം വിളിച്ചുചോദിച്ചു. "ഉമറു ബ്നുഖത്താബുണ്ടോ" എന്നും മൂന്നു പ്രാവശ്യം വിളിച്ചുചോ ദിച്ചു. അനന്തരം അബൂസുഫ്‌യാൻ ചിരിച്ചുകൊണ്ടു് ഖുറൈശികളെ അഭിമുഖീകരിച്ചു പറഞ്ഞു: "പരാക്രമ ശാലികളെ! അവരെല്ലാം നമ്മുടെ വാളുകൾക്കിരയായിത്തീ ൎന്നു. അതല്ലെ മിണ്ടാതിരിക്കുന്നതു്. അതിനാൽ നിങ്ങൾ

രക്ഷപ്പെട്ടിരിക്കുന്നു. അവർ തുലഞ്ഞുകഴിഞ്ഞു.” ഇത്രയും ശ്രവിച്ചപ്പോൾ ഉമർഫാറൂക്ക് (റ) വിന്നു് സഹിക്കുവാൻ സാധിച്ചില്ല. നബിതിരുമേനി (സ) അനുവദിച്ചതനുസരിച്ചു് ഉമർഖത്താബ് (റ) പറഞ്ഞു: “അല്ലാഹുവിൻെറ ശത്രുവേ! നീ അസത്യം പറഞ്ഞു. നീ വിളിച്ചവരെല്ലാം ജീവിച്ചിരിക്കുന്നു. നിങ്ങളെ ദ്രോഹിക്കുന്നവരെല്ലാം ശേഷിച്ചിരിക്കുന്നു.” ഇതുകേട്ട് അബൂസുഫ്‌യാൻ “എന്നാൽ ഇനി നമുക്കു് അടുത്ത വർഷം ബദറിൽവെച്ചു് ഒരു യുദ്ധം നടത്തിക്കളയാം” എന്നു വീരവാദം ചെയ്തു. നബിതിരുമേനി (സ) കല്പിച്ചതനുസരിച്ചു് ഉമർ (റ) “ഇൻശാ അല്ലാ” —അല്ലാഹു അനുഗ്രഹിക്കട്ടെ—എന്നു പറഞ്ഞു. വരുന്ന കൊല്ലം നടക്കുകയാണെങ്കിൽ അവർ ജയിക്കുകയില്ലെന്നു് നബിതിരുമേനി (സ) അനുയായികളോടു പറഞ്ഞു.

അബൂസുഫ്‌യാനും കൂട്ടരും പോക്കളംവിട്ടു പോയി. അവർ പോയശേഷം നബിതിരുമേനി (സ) ഹസ്രത്തു് അലി (റ) യേയും, സഅദ്ബ്നുഅബീഒക്കാസി (റ) നേയും വിളിച്ചു് ഇപ്രകാരം പറഞ്ഞു: “നിങ്ങൾ അവരെ പിന്തുടന്നു് അവർ കുതിരകളെ പിടിച്ചു് ഒട്ടകപ്പുറത്തു കയറിയാണൊ പോകുന്നതു്; അതല്ല കുതിരപ്പുറത്തു കയറി ഒട്ടകങ്ങളെ നടത്തിയാണോ പോകുന്നതു് എന്നു നോക്കുക. അവർ ഒട്ടകപ്പുറത്താണു് പോകുന്നതെങ്കിൽ മക്കയിലേയ്ക്കാണു്. കുതിരപ്പുറത്താണു് പോകുന്നതെങ്കിൽ മദീനയിലേയ്ക്കാണു്. അല്ലാഹുവാണെ! അവർ മദീനത്തേയ്ക്കു പുറപ്പെട്ടാൽ തീർച്ചയായും ഞാൻ അവരെ എതിർത്തു് അവരെ ഒടുക്കും.” അലി (റ) യും സഅദും (റ) അവരെ നോക്കുവാൻ

പോയി. മററു സഹാബാക്കാം വേണ്ടിവന്നാൽ വീണ്ടും യുദ്ധത്തിന്നു സന്നദ്ധരായി. നോക്കുവാൻ പോയവർ തിരിച്ചുവന്നു് അവർ ഒട്ടകപ്പുറത്താണു് യാത്ര ചെയ്യുന്നതെന്നറിയിച്ചപ്പോാം മുസ്ലിംകാംക്കു സമാധാനമായി.

നബിതിരുമേനി (സ) യുദ്ധത്തിൽ ശഹീദായവരെ അന്വേഷിക്കുവാൻ കല്പിച്ചു. സഅദ്ബ്നറബീഅ് (റ) ഏതു കൂട്ടത്തിലാണെന്നു് അന്വേഷിക്കുവാൻ നബി (സ) പറഞ്ഞു. ആയുധങ്ങാം അദ്ദേഹത്തിൻെറ മേൽ വഷിക്കുന്നതു് കണ്ടിരുന്നതുകൊണ്ടാണു് നബിതിരുമേനി (സ) അപ്രകാരം ചോദിച്ചതു്. ഉബയ്യ്ബ്നുകഅബ് (റ) ഞാൻ അറിഞ്ഞുവരാമെന്നു പറഞ്ഞു. തിരുമേനി (സ) സഅദിനെക്കണ്ടാൽ എൻെറ സലാം പറയേണമെന്നു് ഉബയ്യി (റ) നെ ഏല്പിച്ചു. ഉബയ്യി (റ) ൻെറ അന്വേഷണത്തിൽ സഅദി (റ) നെ കണ്ടെത്തി. അദ്ദേഹം മുറിവുകളേററു് അന്ത്യശ്വാസം വലിക്കുകയാണു്. തിരുമേനി (സ) യുടെ സലാം കോംക്കുകയും, പകരം സലാം പറഞ്ഞയയ്ക്കുകയും ചെയ്തു അദ്ദേഹം ആനന്ദാശ്രു പൊഴിച്ചുകൊണ്ടു് ശഹീദായി.

തുടൻ നബിതിരുമേനി (സ) ഹസ്രത്തു് ഹംസ (റ) യെ അന്വേഷിച്ചു. ഒരാാം പറഞ്ഞു: "അദ്ദേഹത്തെ ഞാൻ ഒരു പാറക്കല്ലിന്നു സമീപം കണ്ടു. 'ഞാൻ അല്ലാഹുവിൻേറയും റസൂലിൻേറയും പുലിയാണു്' എന്നു പറഞ്ഞു ഭയങ്കരമായ സമരം നടത്തിയിരുന്നു." നബിതിരുമേനി (സ) അന്വേഷിച്ചുചെന്നു് ഹംസ (റ) യുടെ രക്തപങ്കിലവും വികൃതവുമായ മൃതദേഹം കണ്ടു. ശത്രുക്കാം ആ ധീരകേസരിയെ വിരൂപമാക്കിയിരിക്കുന്നു. നബി (സ) ഒരു നോക്കു

നോക്കി. ആ നോട്ടത്താൽ നബിതിരുമേനി (സ) യ്ക്കുണ്ടായപോലെ വ്യസനം മറെറാരു കാഴ്ചകൊണ്ടും നബി (സ) യ്ക്കുണ്ടായിട്ടില്ല. അവിടുന്ന് അരുളി: "ഇത്ര വ്യസനകരമായ ഒരു രംഗത്ത് ഞാൻ നിന്നിട്ടില്ല. അല്ലാഹു നിങ്ങൾക്ക ഗുണം ചെയ്യട്ടെ! അത്യധികമായ ഗുണം ചെയ്യുവരേ! അല്ലാഹുവാണേ! ഞാൻ അവരിൽനിന്ന് ഇതിന്ന പകരം എഴുപതുപേരെ വിരൂപരാക്കിത്തീർക്കും." സഹാബാക്കൾ ആവേശഭരിതരായി പറഞ്ഞു: "ഞങ്ങൾക്ക് സൌകര്യം ലഭിക്കുമ്പോൾ ഞങ്ങൾ അവരെ വികൃതമാക്കും. എങ്ങനെയെന്നല്ലേ! അറബികളിൽ പണ്ടൊരിക്കലും ഉണ്ടായിട്ടില്ലാത്ത വിധത്തിൽ." ഇതുസംബന്ധമായി അല്ലാഹു കല്പിച്ചു: "നിങ്ങൾ പ്രതികാരം ചെയ്യുവാൻ ഉദ്ദേശിക്കുന്നുവെങ്കിൽ നിങ്ങളിൽ ചെയ്യപ്പെട്ട പ്രകാരം ചെയ്തുകൊള്ളുവിൻ! നിങ്ങൾ ക്ഷമിക്കുകയാണെങ്കിൽ അതാണ് നിങ്ങൾക്ക് ഏററവും ഉത്തമം. അല്ലാഹുവിനെക്കൊണ്ടാണ് നിങ്ങളുടെ ക്ഷമ. അവക്കുവേണ്ടി നിങ്ങൾ വ്യസനിക്കേണ്ട." ഈ ആയത്തുപ്രകാരം നബിതിരുമേനി (സ) ക്ഷമിക്കുകയാണ് ചെയ്തത്. ശത്രുക്കളെ രൂപം മാററുന്നതിനെ വിരോധിച്ചു. പ്രതിജ്ഞയുടെ പകരമായി എഴുപതു പ്രാവശ്യം ഹംസ (റ) വിന്നായി പ്രാർത്ഥിച്ചു. ഇബ്നുമസഊദ് (റ) പറയുന്നു: "നബിതിരുമേനി (സ) ഹംസ (റ) യുടെ സംഗതിയിൽ കരഞ്ഞതുപോലെ മറെറാരു വിഷയത്തിലും കരഞ്ഞതായി ഞങ്ങൾ കണ്ടിട്ടില്ല." തിരുമേനി (സ) ഹംസ (റ) യുടെ മൃതദേഹത്തെ കിബ്‌ലായ്ക്കഭിമുഖമായി കിടത്തി. തിരുമേനി (സ) കരഞ്ഞു. കരഞ്ഞ് ബോധമില്ലാതാകുമെന്ന ഘട്ടത്തിലെത്തി. തിരുമേനി (സ) കരയുന്നതിന്നിടയിൽ

ഹംസ (റ) യുടെ ഗുണഗണങ്ങൾ പറഞ്ഞുകൊണ്ടിരുന്നു. അതു പാടില്ലാത്തതാണു്. പക്ഷെ, ഇതു് ഇസ്ലാമിന്റെ ആദ്യകാലമാണല്ലോ? ഹദീസിൽ ഇപ്രകാരം വന്നിരിക്കുന്നു. "ജിബ്രീൽ എന്നോടു് പറഞ്ഞിരിക്കുന്നു. ഹംസത്ത്ബ്നുഅബ്ദുൽമുത്തലിബ്ബ് (റ) അല്ലാഹുവിന്റെയും റസൂലിന്റെയും വ്യാഘ്രമാണെന്നു് ഏഴാകാശങ്ങളിലും എഴുതപ്പെട്ടിരിക്കുന്നു എന്നു്."

നബിതിരുമേനി (സ) സുബൈറി (റ) നെ വിളിച്ചു അദ്ദേഹത്തിന്റെ മാതാവും, ഹംസ (റ) യുടെ സഹോദരിയുമായ സഫിയ്യബീവി (റ) യ്ക്കു് ഹംസ (റ) യുടെ മൃതദേഹം കാണിക്കരുതെന്നു പറഞ്ഞു. ഈ വിവരം സഫിയ്യബീവി (റ) അറിഞ്ഞു. അവർ സുബൈർ (റ) വിന്റെ നെഞ്ചിൽ തട്ടിക്കൊണ്ടു പറഞ്ഞു: "എന്നെ എന്തിനു തടയുന്നു? ശത്രുക്കൾ എന്റെ സഹോദരനെ അംഗവിച്ഛേദം ചെയ്തതു് ഞാൻ അറിഞ്ഞു. അതു് ഇസ്ലാമിന്റെ പേരിലാണു്. ഞാൻ അതു ക്ഷമിക്കുന്നു. അല്ലാഹു അവർക്കു് ഗുണം ചെയ്യട്ടെ." സുബൈർ (റ) ഈ വിവരം നബിതിരുമേനി (സ) യെ തെര്യപ്പെടുത്തി. ഇത്രയും അറിഞ്ഞുകഴിഞ്ഞിട്ടുണ്ടെങ്കിൽ അവർ കണ്ടുകൊള്ളട്ടെ എന്നു നബി (സ) കല്പിച്ചു. ഹംസ (റ) യുടെ മൃതദേഹത്തെ സുബൈർ (റ) സഫിയ്യബീവി (റ) യ്ക്കു കാണിച്ചു. അവർ നിലവിളിച്ചുപോയി. പക്ഷെ, ഒടുവിൽ അവർ ക്ഷമിച്ചു. അവർ സഹോദരനുവേണ്ടി ദുആ ചെയ്തു.

സഫിയ്യബീവി (റ) യും സ്ത്രീകളും ഇല്ലായിരുന്നുവെങ്കിൽ ഹംസ (റ) യുടെ മൃതദേഹം പക്ഷികളും, മൃഗങ്ങളും

ഭക്ഷിച്ചുകൊള്ളട്ടെ എന്നു കരുതി വിട്ടുകൊടുക്കുമായിരുന്നു എന്നു നബിതിരുമേനി (സ) പറയുകയുണ്ടായി. ശത്രുക്കൾ ആ മൃതദേഹത്തോടു ചെയ്ത നിഷ്ഠൂരമായ അക്രമമാണ്‌ ഇങ്ങനെ പറയുവാൻ തിരുമേനി (സ) യെ പ്രേരിപ്പിച്ചതു്.

അനന്തരം നബിതിരുമേനി (സ) ഹംസ (റ) യുടെ മയ്യിത്തു് നിസ്കരിച്ചു മററുള്ള എല്ലാ ശുഹദാക്കളുടെ ജനാസകളും ഹംസ (റ) യുടെ ജനാസയോടൊപ്പം വെച്ചു് നമസ്കരിച്ചു എന്നു ചിലർ എഴുതിയിരിക്കുന്നു. ഉഹദിൽ സഹാബികൾ കുറവും ശഹീദായവർ അധികവും ആകയാൽ ഒന്നിലധികം ആളുകളെ ഒരു വസ്ത്രത്തിൽ കഫൻ ചെയ്തു് ഒരു ഖബ്‌റിൽ മറചെയ്തിട്ടുണ്ടു്. ഹംസ (റ) യുടെ സഹോദരിയുടെ പുത്രനായ അബ്ദുല്ലാഹിബ്നുജഹ്‌ശിനെ (റ) യും, ഹംസ (റ) യേയും ഒരു ഖബ്‌റിൽ സംസ്കരിച്ചു. മററു പലരേയും അന്യോന്യബന്ധത്തേയും, സ്നേഹത്തേയും കണക്കാക്കി ഒരു ഖബ്‌റിൽ ഒന്നിച്ചു സംസ്കരിച്ചിട്ടുണ്ടു്.

അബ്ദുല്ലാഹിബ്നുഅംറു് (റ) ശഹീദാകുമ്പോൾ മുഖത്തു പററിയിരുന്ന മുറിവിന്മേൽ കൈവെച്ചിരുന്നു. കൈ അവിടെനിന്നു നീക്കിയപ്പോൾ രക്തം പ്രവഹിച്ചുതുടങ്ങി. കൈ യഥാസ്ഥാനത്തുതന്നെ വെച്ചപ്പോൾ രക്തപ്രവാഹം നിന്നു. ഉഹദ്‌യുദ്ധം കഴിഞ്ഞു് നാല്പത്താറു വർഷം (അമ്പതു് എന്നുമുണ്ടു്) കഴിഞ്ഞശേഷം മുആവിയ (റ) യുടെ ഖിലാഫത്തുകാലത്തു് ഉഹദ്‌മലയുടെ കീഴ്‌ഭാഗത്തുകൂടി ഒരു തോടു് കീറുകയുണ്ടായി. അന്നു് അനവധി മൃതദേഹങ്ങൾ കണ്ടെത്തി. അവയെല്ലാം ജീവിച്ചിരിക്കുന്നവരുടെ ദേഹം

പോലെ തോന്നി. ഹംസ (റ) യുടെ കാലിന്നു കലപ്പ തട്ടി പരിക്കേററപ്പോഠം രക്തം ഒഴുകുകയുണ്ടായി. സുഗന്ധം പുറപ്പെട്ടുകൊണ്ടിരുന്നു. അറേബ്യ ഉഷ്ണഭൂമി ആകയാൽ ഒരു ദിവസംകൊണ്ടുതന്നെ മൃതദേഹം വ്യത്യാസപ്പെടാറുണ്ടു്. പക്ഷെ, ഇതു് രക്തസാക്ഷികളല്ലെ? വിശുദ്ധ ഖുർആൻ പറയുന്നു: "അല്ലാഹുവിൻെറ മാർഗ്ഗത്തിൽ കൊല്ലപ്പെട്ടവർ, അവർ മരിച്ചുപോയി എന്നു നിങ്ങഠം പറയരുതു്. അല്ലാഹുവിൻെറ പക്കൽ അവർ ജീവിച്ചിരിക്കുന്നവരാണു്." ഒരു ഹദീസിൽ ഇപ്രകാരം വന്നിരിക്കുന്നു: "ശുഹദാക്കളുടെ റൂഹുകഠം—ജീവൻ—പക്ഷിപോലുള്ളവയുടെ ഉള്ളിലാക്കുകയും, അവകഠം പാറന്നു സ്വർഗ്ഗത്തിലെ പഴങ്ങഠം ഭക്ഷിക്കുകയും, സ്വർഗ്ഗത്തിലെ നദികളിൽ കുളിക്കുകയും, കുടിക്കുകയും ചെയ്തു് അർശിൻെറ തണലിൽ വിശ്രമിക്കുന്നു" (ഇബ്നുമസ്ഊദ)

ബുശൈറുബ്നുഅഫ്റത്തു് (റ) പറയുന്നു: "ഉഹദിൽ എൻെറ പിതാവു് ശഹീദായി. നബിതിരുമേനി (സ) എൻെറ അടുത്തുള്ളപ്പോഠം ഞാൻ കരഞ്ഞു. അവിടുന്നു് പറഞ്ഞു: 'ആയിഷബീവി (റ) നിങ്ങളുടെ മാതാവും, ഞാൻ നിങ്ങളുടെ പിതാവും ആകുന്നതിനെ നിങ്ങഠം ഇഷ്ടപ്പെടുന്നില്ലെ?' അതു കേട്ടു ഞാൻ കരയാതിരുന്നു."

ഉഹദ്‌യുദ്ധത്തിൽ മലക്കുകഠം യുദ്ധം ചെയ്തുവെന്നതിൽ ചരിത്രകാരന്മാർ ഭിന്നാഭിപ്രായക്കാരാണു്. സഅദ്ബ്നുഅബീവക്കാസ് (റ) പറയുന്നു: "നബിതിരുമേനി (സ) യുടെ ഇടത്തും വലത്തും ശുഭവസ്ത്രധാരികളായ രണ്ടുപേർ യുദ്ധം ചെയ്യുന്നതു് ഞാൻ കണ്ടു. ഞാൻ അതിന്നു

മുമ്പും, അതിന്നു ശേഷവും അവരെ കണ്ടിട്ടില്ല.'' അവർ ഹസ്രത്ത് ജിബ്‌രീലും (അ) ഹസ്രത്ത് മീക്കാഇൗലു (അ) മാണ്. ഉഹദിൽ മലക്കുകൾ ജനങ്ങളുമായി യുദ്ധം ചെയ്തില്ല; നബിതിരുമേനി (സ) യെ ആപത്തുകളിൽനിന്ന് സൂക്ഷിച്ചു എന്നാണ് ബൈഹക്കീ (റ) പറയുന്നത്.

നബി (സ) യും സഹാബാക്കളും മദീനയിലേയ്ക്കു പുറപ്പെട്ടു. നബിതിരുമേനി (സ) കുതിരപ്പുറത്തു കയറി. മുസ്‌ലിംകൾ നബി (സ) യുടെ നാലു ഭാഗവുമായി നടന്നു. അവരിലധികംപേർക്കും പരിക്കുകളേററിരുന്നു. മദീനയിൽ നിന്നു വന്ന പതിന്നാലു മുസ്‌ലിംസ്ത്രീകളുമുണ്ടായിരുന്നു. അവർ മുമ്പിലും ശേഷം സൈന്യങ്ങൾ പിന്നിലുമായി നടന്നു.

മദീനയിലേയ്ക്കു മടങ്ങുന്ന സൈന്യങ്ങളിലൊരു ഭടനോട് ഒരു സ്ത്രീ ഇപ്രകാരം ചോദിച്ചു:

"തിരുമേനിക്കു സുഖമല്ലേ?"

സഹാബി: ഭവതിയുടെ പിതാവ് മരിച്ചുപോയി.

സ്ത്രീ: തിരുമേനിക്കു സുഖമാണോ?

സഹാബി: നിങ്ങളുടെ ഭർത്താവ് കൊല്ലപ്പെട്ടു.

സ്ത്രീ: നബിക്കെന്തു സംഭവിച്ചു?

സഹാബി: നിങ്ങളുടെ പുത്രനും കൊല്ലപ്പെട്ടു.

സ്ത്രീ: പറയൂ! തിരുമേനി (സ) എന്തുചെയ്യുന്നു?

സഹാബി: അല്ലാഹുവിൻെറ അനുഗ്രഹത്താൽ തിരുമേനി (സ) യ്ക്കു സുഖംതന്നെ.

പ്രസ്തുത സ്ത്രീക്കു നബി (സ) യെ കാണിച്ചുകൊടുത്തു. വികാരപരവശയായി ആ സ്ത്രീ പറഞ്ഞു: "നബിതിരു

മേനി (സ) യുടെ സുഖമായിക്കണ്ടതിൽ എൻെറ എല്ലാ ദുഃഖങ്ങളും തീൎന്നു. അല്ലാഹു നമ്മെ അനുഗ്രഹിക്കട്ടെ."

മാൎഗ്ഗമദ്ധ്യേ ഹമിനത്തു് എന്ന സ്ത്രീ വന്നു നബി (സ) യെ കണ്ടു. അവരോട് നബിതിരുമേനി (സ) പറഞ്ഞു: "നിങ്ങൾ പ്രാൎത്ഥിക്കുവിൻ!"

ഹമിനത്തു്: ആൎക്കുവേണ്ടി.

നബി: നിങ്ങളുടെ മാതൃസഹോദരൻ ഹംസ (റ) യുടെ വേണ്ടി.

അപ്പോൾ അവർ ദുആ ചെയ്തു. അവിടുന്നു വീണ്ടും പറഞ്ഞു: "നിങ്ങൾ പ്രാൎത്ഥിക്കുവിൻ!"

ഹമിനത്തു്: ആൎക്കുവേണ്ടി?

തിരുമേനി: നിങ്ങളുടെ സഹോദരൻ അബ്ദുല്ലാഹിബ്നു ജഹ്ശിന്നു്.

അവർ അദ്ദേഹത്തിന്നായും ദുആ ചെയ്തു.

തിരുമേനി: നിങ്ങൾ പ്രാൎത്ഥിക്കുവിൻ.

ഹമിനത്തു്: ആൎക്കുവേണ്ടി?

തിരുമേനി: നിങ്ങളുടെ ഭൎത്താവു് മിസ്അബ്ബ്നുഉമൈറിന്നുവേണ്ടി.

അതു കേട്ടപ്പോൾ ആ സ്ത്രീ "എൻെറ വ്യസനമേ!" എന്നു പറഞ്ഞു് അട്ടഹസിച്ചു.

അപ്പോൾ നബിതിരുമേനി (സ) പറഞ്ഞു: "സ്ത്രീക്കു് ഭൎത്താവിനോടുള്ള പ്രേമം അപാരമാണു്. ഭാൎയ്യാഭൎത്താക്കന്മാർ തമ്മിലുള്ള സ്നേഹം മററാരു തമ്മിലും ഉണ്ടാകുകയില്ല."

ഉടൻ തിരുമേനി (സ) "എന്തിന്നു വ്യസനിക്കുന്നു" എന്നു ചോദിച്ചതിന്നു് ആ മഹിളാമണി പറഞ്ഞു: "എന്റെ കുട്ടികൾ അനാഥരായതോർത്തിട്ടാണു്."

ഇതു കേട്ട നബിതിരുമേനി (സ) അവരെ വിവാഹം ചെയ്യുവാൻ തയ്യാറുള്ളവരെ തിരഞ്ഞപ്പോൾ തൽഹത്ത് ബ്നുഉബൈദില്ല (റ) അതു സമ്മതിക്കുകയും അവർക്കു വിവാഹം ചെയ്തുകൊടുക്കുവാൻ തീരുമാനിക്കുകയും ചെയ്തു.

ഇങ്ങനെ മദീനയിലെത്തുന്നതിന്നിടയ്ക്കു പലരും വരികയും അവരവരുടെ ആളുകളെപ്പററി അന്വേഷിക്കുകയും വിലപിക്കുകയും ചെയ്തുകൊണ്ടിരുന്നു. മദീനയിലെത്തിയ ശേഷം പല സ്ത്രീകളും രക്തസാക്ഷികളെച്ചൊല്ലി കേണുകൊണ്ടിരുന്നു. ഈ അവസരത്തിൽ അൻസാരിസ്ത്രീകളോടു് നബിതിരുമേനി (സ) മാറത്തടിച്ചു ശഹീദായവരുടെ പേരുകൾ പറഞ്ഞു വിലപിക്കുന്നതിനെ വിരോധിച്ചു.

ഉഹദിൽ എഴുപതു് മുസ്‌ലിംകൾ ശഹീദാവുകയും, എഴുപതുപേർക്കു് പരിക്കേല്ക്കുകയും ചെയ്തു. മററു പലക്കും ചില്ലറ പരിക്കുകൾ പററീട്ടുണ്ടു്. ശഹീദായവരിൽ മുഹാജിറുകൾ നാലുപേരാണെന്നും, ആറുപേരാണെന്നും അഭിപ്രായവ്യത്യാസമുണ്ടു്.

അമ്പത്തിനാലുപേർ ശത്രുപക്ഷത്തു് കൊല്ലപ്പെട്ടു എന്നു കാണുന്നു. അതല്ല, ഇരുപത്തിമൂന്നു പേരാണെന്നും അഭിപ്രായവ്യത്യാസമുണ്ടു്. അതേതായാലും ശരിയായിരിക്കയില്ല. ഹംസ (റ) തന്നെ മുപ്പത്തിമൂന്നുപേരെ വധിച്ചുവെന്നു പറയുന്നു. ആ സ്ഥിതിക്കു് ഈ എണ്ണം ശരിയല്ല. ശത്രുക്കൾ മരിച്ചവരെ അപ്പപ്പോൾതന്നെ കുഴി

ച്ചിട്ടുകയുണ്ടായിട്ടുണ്ട്. അതിനാൽ ശരിയായ കണക്ക് കിട്ടിയില്ലായിരിക്കാം. അതുമല്ലെങ്കിൽ പ്രധാനപ്പെട്ട ഇരുപത്തിമൂന്നുപേരെ പറഞ്ഞതുമാകാം.

## ഇക്ക്‌രിമത്തിൻെറ വിശ്വാസം

അബൂജഹലിൻെറ പുത്രനാണ് ഇക്ക്‌രിമത്ത്. മററു കാഫിറുകളെപ്പോലെ മുസ്‌ലിംകളെ വളരെ പീഡിപ്പിച്ചിട്ടുണ്ട്. ഉഹദിൽവെച്ചും മുസ്‌ലിംകളെ വളരെ ദ്രോഹിച്ചുവെങ്കിലും മക്കം ഫത്താഹിൽ ഇസ്‌ലാംമതം വിശ്വസിച്ചു.

മുസ്‌ലിംകൾ മക്ക പിടിച്ചടക്കുമെന്നറിഞ്ഞപ്പോൾ അവരുമായി യുദ്ധംചെയ്യാനും മററും സാദ്ധ്യമല്ലെന്നു കരുതി ഇക്ക്‌രിമത്ത് സ്വദേശം വിട്ടുവാൻ തീരുമാനിച്ചു. അപ്രകാരം വിദേശത്തേയ്ക്കു കപ്പൽ കയറി. കപ്പൽ വിട്ട് അധികം താമസിക്കുന്നതിന്നുമുമ്പ് കപ്പൽ കാററിൽ പെട്ടു മുങ്ങുമെന്ന ഘട്ടമായി. സമാധാനം ലഭിക്കുവാനായി കപ്പലിലുള്ളവർ ഇസ്‌ലാംമതം വിശ്വസിച്ചു. എന്നിട്ടും കടൽ ശാന്തമായില്ല. ഇനിയും വിശ്വസിക്കാത്തവരുണ്ടെന്നു കരുതി കപ്പലധികൃതന്മാർ എല്ലാവരേയും സമീപിച്ചു. കൂട്ടത്തിൽ ഇക്ക്‌രിമത്തിനോടു ശഹാദത്തു ചൊല്ലുവാൻ കല്പിച്ചപ്പോൾ അദ്ദേഹം കൂട്ടാക്കിയില്ല. ഒടുവിൽ തക്കമായി. ശഹാദത്ത് ചൊല്ലാത്തപക്ഷം കപ്പലിൽനിന്നിറങ്ങിത്തരേണമെന്നു പറഞ്ഞത് ഇക്ക്‌രിമത്ത് സ്വീകരിച്ചു. അദ്ദേഹത്തെ അടുത്ത കരയിൽ ഇറക്കിവിട്ടു. പക്ഷെ, അതു മക്കയിൽനിന്നു് അധികം അകലെയായിരുന്നില്ല.

അറേബ്യയിലെ ചുട്ടുപഴുത്ത മണൽഭൂമി. ചൂടുപിടിച്ച മണ്ണ്! യാതൊരു തണലുമില്ല. എരിപൊരികൊ

ള്ളുന്ന ആ രംഗത്തിൽ ഇക്ക്‌രിമത്ത് നിന്നുനോക്കി, ഇരുന്നു നോക്കി, കിടന്നുനോക്കി. യാതൊരു സഹിയുമില്ല. അസഹ്യമായ ചൂടുമാത്രം. അദ്ദേഹം ഓടിത്തുടങ്ങി. വളരെ അകലെയായി ഒരു ഈന്തപ്പനമരം കണ്ടു. ഒരുവിധത്തിൽ ഓടി അതിന്റെ തണലിലെത്തി. പക്ഷെ, അവിടേയും സമാധാനമുണ്ടായില്ല. ഈന്തപ്പനവൃക്ഷം* (ചീകക്കകൊയയുള്ള വൃക്ഷം) പറയുകയായി: "എടോ, താൻ അല്ലാഹുവിന്റെയും പ്രവാചകന്റേയും ശത്രുവാണ്. എന്റെ തണലിൽ നില്ക്കരുത്! ഉടൻ മാറുക!" അദ്ദേഹം പല ഒഴികഴിവുകളും പറഞ്ഞുനോക്കിയെങ്കിലും ഫലമുണ്ടായില്ല. വൃക്ഷം വീഴുമെന്ന് ഭീഷണിപ്പെടുത്തി ആടിത്തുടങ്ങി. വൃക്ഷം പറഞ്ഞുകൊടുത്തതനുസരിച്ച് ശഹാദത്ത് ചൊല്ലുകയും, മക്കയിൽ വന്നു നബി (സ) യോടുകൂടെ ചേരുകയും ചെയ്തു.

ഉഹദിൽ മുസ്‌ലിംകളെ കഠിനമായി ദ്രോഹിച്ച ഖാലിദ്ബ്നുവലീദ്, അംറുബ്നുആസ് ഒരുമിച്ചു മദീനയിൽ നബിതിരുമേനി (സ) യുടെ സന്നിധിയിൽ വന്ന് ഇസ്‌ലാം മതം സ്വീകരിച്ചു. ഇസ്‌ലാമിന്റെ ഒരു സുപ്രസിദ്ധ യോദ്ധാവും നബി (സ) യുടെ സ്നേഹപാത്രവും ആയിത്തീർന്നു ഖാലിദ് (റ).

'ഷഹീദ്' എന്ന വാക്കിന്നാണ് രക്തസാക്ഷി എന്നു പരിഭാഷ ചെയ്തിരിക്കുന്നത്. സത്യത്തിന്നു സാക്ഷ്യം വഹിക്കുന്നവൻ ഷഹീദാണ്. സത്യവിശ്വാസത്തിന്നുവേണ്ടി വീരമരണം വരിക്കുന്നവനും ഷഹീദാകുന്നു.

---

* ആലുവായിൽനിന്നു കിഴക്കുവശത്ത് ഈ വൃക്ഷം കാണാം.

"നിങ്ങളോട്ട് യുദ്ധം ചെയ്യുന്നവരുമായി; അല്ലാഹുവിൻെറ മാൎഗ്ഗത്തിൽ നിങ്ങാം യുദ്ധം ചെയ്യുവിൻ! നിങ്ങാം ആക്രമിക്കരുതു്. അല്ലാഹു അക്രമികളെ ഒരിക്കലും സ്നേഹിക്കുകയില്ല." (വി. ഖു: 2_190)

"മൎദ്ദനം ഇല്ലാതാകുന്നവരേയും; എല്ലാ മതങ്ങളും അല്ലാഹുവിന്നുവേണ്ടി മാത്രമാകുന്നതുവരേയും അവരുമായി യുദ്ധം ചെയ്യുവിൻ." (വി. ഖു: 8_39)

"അല്ലയോ പ്രവാചകരെ! മനുഷ്യരിൽ അത്യുത്തമൻ ആരാകുന്നു" എന്നു ചോദിക്കപ്പെട്ടു. അവിടുന്നു് പ്രതിവചിച്ചു: "അല്ലാഹുവിൻെറ മാൎഗ്ഗത്തിൽ തൻെറ ശരീരം കൊണ്ടും തൻെറ സ്വത്തുകൊണ്ടും സമരം ചെയ്യുന്നവൻ." (ഹദീസ്)

അല്ലാഹുവിൻെറ റസൂൽ (സ) പറഞ്ഞു: "വാളിൻെറ സംരക്ഷണയിൻകീഴിലാണു് സ്വൎഗ്ഗം." (ഹദീസ്)

"എൻെറ ജീവൻ ആരുടെ കയ്യിലാണൊ അവനാണെ! വിശ്വാസികളിൽ കുറെ പേർ എൻെറ കൂടെ ഉറച്ചുനില്ക്കുവാൻ സന്തോഷത്തോടെ സന്നദ്ധരായിരുന്നില്ലെങ്കിൽ, അവരെ — ശത്രുക്കളെ — ആക്രമിക്കുവാൻ വിശ്വാസികളെ നിയോഗിക്കുന്നതു് നന്നുവെന്നു തോന്നാതിരുന്നെങ്കിൽ അല്ലാഹുവിൻെറ വഴിയിൽ സമരം ചെയ്യുന്ന സൈന്യത്തിന്റെ പിന്നിൽ ഞാൻ ആവുകയില്ലായിരുന്നു. അല്ലാഹുവാണെ! അവൻെറ മാൎഗ്ഗത്തിൽ ഞാൻ ഷഹീദാവുകയും വീണ്ടും ജീവിപ്പിക്കുകയും, പിന്നേയും ഷഹീദാവുകയും ജീവിപ്പിക്കുകയും, വീണ്ടും ശഹീദാവുകയും ജീവിപ്പിക്കുകയും, വീണ്ടും ശഹീദാവുന്നതു് ഞാൻ ഇഷ്ടപ്പെടുന്നു." (ഹദീസ്)

"നിങ്ങളിൽ രക്തസാക്ഷികളായി നിങ്ങൾ ആരെയാണ് കണക്കാക്കുന്നത്?" എന്നു നബി (സ) ചോദിച്ചു. സഹാബികൾ പറഞ്ഞു: "പ്രവാചകരെ! അല്ലാഹുവിൻെറ മാർഗ്ഗത്തിൽ കൊല്ലപ്പെട്ടവനാരോ അവനത്രെ രക്തസാക്ഷി." അവിടുന്ന് പറഞ്ഞു: "അങ്ങനെയാണെങ്കിൽ എൻെറ സമുദായത്തിൽ രക്തസാക്ഷികൾ കുറവായിരിക്കും. അല്ലാഹുവിൻെറ മാർഗ്ഗത്തിൽ വധിക്കപ്പെട്ടവൻ രക്തസാക്ഷിയാണ്. അല്ലാഹുവിൻെറ വഴിയിൽ സ്വാഭാവികമായി മരിച്ചവൻ രക്തസാക്ഷിയാണ്. അല്ലാഹുവിൻെറ മാർഗ്ഗത്തിൽ പ്ലേഗുമൂലം മരിച്ചവൻ രക്തസാക്ഷിയാണ്. അല്ലാഹുവിൻെറ വഴിയിൽ വിഷൂചികമൂലം മരിച്ചവൻ രക്തസാക്ഷിയാണ്." (ഹദീസ്)

KOTTAYAM PUBLIC LIBRARY

~~JAWAHAR BAL BHAVAN & CHILDREN'S LIBRARY~~

KOTTAYAM.

*Cl. No.* N293 *Acc.No.* 70860

This book should be returned on or before the date last stamped below.

3 MAR 1977

8 FEB 1979

19 JUL 1982

25 DEC 1986

24 AUG 1987

27 SEP 1988

ന297
Abo-Y

70860

അമ്പൂബത്തർ
ഉഷാദ്യുധം

# ഫത്ഹുൽമുഈൻ

## ഇസ്ലാംമത നിയമസംഹിത

ഗ്രന്ഥകർത്താ: ശൈഖ് സൈനുദ്ദീൻ മഖ്ദൂം (റ)


പരിഭാഷ: പി. കെ. കുഞ്ഞുബാവ മുസലിയാർ

ഇസ്ലാമിൻെറ മൌലികസിദ്ധാന്തങ്ങളിൽനിന്നാരംഭിച്ച് നിസ്കാരം, വ്രതം, സക്കാത്ത്, ഹജ്ജ്, വിദ്യാഭ്യാസ[illegible] വ്യാപാരം, വിവാഹം, വിവാഹമോചനം, സാമ്പത്തികനിയമങ്ങൾ, സ്വത്ത് ക്രയവിക്രയങ്ങൾ, സ്ത്രീകളെ ബാധിക്കുന്ന[illegible] [illegible]ത്യം നിബന്ധനകൾ, സാമൂഹ്യാചാരങ്ങൾ, വ്യവഹാ[illegible] മുതലായ നിത്യജീവിതത്തിൽ നമ്മെ ബാധിക്കുന്ന എല്ലാ വിഷയങ്ങളിലും ഇസ്ലാമിൻെറ വിധികൾ വ്യക്തമായി ഒററനോട്ടത്തിൽ ലഭിക്കുന്ന ഈ മഹൽഗ്രന്ഥം ഓരോ മുസ്ലിംവീടിന്നും അലങ്കാരമായിരിക്കും. പഠിച്ചവർക്കും പഠിക്കാത്തവർക്കും സാധാരണക്കാരനും സമ്പന്നനും ഒരു പോലെ സംശയനിവാരണത്തിനും പഠനത്തിനും സമുന്നതനായ ഒരു മഹാപണ്ഡിതൻ സമീപത്തുള്ളതുപോലെ ഉപകരിക്കാവുന്ന "ഫത്ഹുൽമുഈൻ" ഓരോ പ്രതി സൂക്ഷിക്കാൻ പരമാവധി പരിശ്രമിക്കുക.

ക്രൗൺ $\frac{1}{4}$ വലുപ്പത്തിൽ 722 പേജുകളുള്ള ഈ ഗ്രന്ഥം ഉയർന്നതരം കടലാസ്സിൽ "ആമിനാ പ്രിൻറേഴ്സിൽ" ആകർഷകമായി അച്ചടിച്ചു തയ്യാറായിരിക്കുന്നു. കാലിക്കോ ഒന്നാംതരം ബൈൻഡ്. പഞ്ചവർണ്ണമുഖചിത്രം. ഈ പുസ്തകത്തിന് വില 20 രൂപ. (തപാലിൽ റജിസ്റ്റർചെയ്തയക്കാൻ 2_50).

## ആമിനാ ബുക്ക് സ്റ്റാൾ, തൃശ്ശൂർ_1

# ഉഹദ് യുദ്ധം





Indic Digital Archive Foundation
gpura.org